# സത്യദൂതൻ

2014 ഫെബ്രുവരി | ലക്കം 2
വില ₹ 20



## ഭ്രൂണവിജ്ഞാനീയം ഖുർആനിലും ഹദീസിലും

## അന്യഗ്രഹങ്ങളിൽ ജീവികളുണ്ടോ? ഖുർആൻ എന്ത് പറയുന്നു




Ahmadiyya Muslim Mosque, Gambia



Nuurud Din Mosque, Germany




The Sathyadoothan Monthly


لاالہ الااللہ محمد رسول اللہ

# സത്യദൂതൻ

2014 ഫെബ്രുവരി
ഹി.ശ.1394 - തബ്‌ലീഗ്
1435 - റ.ആഖർ
പുസ്തകം 86 ലക്കം 1
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്വ്ബ
**അല്ലാഹുവിനെ മുറുകെ പിടിക്കുക വിജയം നമുക്കുള്ളതാണ്**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

(അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2013 ഡിസംബർ 27,28,29 തീയതികളിൽ ഖാദിയാനിൽ നടന്ന വാർഷിക സമ്മേളനത്തിന്റെ സമാപനം കുറിച്ചുകൊണ്ട് ചെയ്ത പ്രഭാഷണം

**13**
**ഫറോവ: വിശുദ്ധ ഖുർആന്റെ വെളിപ്പെടുത്തൽ**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

ഫറോവ അഥവാ ഫിർഔന്റെ ജീവിതാന്ത്യത്തെ സംബന്ധിച്ച് ബൈബിൾ കഥയിൽ നിന്ന് വ്യത്യസ്തമായി ഖുർആൻ വെളിപ്പെടുത്തുന്ന വസ്തുത കളാണ് ചരിത്രസത്യങ്ങളുമായി യോജിക്കുന്നത്.



**17**
**ഭ്രൂണവിജ്ഞാനീയം ഖുർആനിലും ഹദീസിലും**
കെയ്ത്തിൻ മൂർ

**21**
**എട്ടുപതിറ്റാണ്ടുകൾക്ക് മുമ്പ് നടന്ന ഒരു മതസംവാദം**
സമ്പാ: ഹബീബ്, മാഹി.

കേരള ജംഇയ്യത്തുൽ ഉലമ സ്ഥാപക പണ്ഡിതന്മാരിലൊരാളായ ഇ. കെ മൗലവി എന്നറിയപ്പെടുന്ന മൗലവി ഇ. കെ. കുഞ്ഞഹമ്മദ് കുട്ടി സാഹിബും അഹ്മദിയ്യാ മിഷനറിയായിരുന്ന ഹദ്റത്ത് ബി. അബ്ദുല്ലാ സാഹിബ് എച്ച്. എ. യും തമ്മിൽ 87 വർഷങ്ങൾക്ക് മുമ്പ് എഴുത്തു മുഖേനനടന്നതും 1931 ൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചതുമായ ചരിത്ര പ്രസിദ്ധമായ മതസംവാദം.

**24**
**അന്യഗ്രഹങ്ങളിൽ ജീവികളുണ്ടോ? ഖുർആൻ എന്ത് പറയുന്നു**
എ. എം. മുഹമ്മദ് സലീം

ഏകാന്തതയുടെ അപാര തീരത്തിലൂടെ ഭൂമി തന്റെ ജീവിപരിവാരങ്ങളുമായി പ്രപഞ്ചത്തിൽ ഒറ്റക്ക് കറങ്ങി തിരിയുകയാണോ? മനുഷ്യ സമൂഹത്തിന്റെയും അവന്റെ സഹജീവികളുടെയും സുഖദുഃഖങ്ങളും ചിന്തകളും അനുഭൂതികളും പങ്കിടാൻ അന്യഗ്രഹ ജീവികളോ മറ്റു ഭൗമേതര നാഗരികതകളോ നമ്മുടെ പ്രപഞ്ചത്തിലുണ്ടോ? ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആനും ശാസ്ത്രവും എന്തു പറയുന്നു.

**29**
**വിവാഹ മോചനം: നിയമവും ചരിത്രവും**
ഡോ. കൗസർ എടപ്പകത്ത്

**38**
**മാലി യാത്രക്കൊരാമുഖം**
എ.ക്യു മഹ്ദി

**37**
**ആത്മീയതയുടെ അനർഘ ദിനങ്ങൾ**
മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ജന്മഗേഹമായ ഖാദിയാനിൽ ജമാഅത്തിന്റെ 122-ാമത് വാർഷിക സമ്മേളനത്തിന്റെ റിപ്പോർട്ട്

**39**
**വൈകിക്കുന്നതിലെ അനീതി**
മുസാഫിർ

**43**
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250


Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



ഓരോ മനുഷ്യനും താൻ ചെയ്ത നന്മയും തിന്മയും മുഖാമുഖം കാണുന്ന ദിവസത്തെക്കുറിച്ച് ( ഭയപ്പെടുക) അവനും ആ തിന്മക്കും ഇടയിൽ ദീർഘദൂരം ഉണ്ടായിരുന്നെങ്കിൽ എന്ന് അവൻ ആഗ്രഹിക്കും. അല്ലാഹു തന്നെ കുറിച്ച് നിങ്ങളെ ജാഗ്രതപ്പെടുത്തുന്നു. അല്ലാഹു തന്റെ ദാസൻമാരോട് വളരെ കാരുണ്യമുള്ളവനാണ്. **(3:31)**

## നബിവചനം



തനിക്ക് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന് വേണ്ടി ഇഷ്ടപ്പെടുന്നത് വരെ നിങ്ങളിലൊരാളും വിശ്വാസിയാവുകയില്ല. **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം



ഞാൻ സത്യമായും പറയുന്നു, ദുർഭാവന വളരെ ചീത്തയായ ഒരു വിപത്താകുന്നു. അത് മനുഷ്യന്റെ സത്യവിശ്വാസത്തെ നശിപ്പിച്ചു കളയുകയും സത്യമാർഗത്തിൽ നിന്ന് അവനെ ദുരത്തെറിയുകയും സ്നേഹിതന്മാരെ ശത്രുക്കളായി മാറ്റുകയും ചെയ്യുന്നു. ദുർഭാവനകളിൽ നിന്ന് മനുഷ്യൻ രക്ഷപ്പെടേണ്ടത് സിദ്ധീക്കുമാരുടെ പരിപൂർണത കൈവരിക്കുന്നതിന് അനുപേക്ഷണീയമാണ്. ആരെക്കുറിച്ചെങ്കിലും ദുർഭാവനയുണ്ടായിതുടങ്ങിയാൽ അധികമധികം പശ്ചാത്തപിച്ചു. പാപപ്പൊറുതിക്കായി തേടുകയും ഈ പാപത്തിൽ നിന്നും പ്രസ്തുത ദുർഭാവനയെ തുടർന്നുണ്ടാവുന്ന ദോഷഫലങ്ങളിൽനിന്നും രക്ഷപ്പെടുന്നതിന് വേണ്ടി പ്രാർഥിക്കുകയും ചെയ്യേണ്ടതാണ്. അതിനെ ഒരിക്കലും നിസ്സാര കാര്യമായി ഗണിക്കരുത് . അത് അത്യന്തം വിപൽക്കരമായ ഒരു രോഗമാകുന്നു. അതിനിരയാകുന്നവൻ വളരെ വേഗത്തിൽ നാശമടയുകയും ചെയ്യും **(മൽഫൂസാത്ത്)**

എഡിറ്റോറിയൽ

# നീതിബോധം

 മനുഷ്യന് നീതിബോധം ലഭ്യമായത്  മതസംഹിതകളിൽനിന്നോ നിയമ സംഹിതകളിൽ നിന്നോ മനുഷ്യ ബാഹ്യമായ യാതൊരു സ്രോതസ്സിൽനിന്നോ അല്ല. മനുഷ്യാസ്തിത്വത്തോടൊപ്പം അവന്റെ സൃഷ്ടിപ്പിൽ ദൈവം നിക്ഷേപിച്ച ഒരു സവിശേഷ ഗുണം ഒന്നുകൊണ്ടു മാത്രമാണ് മനുഷ്യനിൽ സ്വാഭാവിക നീതി ബോധം ഉടലെടുക്കുന്നത്. ശരിയും തെറ്റും നീതിയും ധർമവും എന്താണെന്ന് മനുഷ്യൻ തിരിച്ചറിയുന്നതും അത് കൊണ്ടാണ്. ജാതിമതങ്ങൾക്കും പ്രത്യയ ശാസ്ത്രങ്ങൾക്കും  അതീതമായി  മനുഷ്യരായ എല്ലാവർക്കും ഈ ഗുണം ദൈവം നൽകിയിരിക്കുന്നു. ദൈവനിഷേധിക്ക് പോലും നീതി ബോധമുണ്ടല്ലോ. ചിലപ്പോൾ നാമമാത്ര മത വിശ്വാസിയേക്കാൾ നീതി ബോധം പ്രദർശിപ്പിക്കുന്നതും അവരായിരിക്കും. മതകീയവും മതേതരവുമായ എല്ലാ മാനവീയ സ്ഥാപനങ്ങളും  ദർശനങ്ങളും നീതി സങ്കൽപ്പം അടിസ്ഥാനമാക്കി പ്രവർത്തിക്കാൻ കഴിയുന്നത് അത്കൊണ്ടാണ്. നീതി ബോധം പ്രദാനം ചെയ്യുന്നത് തങ്ങളാണെന്നോ അതിന്റെ കുത്തക തങ്ങൾക്കാണെന്നോ ഒരു മതത്തിനും  പ്രത്യയശാസ്ത്രത്തിനും അവകാശപ്പെടാൻ സാധ്യമല്ല. ഒരു പ്രത്യേക മതത്തിലോ ആദർശത്തിലോ വിശ്വസിച്ചാൽ മാത്രമേ നീതി ബോധം ഉണ്ടാവൂ എന്നും   പറയാനാവില്ല. മനുഷ്യനെ സൃഷ്ടിച്ച  ദൈവമാണ് അവന്റെ ആത്മാവിൽ നീതിബോധവും സൃഷ്ടിച്ചത്. അല്ലാഹുവിന്റെ മഹദ് ഗുണങ്ങളുടെ ഭാവവർണങ്ങൾ മനുഷ്യാത്മാവിലും അവൻ സന്നിവേശിപ്പിച്ചിരിക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:*'**ഞാൻ ആ ശരീരത്തെ രൂപപ്പെടുത്തുകയും മഹത്വത്തിന്റെ പ്രകാശങ്ങൾ സമീകരിക്കുകയും അതിൽ എന്റെ ആത്മാവിനെ ഊതുകയും ചെയ്തിരിക്കുന്നതിനാൽ  നിങ്ങളെല്ലാം അതിൽ വണക്കത്തോടുകൂടി കീഴ്പ്പെടുവീൻ' (15:30)*** മനുഷ്യനിൽ പ്രകൃത്യായുള്ള നീതിബോധത്തെ വളർത്തുകയും പോഷിപ്പിക്കുകയും പൂർണതയിലെത്തിക്കുകയുമാണ് പ്രകൃതി മതമായ ഇസ്ലാം ചെയ്യുന്നത്.  ***'അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചുവോ ആ പ്രകൃതി കൈകൊള്ളുക. അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഒരു മാറ്റവുമില്ല. അതത്രെ എന്നും നിലനിൽക്കുന്ന മതം. പക്ഷേ മനുഷ്യനരിൽ അധികം ആളുകളും യാഥാർഥ്യം  അറിയുന്നില്ല.'(30:31)***

 നീതിയുടെ ലംഘനമാണ് ഇന്ന് ലോകത്തെവിടെയും നടക്കുന്നതായി നമുക്ക് കാണാൻ കഴിയുന്നത്. അല്ലാഹു ഖുർആനിൽ പറയുന്നു: ***'വിശ്വസിച്ചവരേ ദൈവമാർഗത്തിൽ ഉറച്ചു നിൽകുവിൻ. നീതിക്ക് സാക്ഷികളായിരിക്കുവിൻ. ഒരു കൂട്ടർക്ക് നിങ്ങളോടുള്ള ശത്രുത നീതി വിരുദ്ധമായി പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പ്രവർത്തിക്കുവിൻ അതത്രേ ഭക്തിയോടടുത്ത് നിൽക്കുന്നത്.'(5:9)*** വീണ്ടും ഖുർആൻ പറയുന്നു: ***'വിശ്വസിച്ചവരേ, നീതി പാലിക്കുന്നതിൽ നിങ്ങൾ കണിശക്കാരായിരിക്കുവിൻ നിങ്ങൾക്കെതിരായിരുന്നാലും നിങ്ങളുടെ മാതാപിതാക്കൾക്കോ ഉറ്റവർക്കോ എതിരായിരുന്നാലും അല്ലാഹുവിന് വേണ്ടി നിങ്ങൾ നീതിയിൽ ഉറച്ചു നിൽക്കുവിൻ  അവർ ധനവാനായാലും ദരിദ്രനായാലും അല്ലാഹുവത്രെ അവരുമായി കൂടുതൽ അടുത്തവൻ. നീതിമാർഗത്തിൽ നിന്ന് തെറ്റിപ്പോകാതിരിക്കൻ നിങ്ങൾ  സ്വേച്ഛക്ക് അടിപ്പെടാതെ സൂക്ഷിക്കുവീൻ.  നിങ്ങൾ സത്യം മറച്ചു വെക്കുകയോ വളച്ചൊടിക്കുകയോ ചെയ്യുന്ന പക്ഷം നിങ്ങൾ പ്രവർത്തിക്കുന്നതെന്താണെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നവനത്രെ'(4: 136)*** ഇസ്ലാമിക ചരിത്രത്തിൽ  നടന്ന അതുല്യമായ ഒരു സംഭവം ഇവിടെ കുറിക്കട്ടെ. നാലാം ഖലീഫ ഹദ്റത്ത് അലി(റ)യുടെ ഭരണകാലത്ത് ഒരു ജൂതനെതിരെ  അന്യായക്കാരനായി  ഖലീഫ അലി തന്റെ വാദങ്ങൾ തെളിയിക്കാൻ മകൻ ഹസനെ സാക്ഷിയായികോടതിയിൽ ഹാജരാക്കുകയുണ്ടായി. സാക്ഷിയുമായി  ഖലീഫക്കുള്ള അടുത്ത ബന്ധം കാരണം ഖലീഫയുടെ ഭരണത്തിന്ന് കീഴിലുണ്ടായിരുന്ന കോടതി  ഖലീഫയുടെ വാദം തള്ളുകയും  ജൂതന് അനുകൂലമായി വിധിക്കുകയും ചെയ്തു. നീതിയുടെ ഈ കണിശത കണ്ട് അമ്പരന്ന ജൂതൻ തെളിവിന്റെയും സാക്ഷികളുടെയും അഭാവത്താൽ തള്ളിപ്പോയ ഖലീഫയുടെ എല്ലാ ബാദ്ധ്യത കളും  കൊടുത്തു  വീട്ടുകയുണ്ടായി.

 അസത്യത്തിന്റെയും അന്യായത്തിന്റെയും ഉപാസകർ ഒരു വ്യാജബിംബത്തെ ആരാധിക്കുന്നവന് തുല്യനാണ്.വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: *'ബിംബങ്ങളുടെ അശുദ്ധിയിൽ നിന്നും വിട്ടുമാറുവിൻ; കളവിൽ നിന്നും. അത് ബിംബപൂജയിൽ കുറഞ്ഞതല്ല.(സൂറത്തുൽ ഹജ്ജ് 31) സത്യത്തിന്റെ ലക്ഷ്യസ്ഥാനത്ത് നിന്നും നിങ്ങളുടെ മുഖം തിരിക്കുമാറാകുന്നതെന്തൊ അതു നിങ്ങളുടെ മാർഗത്തിൽ ഒരു വിഗ്രഹമാകുന്നു. നിങ്ങളുടെ പിതാക്കന്മാർക്കും സഹോദരന്മാർക്കും സ്നേഹിതന്മാർക്കും  എതിരായിരുന്നാലും  സത്യമായ സാക്ഷ്യം പറയുവിൻ. യാതൊരു ശത്രുതയും നിങ്ങൾക്ക് നീതി  പ്രവർത്തിക്കുന്നതിന് ഒരു പ്രതിബന്ധമാകരുത്, '(ഇസാലെ ഔഹാം)*



ഹദ്റത്ത് അഹ്മദ് (അ)

# ഈസാ നബി(അ)യെ സംബന്ധിച്ച മുസ്ലിം വിശ്വാസം

ഹദ്റത്ത് ഈസാ(അ) യുടെ അസാധാരണ നിലയിലുണ്ടായ ജനനവും വിശുദ്ധ ഖുർആന്റെ വ്യക്തമായ അദ്ധ്യാപനത്തിന് നേരെ വിരുദ്ധമായി സ്ഥൂല ശരീരത്തോടെയുള്ള ആകാശത്തിലേക്കുള്ള കയറ്റവും മരിക്കാതിരുന്നിട്ടും മരിച്ച നബിമാരുടെ ആത്മാക്കളുടെ ഇടയിൽ (അവരാണെങ്കിൽ ഒരു വിധത്തിൽ സ്വർഗത്തിൽ പ്രവേശിച്ച് കഴിഞ്ഞവരുമാണ്.) പ്രവേശിക്കലുമെല്ലാം സത്യമായ ഒരു മതത്തിന് ഭൂഷണമായ വിശ്വാസകാര്യങ്ങളല്ല; കരിങ്കറയാണ്.

പാശ്ചാത്യ സൃഷ്ടി പൂജകർക്ക് നീണ്ടകാലമായി ഏക ദൈവവിശ്വാസികൾ ഒരു കടം വീട്ടാനുണ്ടായിരുന്നു. അജ്ഞരായ മുസ്ലിംകൾ ഈ കടം വീട്ടാനുണ്ടെന്ന് സമ്മതിച്ചുകൊണ്ടു തന്നെ പലിശയിനത്തിലും വലിയൊരു സംഖ്യ വർധിപ്പിച്ചു. ഇക്കാരണത്താൽ ലക്ഷക്കണക്കിന് മുസ്ലിംകൾ ളോഹ ധരിച്ച് മതപരിത്യാഗികളായി മാറി. ഈ കടം വീട്ടാൻ ഒരു പോം വഴിയും അവർ കണ്ടില്ല.

ക്രിസ്ത്യാനികളുടെ വാദം ഇങ്ങനെയാണ്. ഞങ്ങളുടെ റബ്ബായ യേശു മിശിഹാ ദൈവത്തിന്റെ ശക്തി പ്രഭാവം കാണിച്ചു കൊണ്ട് ഉടലോടെ ആകാശത്തേക്ക് കയറിപ്പോയി. അവൻ ദൈവമായിരുന്നു. എന്നാൽ നിങ്ങളുടെ നബിക്ക് ഹിജ്റത്ത് ചെയ്ത് മദീന വരെപ്പോലും പറക്കാൻ കഴിഞ്ഞില്ല. ഥൗർ ഗുഹയിൽ മൂന്നു ദിവസം വരെ ഒളിച്ചിരിക്കേണ്ട ഗതി കേടുണ്ടായി. അവസാനം വളരെ പണിപ്പെട്ട് മദീനയിലെത്തിയെങ്കിലും പ്രായം അദ്ദേഹത്തോടു കൂറു കാട്ടിയില്ല. പത്ത് വർഷത്തിന് ശേഷം മരിച്ച് മണ്ണിനടിയിൽ മറയടക്കപ്പെട്ടു. എന്നാൽ യേശു മിശിഹ സ്ഥൂല ശരീരത്തോടു കൂടി ഇന്നും ആകാശത്ത് ജീവിച്ചിരിക്കുന്നു എന്നെന്നും ജീവനോടെ ഇരിക്കുകയും ചെയ്യും അവസാനം അദ്ദേഹം തന്നെ ആകാശത്തിൽ നിന്ന് ഇറങ്ങിവന്ന് നീതി നടപ്പിൽ വരുത്തും. അദ്ദേഹത്തെ ദൈവമാണെന്ന് അംഗീകരിക്കാത്തവരെല്ലാം പിടിക്കപ്പെടുകയും അഗ്നിയിൽ എറിയ പ്പെടുകയും ചെയ്യും. ഈ ആക്ഷേപങ്ങൾക്കൊന്നും മുസ്ലിംകൾളുടെ പക്കൽ ഒരു മറുപടിയും ഉണ്ടായിരുന്നില്ല. അവാച്യമായ ലജ്ജയിലും എളിമയിലും അവർക്ക് ദിനങ്ങൾ തള്ളിനീക്കേണ്ടി വന്നു.

ഇപ്പോഴിതാ യേശു മിശിഹായുടെ ദൈവികതയുടെ സത്യം നല്ല വണ്ണം തെളിഞ്ഞിരിക്കുന്നു. പുരാതനങ്ങളായ ആയിരക്കണക്കിന് മരുന്നുകളും കുറിപ്പടികളു മടങ്ങുന്ന പൗരാണിക വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ ആദ്യകാലത്ത് റോമാക്കാരും യൂനാനികളും മജൂസികളും ക്രിസ്ത്യാനികളും അവസാനം മുസ്ലിംകളും ഭാഷാന്തരം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ ഒരു കുറിപ്പടി മർഹമെ ഈസാ എന്ന പേരിലുള്ളതാണ് . ഈ മരുന്ന് ഹദ്റത്ത് ഈസാക്ക് വേണ്ടി അതായത് അദ്ദേഹത്തിന് കുരിശിൽ നിന്നുണ്ടായ ക്ഷതങ്ങൾ ഉണങ്ങാൻ വേണ്ടി തയ്യാറാക്കപ്പെട്ടതായിരുന്നെന്ന് ആ ഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്നു. കശ്മീരിൽ ഹ: ഈസാ(അ)യുടെ ഖബ്ർ ക ണ്ടെത്തിയിരിക്കുകയാണ്. അറബിയിലും ഫാർസിയിലും ആയിരം വർഷ ങ്ങൾക്കു മുമ്പേ രചിക്കപ്പെട്ട ഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ മരണം സാക്ഷ്യപ്പെടുത്തുകയും ഖബ്ർ കശ്മീരിലാണെന്ന് പറയുകയും ചെയ്തിട്ടുണ്ട്.

*(തുഹുഫത്തുന്നദ്വ).*

# അല്ലാഹുവിനെ മുറുകെ പിടിക്കുക വിജയം നമുക്കുള്ളതാണ്

(അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2013 ഡിസംബർ 27,28,29 തീയതികളിൽ ഖാദിയാനിൽ നടന്ന വാർഷിക സമ്മേളനത്തിന്റെ സമാപനം കുറിച്ചുകൊണ്ട് ചെയ്ത പ്രഭാഷണം



*അവനത്രെ അക്ഷരജ്ഞാന മില്ലാത്ത ആ ജനതയിൽ (അറബികളിൽ) അവരിൽ നിന്നുള്ള ഒരു ദൂതനെ എഴുന്നേൽപ്പിച്ചിട്ടുള്ളത്. ആ ദൂതൽ അവന്റെ വചനങ്ങൾ അവർക്ക് വായിച്ച് കേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നു: ഇതിനുമുമ്പ് അവർ സ്പഷ്ടമായ വഴികേടിലായിരുന്നുവെങ്കിലും.*

*അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരു ജനതയിലും (അവൻ ദൂതനെ എഴുന്നേൽപ്പിക്കുന്നതാണ്.) അവൻ പ്രതാപവാനും അഗാധജ്ഞനനുമാകുന്നു.* **(വി. ഖുർആൻ 62:2,3)**

**നബി(സ)തിരുമേനിയുടെ കാലം**

നബി(സ)തിരുമേനിയുടെ കാലഘട്ടം രണ്ട് ഘട്ടങ്ങളായ് വിഭജിക്കപ്പെട്ടിരിക്കുന്നു. ഒന്ന് ലോകത്ത് അധർമം തിമിർത്താടിയിരുന്ന കാലഘട്ടം. അറിവില്ലായ്മയും യുക്തിരാഹിത്യവുംകൊണ്ട് ലോകം അന്ധമായിത്തീർന്നിരുന്നു. അതായത് മതത്തിന്റെ കണ്ണുകൾക്ക് ശക്തി പകരുന്നതും, ദൈവത്തെ പരിചയപ്പെടുത്തുന്നതും, മനുഷ്യന് അവന്റെ സൃഷ്ടിയുദ്ദേശ്യത്തെ കുറിച്ച് പറഞ്ഞുകൊടുക്കുന്നതും, മനുഷ്യനെ ഉന്നതമായ പെരുമാറ്റം പഠിപ്പിക്കുന്നതുമായ അറിവും തത്ത്വജ്ഞാനവും അപ്രത്യക്ഷമായിരുന്നു. ആ അറിവും തത്ത്വജ്ഞാനവും നബി(സ)തിരുമേനി മുഖേന അല്ലാഹു മനുഷ്യന് നല്കിയതാണ്. ജനങ്ങൾ അതിനെ സ്വായത്തമാക്കിക്കൊണ്ട് കർമപരമായി പൂർണത നേടി. വഴികേടിൽനിന്ന് പുറത്തുവന്ന് ചൊവ്വായമാർഗത്തിൽ പദമൂന്നി അല്ലാഹുവുമായിട്ടുള്ള ബന്ധം വർധിപ്പിച്ച് അവനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിറവേറ്റുന്നവരായിത്തീരാനുള്ളതായിരുന്നു ആ അറിവും തത്ത്വജ്ഞാനവും.

വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് അഹ്മദ്(അ)ഇതു സംബന്ധിച്ച് പറയുന്നു: 'ആദ്യത്തേയും രണ്ടാമത്തേയും വചനത്തിൽനിന്ന് നമുക്ക് മനസ്സിലാകുന്നത് എന്താണെന്നുവച്ചാൽ, (അതായത് **വ ആഖരീന മിൻഹും യൽഹഖൂ ബിഹിം** എന്നതും തുടർന്നു വരുന്ന വചനവും)ജനങ്ങൾ അറിവിലും തത്ത്വജ്ഞാനത്തിലും അന്ധരായിത്തീർന്ന കാലഘട്ടത്തിലാണ് അല്ലാഹു റസൂലിനെ അയച്ചതെന്നാണ്. ആത്മാവിന്റെ സമ്പൂർത്തിയ്ക്ക് ആവശ്യമായ യുക്തിപരവും മതപരവുമായ ജ്ഞാനങ്ങൾ , മനുഷ്യാത്മാവ് ജ്ഞാനപരവും കർമപരവുമായി സമ്പൂർണത പ്രാപിക്കുന്നതിനുള്ള യുക്തിപരവും മതപരവുമായ ജ്ഞാനങ്ങൾ തികച്ചും നഷ്ടപ്പെട്ടിരുന്ന കാലമായിരുന്നു അത്. ജനങ്ങൾ പൂർണമായും വഴികേടിൽ

അകപ്പെട്ടുപോയിരുന്നു. അതായത് അല്ലാഹുവിൽനിന്നും അവന്റെ നേരായ പാതയിൽനിന്നും ദൂരത്തു പോയി പതിച്ചിരുന്നു. ആ സമയത്താണ് അല്ലാഹു തന്റെ നിരക്ഷരനായ റസൂലിനെ അയച്ചത്. ആ റസൂൽ അവരുടെ ആത്മാക്കളെ ശുദ്ധീകരിച്ചു. ഗ്രന്ഥത്തിന്റെ അറിവും യുക്തിജ്ഞാനവും കൊണ്ട് അവരെ സന്നദ്ധരാക്കിത്തീർത്തു. അതായത് അമാനുഷിക പ്രവർത്തികൾകൊണ്ട് വിശ്വാസത്തിന്റെ പാരമ്യതയിലെത്തിച്ചു. ദൈവത്തെ തിരിച്ചറിയുന്ന പ്രകാശംകൊണ്ട് അവരുടെ ഹൃദയങ്ങളെ പ്രശോഭിതമാക്കിത്തീർത്തു. എങ്ങനെയുള്ള അടയാളങ്ങളാണ് വെളിപ്പെട്ടതെന്ന് ലോകം കണ്ടു. മദ്യലഹരിയിൽ ആനന്ദം കണ്ടെത്തിയിരുന്നവർ മദ്യത്തിന്റെ കുടങ്ങൾ തച്ചുടയ്ക്കുന്നവരായിത്തീർന്നു. നിസ്സാരകാര്യങ്ങളുടെ പേരിൽ പരസ്പരം കഴുത്തറുക്കുന്നവർ സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ധ്വജവാഹകരായിത്തീർന്നു. അജ്ഞരും മതത്തിൽനിന്ന് അകന്നുപോയവരും ബിംബങ്ങളെ പൂജിക്കുന്നവരുമല്ലാം ഏകദൈവവിശ്വാസം സ്ഥാപിക്കുന്നവരും ദൈവ സഹചാരിയായ മനുഷ്യരുമായിത്തീർന്നു. ഇസ്ലാമിക ചരിത്രം അവരുടെ വർണശബളമായ സംഭവങ്ങളാൽ നിറഞ്ഞുകിടക്കുന്നു. അവരിൽ ഈ മാറ്റമുണ്ടായത് നബി(സ)തിരുമേനി മുഖേന അല്ലാഹുവിന്റെ ഗ്രന്ഥമെത്തുകയും അവരത് മനസ്സിലാക്കുകയും അറിവിന്റേയും തത്ത്വജ്ഞാനത്തിന്റേയും നില ഉയരുകയും ചെയ്തതുകൊണ്ടായിരുന്നു. നബി(സ)തിരുമേനിയുടെമേൽ ഇറങ്ങിയ തന്റെ ഗ്രന്ഥം ലോകാന്ത്യംവരെ പ്രശോഭിതമായി നില്ക്കാനും അറിവും തത്ത്വജ്ഞാനവും വിതറാനുംവേണ്ടിയാണ് വന്നിട്ടുള്ളതെന്ന് അല്ലാഹു പറയുന്നു. അതുനിലനിറുത്താനും സംരക്ഷിക്കാനുമുള്ള ചുമതലയും അല്ലാഹു ഏറ്റെടുത്തിരിക്കുന്നു.

**വീണ്ടും വരുന്ന അനുഗൃഹീത കാലം**

അവസാനകാലത്ത് ആ അറിവും തത്ത്വജ്ഞാനവും ജനങ്ങൾ മറക്കാൻ തുടങ്ങുമ്പോൾ അല്ലാഹുവിന്റെ കാരുണ്യം നിറഞ്ഞു പ്രവഹിക്കുന്നതായിരിക്കും. **വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം** എന്നതിന്റെ ദൃശ്യം ലോകം വീണ്ടും കാണുന്നതാണ്. അറിവില്ലായ്മയും അന്ധകാരവും വഴികേടും നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസൻ മുഖേന അല്ലാഹു അകറ്റുന്നതായിരിക്കും. ആ രണ്ടാമത്തെ കാലഘട്ടം ഈ സത്യസന്ധനായ ദാസന്റെ കാലഘട്ടമാണ്. അദ്ദേഹം വാഗ്ദത്ത മസീഹുമാണ്. വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിയുമാണ്. ഹദ്റത്ത് മസീഹ്മൗഊദ് (അ) ഈ വചനത്തിൽ വിവരിക്കപ്പെട്ട വരുംകാലത്തെ പരാമർശിച്ചുകൊണ്ടു പറയുന്നു. അല്ലാഹു വീണ്ടും പറഞ്ഞു, അവസാന കാലത്ത് വെളിപ്പെടുന്ന മറ്റൊരു സംഘമാണിത്. അക്കാലത്തുള്ളവരും ഇരുട്ടിലും വഴികേടിലുമായിരിക്കും. അവർ അറിവിൽനിന്നും തത്ത്വജ്ഞാനത്തിൽ നിന്നും വിശ്വാസത്തിൽനിന്നും അകന്നവരായിരിക്കും. അപ്പോൾ അവരെ അല്ലാഹു സ്വഹാബത്തിന്റെ വർണത്തിൽ കൊണ്ടുവരും. അതായത് എന്തൊന്ന് സ്വഹാബാക്കൾ കണ്ടിരുന്നുവോ അത് ഇവർക്കും കാണിക്കപ്പെടും. ഇവരുടെ സത്യസന്ധതയും ദൃഢവിശ്വാസവും സ്വഹാബാക്കളുടെ സത്യസന്ധതയും ദൃഢവിശ്വാസവും പോലെയായിത്തീരും.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു, **വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം** എന്ന വചനമുള്ളത് മസീഹ് മൗഊദിനു വേണ്ടിയിട്ടാണ്. ഇതിന്റെ അർഥം പൂർണമായ വഴികേടിനുശേഷം സന്മാർഗവും തത്ത്വജ്ഞാനവും പ്രാപിക്കുന്നവരും നബി(സ)തിരുമേനിയുടെ അദ്ഭുതദൃഷ്ടാന്തങ്ങൾ കാണുന്നവരും രണ്ടേരണ്ട് സംഘക്കാരാണെന്നാണ്. ഒന്നാമത്തേത് നബി(സ)തിരുമേനിയുടെ സ്വഹാബാക്കളാണ്. അവർ നബി(സ)തിരുമേനി വെളിപ്പെടുന്നതിനുമുമ്പേ അന്ധകാരത്തിലകപ്പെട്ടവരായിരുന്നു. പിന്നീട് അവർ നബി(സ)തിരുമേനിയുടെ കാലഘട്ടം പ്രാപിച്ചു. അമാനുഷിക പ്രവൃത്തികൾ തങ്ങളുടെ കണ്ണുകൾകൊണ്ട് അവർ കണ്ടു. പ്രവചനങ്ങൾ പുലരുന്നത് കണ്ടു. ദൃഢവിശ്വാസം അവരിൽ എങ്ങനെയുള്ള മാറ്റമാണ് ഉണ്ടാക്കിയതെന്നാൽ അവരുടെ ആത്മാവ് മാത്രം അവശേഷിച്ചു. മുകളിൽ പറഞ്ഞ വചനത്തിലെ രണ്ടാമത്തെ സംഘം സ്വഹാബാക്കളെ പോലെയുള്ളവരാണ്. അത് മസീഹ് മൗഊദിന്റെ സംഘമാണ്. കാരണം ആ സംഘവും സ്വഹാബാക്കളെ പോലെ നബി(സ)തിരുമേനിയുടെ അമാനുഷിക പ്രവൃത്തികൾ കാണുന്നവരാണ്. അന്ധകാരത്തിനും വഴികേടിനും ശേഷം സന്മാർഗം പ്രാപിക്കുന്നവരാണ്. **ആഖരീന മിൻഹും** എന്നതിലെ **മിൻഹും** എന്ന പദത്തിൽ അതായത് അവർ സ്വഹാബാക്കളുടെ സദൃശരായിരിക്കുന്ന അനുഗ്രഹത്താൽ അവർക്ക് അതിന്റെ അംശം നല്കപ്പെട്ടിരിക്കുകയാണ്. ഇതു സൂചിപ്പിക്കുന്നത് ഏതുപോലെ സ്വഹാബ(റ), നബി(സ)തിരുമേനിയുടെ അമാനുഷിക പ്രവൃ ത്തികൾ കണ്ടുവോ പ്രവചനങ്ങൾ പുലരുന്നത് കണ്ടുവോ അതുപോലെ ഇവരും കാണുമെന്നാണ്. ഇടയ്ക്കുള്ള കാലക്കാർക്ക് ഈ അനുഗ്രഹത്തിൽനിന്ന് ചെറിയ അംശം അല്ലാതെ സമ്പൂർണമായ നിലയിൽ ലഭിക്കുകയില്ല.

**നബി(സ)യുടെ അമാനുഷികത**

അവസാന കാലത്ത് മസീഹ് മൗഊദ് മുഖേന ഉണ്ടാകേണ്ടുന്ന അനുഗ്രഹത്തിന്റെനിലവാരവും ഈസാ(അ) യെക്കാൾ ഉന്നതമായിരിക്കും. ഇപ്പോൾ ഉണ്ടായിട്ടുള്ളതും അങ്ങനെതന്നെയാണ്. 13 നൂറ്റാണ്ടുകൾക്കുശേഷം വീണ്ടും നബി(സ) തിരുമേനിയുടെ മുഅ്ജിസത്തുകളുടെ അഥവാ അമാനുഷിക പ്രവർത്തികളുടെ കവാടം തുറന്നു. ജനങ്ങൾ അത് നേരിൽ കണ്ടു. **ദാറുഖുത്നിയിലും ഫതാവ ഇബ്നു ഹജറിലും** പറഞ്ഞതുപോലെ സൂര്യചന്ദ്ര ഗ്രഹണങ്ങളുണ്ടായി. ഹദീഥിൽ പറഞ്ഞതുപോലെ ചന്ദ്രനു വേണ്ടി നിശ്ചയിക്കപ്പെട്ട രാത്രിക

ളിൽ ആദ്യ രാത്രിയിൽ ചന്ദ്രഗ്രഹണ മുണ്ടായി. അതുപോലെതന്നെ സൂര്യഗ്രഹണത്തിനുവേണ്ടി നിശ്ച യിക്കപ്പെട്ടിട്ടുള്ള ദിനങ്ങളിൽ ഇട യ്ക്കുള്ള പകൽ സൂര്യഗ്രഹണവു മുണ്ടായി. മഹ്ദിയാണെന്ന് വാദി ക്കുന്ന ഒരു വ്യക്തി നിലവിലുള്ള പ്പോഴാണ് ഈ ഗ്രഹണങ്ങളുണ്ടായ ത്. ആകാശവും ഭൂമിയുമുണ്ടായതു മുതൽ ഈ അടയാളം ഒരിക്കലും ഉണ്ടായിട്ടില്ല. ഇതുണ്ടായതായി ഇന്നു വരെ ആർക്കും തെളിയിച്ചു കാണി ക്കാനും കഴിഞ്ഞിട്ടില്ല. ഇതു നബി (സ)തിരുമേനിയുടെ ഒരു മുഅ്ജിസ ത്തായിരുന്നു. അത് ജനങ്ങൾ നേരിൽ കണ്ടു. വാഗ്ദത്ത മസീ ഹിന്റെ കാലത്ത് വാൽനക്ഷത്രം ഉദി ക്കുമെന്നും വിവരിക്കപ്പെട്ടിരുന്നു. ആയിരക്കണക്കിനാളുകൾ അതും കണ്ടു. അതുപോലെ ജാവയുടെ അഗ്നിയും ലക്ഷക്കണക്കിനാളുകൾ ദർശിക്കയുണ്ടായി. പ്ലേഗ് പടർന്നു പിടിച്ചതും ഹജ്ജ് തടയപ്പെട്ടതും എല്ലാവരും സ്വന്തം കണ്ണുകൾ കൊണ്ട് കണ്ടുകഴിഞ്ഞതാണ്. രാജ്യത്ത് റയിലുകൾ തയ്യാറായതും ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെട്ടതു മെല്ലാം നബി(സ)തിരുമേനിയുടെ മുഅ്ജിസത്തുകളാണ്. സ്വഹാബ(റ) മുഅ്ജിസത്തുകൾ കണ്ടതുപോലെ അതെല്ലാം ഇക്കാലത്ത് ഇവരും കണ്ടു. ഇക്കാരണത്താൽ പ്രതാപവാ നായ അല്ലാഹു ഈ അവസാന കാലത്തെ സംഘത്തെ **മിൻഹും** എന്ന പദംകൊണ്ട് വിളിച്ചു. മുഅ്ജി സത്തുകൾ ദർശിക്കുന്നതിൽ ഇവരും സ്വഹാബാക്കളുടെ വർണ ത്തിലുള്ളവരാണെന്ന് പറയാൻവേ ണ്ടിയായിരുന്നു ഇത്. ചിന്തിച്ചു നോക്കുവിൻ. 13 നൂറ്റാണ്ടുകൾക്കിട യിൽ **മിൻഹാജുന്നുബുവ്വത്തിന്റെ കാലം** (പ്രവാചകത്വത്തിന്റെകാലം) മറ്റാരാണ് പ്രാപിച്ചത്; ഇക്കാലഘട്ട ത്തിൽ നമ്മുടെ ജമാഅത്ത് സൃഷ്ടി ക്കപ്പെട്ടതുപോലെ.

## സ്വഹാബാക്കളോട് സാദൃശ്യം

പല കാരണങ്ങളാൽ ഈ സംഘ ത്തിന് സ്വഹാബാക്കളുമായി സാദൃ ശ്യമുണ്ട്. സ്വഹാബാക്കൾ കണ്ടതു പോലെ ഇവർ മുഅ്ജിസത്തുകളും അടയാളങ്ങളും കാണുന്നു. സ്വഹാ ബാക്കൾ പ്രാപിച്ചതുപോലെ ഇവർ അല്ലാഹുവിന്റ ദൃഷ്ടാന്തങ്ങളും നവംനവങ്ങളായ സഹായ ങ്ങളുംകൊണ്ട് ദൃഢവിശ്വാസം പ്രാപിക്കുന്നു. അല്ലാഹുവിന്റെ വഴി യിൽ ഇവർ പരിഹാസങ്ങളും അധി ക്ഷേപങ്ങളും കുത്തുവാക്കുകളും കേട്ട് ദുഃഖം സഹിക്കുന്നു; സ്വഹാ ബാക്കൾ സഹിച്ചതുപോലെതന്നെ. വ്യക്തമായ അടയാളങ്ങളും ആകാ ശത്തുനിന്നുള്ള സഹായങ്ങളും യുക്തിഭദ്രമായ അധ്യാപന ങ്ങളുംകൊണ്ട് ഇവർ പരിശുദ്ധമായ ജീവിതം കരസ്ഥമാക്കിക്കൊണ്ടു പോകുന്നു; സ്വഹാബാക്കൾ കര സ്ഥമാക്കിയിരുന്നതുപോലെതന്നെ. നമസ്കാരത്തിൽ കരഞ്ഞുകരഞ്ഞ് വിലപിക്കുന്നവർ ഇവരിൽ ഒരുപാ ടുണ്ട്. സുജൂദ് ചെയ്യുന്ന സ്ഥലങ്ങൾ ഇവർ കണ്ണീർകൊണ്ട് നനയ്ക്കു ന്നു; സ്വഹാബാക്കൾ കരഞ്ഞിരുന്ന തുപോലെതന്നെ. സത്യമായ സ്വപ്ന ങ്ങൾ കാണുന്നവരും അല്ലാഹു വിൽനിന്ന് ഇൽഹാം ലഭിക്കുന്ന വരും ഇവരിൽ ധാരാളമുണ്ട്; സ്വഹാബാക്കളിൽ ഉണ്ടായിരുന്നതു പോലെതന്നെ. സ്വയം അധ്വാനിച്ചു ണ്ടാക്കിയ പണം അല്ലാഹുവിന്റെ തൃപ്തി ലഭിക്കുന്നതിനുവേണ്ടി മാത്രം നമ്മുടെ ജമാഅത്തിനു വേണ്ടി ചെലവഴിക്കുന്നവരും ഇവ രിലുണ്ട്; സ്വഹാബാക്കൾ ചെലവഴി ച്ചിരുന്നതുപോലെതന്നെ. മരണത്തെ ഓർമിക്കുന്നവരേയും മൃദുല സ്വഭാ വക്കാരേയും സത്യമായ ദൈവഭക്തി യിൽ പദമൂന്നുന്നവരേയും ഇവരിൽ ഒരുപാടുകാണാം; സ്വഹാബാക്ക ളുടെ ജീവിതചര്യപോലെതന്നെ. ഇവർ അല്ലാഹുവിന്റെ സംഘക്കാരാ ണ്. ഇവരെ അല്ലാഹുതന്നെയാണ് കാത്തുരക്ഷിക്കുന്നത്. ദിനേന ഇവ രുടെ ഹൃദയങ്ങളെ അവൻ ശുദ്ധീ കരിക്കുന്നു. ഇവരുടെ ഹൃദയങ്ങളെ വിശ്വാസപരമായ ജ്ഞാനത്താൽ നിറച്ചുകൊണ്ടിരിക്കുന്നു. ദൈവിക മായ അടയാളങ്ങൾകൊണ്ട് തന്നി ലേക്ക് ഇവരെ വലിച്ചടുപ്പിക്കുന്നു; സ്വഹാബാക്കളെ വലിച്ചടുപ്പിച്ചതു പോലെതന്നെ. ചുരുക്കംപറഞ്ഞാൽ **ആഖരീന മിൻഹും** എന്ന വചന ത്തിൽ പറഞ്ഞിട്ടുള്ള എല്ലാ ലക്ഷ ണങ്ങളും ഇവരിൽ പുലരുന്നതായി കാണാം. അല്ലാഹു പറഞ്ഞ കാര്യം ഒരുനാൾ പൂർത്തിയാകേണ്ടിയിരു ന്നത് നിർബന്ധമായിരുന്നു.

## മഹ്ദിയും മസീഹും

പിന്നീട് ഹദ്റത്ത് മസീഹ് മൗഊ ദ്(അ)പറഞ്ഞു, '**ആഖരീന മിൻഹും** എന്ന വചനത്തിൽ ഒരു സൂചന ഇങ്ങനേയും കാണാം. ഏതുപോലെ വാഗ്ദത്ത മസീഹിന്റെ ഈ ജമാ അത്ത് സ്വഹാബ(റ)ത്തിന്റെ ജമാഅ ത്തുമായി സാദൃശ്യമുള്ളതായിരിക്കു ന്നുവോ ഈ ജമാഅത്തിന്റെ ഇമാമും അതുപോലെ ഛായാപര മായ നിലയിൽ നബി(സ)തിരുമേനി യുമായി സാദൃശ്യമുള്ള വ്യക്തിയാ ണ്. വാഗ്ദത്ത മസീഹിന് രണ്ടു സാദൃശ്യം ഉണ്ടായിരിക്കുമെന്ന് നബി(സ)തിരുമേനി പറഞ്ഞതു പോലെ ഉണ്ടാകുകയും ചെയ്തു; ഒന്ന് ഹദ്റത്ത് ഈസാ മസീഹുമാ യിട്ട്-അക്കാരണത്താൽ അദ്ദേഹം മസീഹ് എന്നു പറയപ്പെടും. രണ്ട് നബി(സ)തിരുമേനിയുമായിട്ട്-അ ക്കാരണത്താൽ അദ്ദേഹം മഹ്ദി എന്നു പറയപ്പെടും.

പൂർവദിക്കിലും പശ്ചിമദിക്കിലും സൂര്യചന്ദ്ര ഗ്രഹണങ്ങൾ, മഹ്ദി എന്നു വാദിക്കുന്ന ആൾ നിലവിലു ണ്ടായിരിക്കെ ഒരേ റമദാൻ മാസ ത്തിൽ ഉണ്ടായ സ്ഥിതിയ്ക്ക് അതിൽ ചിന്തിക്കേണ്ടത് ശുദ്ധ പ്രകൃ തക്കാരുടെ കടമയല്ലേ? മറ്റു അടയാ ളങ്ങളും നോക്കുക. ഇവർ ഇരുന്ന് യാത്രചെയ്യുന്ന ആധുനിക വാഹന ങ്ങൾ നബി(സ)തിരുമേനിയുടെ പ്രവചനങ്ങളെ സത്യപ്പെടുത്തു ന്നില്ലേ? വാഗ്ദാനം ചെയ്യപ്പെട്ട മസീഹും മഹ്ദിയും വന്നിരിക്കുന്നു വെന്നും വിളിച്ചോതുന്നില്ലേ? ഏക ദൈവ സിദ്ധാന്തത്തെ ഉന്മൂലനം ചെയ്യാനുള്ള ദജ്ജാലീ ശക്തികളു ടെ ഗൂഢതന്ത്രങ്ങൾ, മുസ്‌ലീംകളെ തമ്മിൽതല്ലികൊല്ലിച്ച് പാടേ നശിപ്പി ക്കാനുള്ള അവരുടെ പദ്ധതികൾ ഇവർ കാണുന്നില്ലേ? ഖുർആനും നിലവിലുണ്ട്, സുന്നത്തും നിലവിലു ണ്ട്. നബി(സ)തിരുമേനിയുടെ ഉത്ത

മമായ ജീവിതമാതൃകയും സുന്നത്തുകളിൽനിന്നും ഹദീഥുകളിൽനിന്നും ലഭിക്കുന്നുമുണ്ട്. ദീനിന്റെ പതാക പിടിക്കുന്നവരെന്ന് പറയുന്ന ഉലമാക്കളേയും എല്ലാ കക്ഷികളിലും കാണാം. അങ്ങനെ എല്ലാ ശ്രമങ്ങളുമുണ്ടായിട്ടും എന്തുകൊണ്ടാണ് ഇവരിങ്ങനെ ചിന്നിചിതറി കാണുന്നത്. നബി(സ)തിരുമേനി പറഞ്ഞ കാര്യങ്ങളിലൊന്നും ലവലേശം വിശ്വാസമില്ല എന്നതാണ് അതിനു കാരണം. അല്ലാഹുവിന്റെ സന്ദേശം മനസ്സിലാക്കാൻ ഇവർ ആഗ്രഹിക്കുന്നില്ല. നബി(സ)തിരുമേനിയെ അങ്ങേയറ്റം സ്നേഹിക്കുന്ന വ്യക്തിയെ കണ്ടിട്ട് അല്ലാഹു വാഗ്ദത്ത മസീഹ് എന്നും വാഗ്ദത്ത മഹ്ദിയെന്നുമുള്ള ബഹുമതി നല്കിയ വ്യക്തി പറയുന്ന കാര്യങ്ങൾ കേൾക്കാൻ ഇവർ ആഗ്രഹിക്കുന്നില്ല. അല്ലാഹു അയച്ച ഈ മഹാത്മാവിന്റെ കാര്യങ്ങൾ കേൾക്കാത്തിടത്തോളം അദ്ദേഹത്തെ പരിഹസിക്കുന്നത് നിറുത്താത്തിടത്തോളം ഇന്നുകാണുന്ന കുഴപ്പങ്ങളും കലഹങ്ങളും ഭരണകൂടത്തിന്റേയും പൊതുജനങ്ങളുടേയും അക്രമങ്ങളും പൊതുജനങ്ങളുടെ രാജ്യദ്രോഹ നടപടികളും ജിഹാദിന്റെ പേരിൽ മുസ്‌ലീംകൾ പരസ്പരം പോരടിച്ച് മരിക്കുന്നതും ഒരിക്കലും അവസാനിക്കുകയില്ല. ഉമ്മത്ത് അഥവാ സമുദായം അസ്വസ്ഥരാണ്. പക്ഷേ, നാമധാരികളായ പണ്ഡിതന്മാരുടെ ഫത്‌വകൾ ഭയന്ന് തങ്ങളുടെ അസ്വസ്ഥതകൾ പ്രകടിപ്പിക്കാൻ അവർക്കു കഴിയുന്നില്ല. അല്ലെങ്കിൽ പ്രകടിപ്പിക്കേണ്ടതുപോലെ പ്രകടിപ്പിക്കുന്നില്ല. അല്ലെങ്കിൽ ദീനികാര്യങ്ങളിൽ ഒട്ടും ശ്രദ്ധയില്ലാതെ ഭൗതികകാര്യങ്ങളിൽ അവർ മുഴുകിയിരിക്കുകയാണ്. അല്ലാഹുവിന്റെ സന്നിധിയിൽ വിലപിക്കുന്നവരും ഒരുപാടുണ്ട്. ദീനിന്റെ ജീർണിച്ച അവസ്ഥ കണ്ട് തങ്ങളുടെ രക്ഷിതാവിന്റെ മുമ്പിൽ കുനിഞ്ഞ് ഏതെങ്കിലും പരിഷ്ക്കർത്താവിനെ, മഹ്ദിയെ, മസീഹിനെ അയച്ചു തരേണമേ എന്ന് അവർ പ്രാർഥിക്കുന്നു. ഇന്നേക്ക് 150 വർഷം മുമ്പേയും അത്തരക്കാരുണ്ടായിരുന്നു. ഇസ്‌ലാമിന് നഷ്ടം സംഭവിക്കുന്നതു കണ്ടിട്ട്, ഇസ്‌ലാമിനെ ആക്രമിക്കുന്നത് കണ്ടിട്ട് അവരുടെ ഹൃദയം അസ്വസ്ഥമായിരുന്നു. ഇസ്‌ലാമിനെതിരെ ഉന്നയിക്കുന്ന ആക്ഷേപങ്ങൾക്ക് മറുപടി നല്കാൻ സാധിക്കാതെ വരുമ്പോൾ വല്ലാത്തൊരു അവസ്ഥയാണ് അവരുടേത്.

### വഴികേടിലാക്കുന്ന പണ്ഡിതന്മാർ

അവർ ഉലമാക്കളുടെ അടുത്തു പോകുന്നു. തങ്ങളുടെ കസേരകൾ ഉറപ്പിച്ചു നിറുത്താനാഗ്രഹിക്കുന്ന നാമധാരികളായ ഉലമാക്കളുടെ അടുത്താണ് അവർ ചെല്ലുന്നത്. അവർക്ക് അവരുടെ മിമ്പറുകളെ കുറിച്ചാണ് ചിന്ത. മിണ്ടാതിരുന്നു കൊള്ളാൻ ആ ഉലമാക്കൾ അവരെ ഉപദേശിക്കുന്നു. അതിലൊന്നും ശ്രദ്ധിക്കേണ്ട ആവശ്യമില്ലെന്നും അവർ പറയുന്നു. മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കേണ്ടെന്നും പറയുന്നു. ബുദ്ധിപരമായ വലിയ കാര്യങ്ങളാണ് തങ്ങൾ ജനങ്ങളോടു പറയുന്നതെന്നാണ് ഉലമാക്കൾ കരുതുന്നത്. **സ്വന്തം മതം ഉപേക്ഷിക്കേണ്ട, മറ്റുള്ളവരുടെ മതത്തെ തോണ്ടുകയും വേണ്ട** എന്നതാണ് അവരുടെ നയം. തെളിവുകളില്ലാതെ സ്വന്തം മതത്തിൽ ഉറച്ചുനില്ക്കാൻ കഴിയുകയില്ല. മറ്റുള്ള മതങ്ങളുടെ നിജസ്ഥിതി പറയാതെയും സ്വന്തം മതത്തിന്റെ സവിശേഷ ഗുണങ്ങൾ മനസ്സിലാക്കാതെയും പ്രബോധനദൗത്യം എങ്ങനെ നിർവഹിക്കാൻ കഴിയും? സ്വന്തം മതം ഉപേക്ഷിക്കേണ്ട, മറ്റുള്ളവരുടെ മതത്തെ തോണ്ടുകയും വേണ്ട എന്ന നയം അപലപനീയമാണ്. തെളിവോടുകൂടി സംസാരിക്കണം. പ്രബോധനം എന്നു പറയുന്നത് ഒരു സത്യവിശ്വാസിയുടെ നിർബന്ധ കടമയാണ്. സ്വന്തം താൽപര്യങ്ങൾ എങ്ങനെയെങ്കിലും നിലനിറുത്തണമെന്ന ചിന്താഗതിക്കാരായ ഉലമാക്കളുടെ വിവരമില്ലായ്മയാണ് അവരുടെ നയം. ഇസ്‌ലാമിനു സേവനം ചെയ്യണമെന്ന ഉദ്ദേശ്യമൊന്നും അവർക്കില്ല. വലിയ ഇസ്‌ലാമിക സേവനം എന്ന നിലയിൽ അവർക്കു പറയാനുള്ളത് മതപരിത്യാഗിയെ 'കൊല്ലുക'എന്നതാണ്! അതിനാണെങ്കിൽ ഇസ്‌ലാമുമായിട്ട് ഒരു ബന്ധവുമില്ല. അല്ലെങ്കിൽ നബിനിന്ദ എന്ന പേരിൽ മെനഞ്ഞെടുത്ത കാര്യങ്ങൾകൊണ്ട് ലോകത്ത് അരാജകത്വം സൃഷ്ടിക്കുക എന്നതാണ്. സ്വന്തം മിമ്പറുകൾ കാത്തു സംരക്ഷിക്കാനാണ് അതും അവർ ചെയ്യുന്നത്. തങ്ങളുടെ സ്വാധീനം നിലനിറുത്താനും അണികളെ പിടിച്ചു നിറുത്താനുമാണ് അവർ അങ്ങനെ ചെയ്യുന്നത്. അല്ലെങ്കിൽ പ്രവാചകത്വ പരിസമാപ്തിയുടെ പേരിൽ തങ്ങളുടെ കസേര ഉറപ്പിക്കാനാണ്. വാസ്തവത്തിൽ പ്രവാചകത്വപരിസമാപ്തിയെക്കുറിച്ചുള്ള ഉന്നതവും ശരിയായതുമായ തിരിച്ചറിവ് **വ ആഖരീന മിൻഹും ലമ്മായൽഹഖൂബിഹിം** അനുസരിച്ച് ആഗതനാകുന്ന മഹ്ദിയും മസീഹുമാണ് നല്കേണ്ടത്. എന്തായാലും സൽപ്രകൃതക്കാരും അല്ലാഹുവിന്റെ സന്നിധിയിൽ അസ്വസ്ഥരായി വിലപിക്കുന്നവരും ഉള്ളിടത്തോളം അല്ലാഹുവിന്റെ അനുഗ്രഹം വർഷിച്ചുകൊണ്ടേയിരിക്കും. സൽപ്രകൃതക്കാർ ഇസ്‌ലാമിന്റെ പുനരുദയം ഉണ്ടാകുന്നില്ലല്ലോ എന്നോർത്ത് അസ്വസ്ഥരായപ്പോൾ അവർക്ക് അല്ലാഹു സന്മാർഗം കാണിച്ചുകൊടുത്തു. ഹദ്റത്ത് മസീഹ് മൗഊദിന്റെ സാന്നിധ്യം ഇവിടെ ഉണ്ടായി. ഒരു യോദ്ധാവിനെപ്പോലെ ആ മഹാത്മാവ് ശത്രുക്കൾക്ക് വായടപ്പൻ മറുപടി നല്കി.

### ഖിലാഫത്ത് വ്യവസ്ഥിതി

പിന്നീടു ഖിലാഫത്ത് വ്യവസ്ഥിതി നിലവിൽ വന്നു. സൽപ്രകൃതക്കാർക്ക് അല്ലാഹു നേർമാർഗം കാണിച്ച്കൊടുത്തു. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ സത്യത അവരുടെ ഹൃദയങ്ങളിൽ കുടിയിരുത്തി. ഒരുപാടു മാർഗങ്ങളിലൂടെ അല്ലാഹു നേർമാർഗം കാണിക്കുന്നു. അതു നെഞ്ചകങ്ങൾ തുറക്കുന്നു.അവർക്ക് ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ സത്യതയിൽ ദൃഢവിശ്വാസം ഉണ്ടാകുന്നു. അവർ ആ

മഹാത്മാവിന്റെ ബയ്അത്തിൽ ഭാഗ ഭാക്കാകുന്നു. പക്ഷേ, ഇപ്പോൾ ഞാൻ ഒരേയൊരു മാർഗത്തെക്കുറി ച്ചാണ് പറയാൻ ഉദ്ദേശിക്കുന്നത്. ആ മാർഗം മുഖേനയും അല്ലാഹു മനു ഷ്യർക്ക് സന്മാർഗം നല്കുന്നു. ഇപ്പോഴും നല്കിക്കൊണ്ടിരിക്കുന്നു. അതാണ് സ്വപ്നമാർഗം. മനുഷ്യന്റെ ചിന്തയ്ക്കൊന്നും ഒരു സ്വാധീനവും ഇല്ലാത്ത മാർഗമാണിത്. താൻകണ്ട സ്വപ്നത്തെ വിശ്വസിക്കാതെ ഒരു നിർവാഹവുമില്ല എന്ന സ്ഥിതിയിൽ മനുഷ്യൻ എത്തിച്ചേരുന്നു. ചില ഉദാഹരണങ്ങൾ ഞാൻ പറയാം. ആദ്യം ഹദ്റത്ത് മസീഹ് മൗഊ ദി(അ)ന്റെ കാലത്തെ ചില ഉദാഹര ണങ്ങൾ കേൾക്കുക.

**അല്ലാഹു നേരിട്ട് വഴികാട്ടുന്നു**

ഹദ്റത്ത് ഡോക്ടർ മുഹമ്മദ് അബ്ദുല്ലാഹ് സാഹിബ്(റ)പറ യുന്നു: "എനിക്ക് അന്ന് പതിനെട്ടോ പത്തൊമ്പതോ വയസ്സായിരുന്നു. 1903 ഡിസംബറിൽ ഞാൻ സ്വപ്ന ത്തിൽ ഹദ്റത്ത് മസീഹ് മൗഊ ദി(അ)നെ സന്ദർശിച്ചു. അതിനു മുമ്പേ ഞാനൊരിക്കലും ഹദ്റത്ത് മസീഹ് മൗഊദി(അ)നെ കണ്ടിരു ന്നില്ല. താങ്കൾ ആരുടെ ശിഷ്യനാ ണെന്ന് ഹദ്റത്ത് മസീഹ് മൗഊ ദ്(അ)എന്നോടു ചോദിച്ചു. ജനാബ് മുഹമ്മദ് റസൂലുല്ലായുടെ ശിഷ്യനാ ണെന്ന് ഞാൻ പറഞ്ഞു. അതിനു ശേഷം എനിക്കു യാദൃച്ഛികമായി **ആയിനയെ കമാലാത്തെ ഇസ്ലാം, തിർയാഖുൽ ഖുലൂബ്** എന്നീ ഗ്രന്ഥ ങ്ങൾ വായിക്കാൻ അവസരം കിട്ടി. അതു വായിച്ചപ്പോൾ അഹ്മദിയ്യാ ജമാഅത്തിലേക്ക് എന്റെ ശ്രദ്ധ തിരി ഞ്ഞു. 1906-ൽ ഞാൻ ഇസ്തിഖാറ- ശരിയും തെറ്റും വേർതിരിച്ചറിയുന്ന തിനുള്ള-പ്രാർഥന നടത്തി. ഗോജ റജില്ലയിലെ ലായിൽപുരിയിലായി രുന്നു എനിക്കു ജോലി. സുബ്ഹി നമസ്കാരത്തിനു ശേഷം ജാഗ്ര ദർശനത്തിൽ(കശ്ഫിൽ) ഗോണിപ്പ ടികൾ കാണിക്കപ്പെട്ടു. ഓരോ പടി യിലും ബോർഡ് വെച്ചിരുന്നു. അവ സാനത്തെ പടിയുടെ ഇടയ്ക്ക് ചെമന്ന തറയിൽ *(അതിന്റെ പശ്ചാത്തലം ചെമന്നതായിരുന്നു)*വെള്ള അക്ഷരത്തിൽ ഒരു ബോർഡ് കണ്ടു. അതിൽ വലിയ അക്ഷരത്തിൽ മിർസാ ഗുലാം അഹ്മദ് ഖാദിയാനി മസീഹ് മൗഊദ്, മഹ്ദിയെ മഅ്ഹൂദ് എന്നെഴുതിയിരുന്നു. 1907 സെപ്റ്റം ബറിൽ സിയാൽക്കോട്ടു ജില്ലയിലെ 'റഅ്യ'എന്ന സ്ഥലത്ത് ഭാര്യാ പിതാ വിനെ കാണാൻ ഞാൻ പോയി. അദ്ദേഹം കരം പിരിക്കുന്ന ഉദ്യോഗ സ്ഥനായിരുന്നു. ഡോക്ടർ സയ്യിദ് അബ്ദുസ്സത്താർ ശാഹ് സാഹി ബിനെ കണ്ടു. അദ്ദേഹം റഅ്യ ആശുപത്രിയിലെ ഇൻചാർജായിരു ന്നു. അദ്ദേഹത്തോടൊപ്പം ഞാൻ ഖാദിയാനിൽപോയി. സുഹ്ർ നമ സ്കാര സമയത്ത് ഹദ്റത്ത് മസീഹ് മൗഊദി(അ)നെ സന്ദർശിച്ചു. 1903 -ൽ ഞാൻ സ്വപ്നത്തിൽ കണ്ട അതേ മുഖാകൃതിയും വസ്ത്രത്തി ലുമായിരുന്നു അവിടെ ഹദ്റത്ത് മസീഹ് മൗഊദി(അ)നെ ദർശിച്ചത്."

ഹദ്റത്ത് റഹ്മത്തുല്ലാഹ് സാഹിബ് അഹ്മദി, പെൻഷണർ പറ യുന്നു: "ഹദ്റത്ത് മസീഹ് മൗഊ ദ്(അ)കുറച്ചുനാൾ ലുധിയാനയിൽ താമസിച്ചിരുന്നു. പതിനേഴോ പതി നെട്ടോ വയസ്സുള്ള വിദ്യാർഥിയായി രുന്നു അന്ന് ഞാൻ. ഹദ്റത്തിന്റെ സന്നിധിയിൽ ഇടയ്ക്കിടെ ഞാൻ വരാറുണ്ടായിരുന്നു. ഹദ്റത്തിന്റെ മുഖകമലത്തിൽനിന്ന് പ്രകാശ കിര ണങ്ങൾ ഇറ്റിറ്റുവീഴുന്നത് ഞാൻ കണ്ടു. ആ മുഖകമലം കള്ളവാദി യുടേതല്ലെന്ന് എന്റെ മനസ്സ് വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ, മൗലവിമാരുടെ വാക്കുകൾ എന്നെ സംശയത്തിലകപ്പെടുത്തി. ഈ അവസരത്തിലാണ് മുഹമ്മദു ഹുസയ്ൻ ബട്ടാലവിയുമായുള്ള സംവാദം ലുധിയാനയിൽ നടക്കുന്ന ത്. അതിൽ ഞാനും പങ്കെടുത്തിരു ന്നു. അതിനുശേഷം അല്ലാഹു എന്റെ ഹിദായത്തിനായി-സന്മാർഗ ത്തിനായി ഹദ്റത്ത് മസീഹ് മൗഊ ദി(അ)ന്റെ ഗ്രന്ഥമായ **ഇസാലയെ ഔഹാം** എനിക്കെത്തിച്ചു. അത് ദിവ്യജ്യോതിസ്സുകൾ നിറഞ്ഞതായി രുന്നു. ചില രാത്രികളിൽ ഞാൻ ഉറ ങ്ങാതിരുന്നത് അല്ലാഹുവിനറിയാം; ഗ്രന്ഥത്തിനുമേൽ തലവച്ച് ഒന്നു മയങ്ങിയെങ്കിലായി. ഞാൻ ഗ്രന്ഥം വായിക്കുകയും ഒപ്പം കരയുകയു മായിരുന്നു. അല്ലാഹുവേ! ഇതെ ന്താണ് കാര്യം? ഞാൻ മനസ്സിൽ ചോദിച്ചുകൊണ്ടിരുന്നു. മൗലവിമാർ എന്തുകൊണ്ടാണ് വിശുദ്ധഖുർ ആൻ ഉപേക്ഷിച്ചു കളയുന്നത്? സ്നേഹത്തിന്റെ ജ്വാല ആ സമയ ങ്ങളിൽ എന്റെ മനസ്സിൽ വർധിച്ചു കൊണ്ടിരുന്നത് അല്ലാഹു അറിയു ന്നു. ഞാൻ **മൗലവി റശീദ് അഹ്മദ് സാഹിബ് ഗംഗോഹി**യ്ക്ക് കത്തെ ഴുതി. 'ഹദ്റത്ത് മിർസാ സാഹിബ് ഈസാനബി(അ)യുടെ മരണം വിശുദ്ധ ഖുർആനിലെ 30 വചന ങ്ങൾകൊണ്ട് തെളിയിക്കുന്നു. അങ്ങ് ദയവുചെയ്ത് ഈസാനബി(അ)ജീ വിച്ചിരിക്കുന്നുവെന്നതിനുള്ള ഖുർ ആനിലേയും ഹദീഥുകളിലേയും തെളിവുകൾ എഴുതി എനിക്കയച്ചു തന്നാലും. അപ്രകാരം തന്നെ മിർസാ സാഹിബ് ഈസാനബി യുടെ മരണം സ്ഥാപിക്കുന്നതിന് തെളിവായി ഉദ്ധരിക്കുന്ന ഖുർആ നിലെ 30 വചനങ്ങൾ ഖണ്ഡിച്ചു കൊണ്ട് എഴുതി അറിയിച്ചാലും. ഞാനത് പ്രസിദ്ധീകരിക്കുന്നതാണ്.' ഈസാനബിയുടെ മരണത്തെ സംബന്ധിച്ച് മിർസാ സാഹിബി നോടും അനുയായികളോടും വാദ പ്രതിവാദം നടത്തണ്ട എന്നാണെ നിക്ക് അദ്ദേഹത്തിന്റെ മറുപടി വന്നത്. കാരണം ഖുർആനിലെ മിക്ക വചനങ്ങളും ഈസാനബി യുടെ മരണമാണ് സ്ഥാപിക്കുന്നത്. ഇത് അഭിപ്രായവ്യത്യാസമുള്ള കാര്യമാണ്. 'മിർസാ സാഹിബ് എങ്ങനെയാണ് മസീഹ് മൗഊദ് ആകുന്നത്' എന്ന വിഷയത്തിൽ സംവാദം നടത്തുക. അദ്ദേഹം മറു പടിയിൽ എഴുതി, ഹദ്റത്ത് ഈസാ (അ)മരിച്ചതായി തെളിഞ്ഞാൽ മിർസാ സാഹിബ് സത്യവാനാണ്. വീണ്ടും എനിക്കു മറുപടി വന്നു, 'താങ്കളിൽ മിർസാ സാഹിബിന്റെ സ്വാധീനം ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. ഞാൻ ദുആ ചെയ്യാം.' അപ്പോൾ ഞാൻ അദ്ദേഹത്തിന് എഴുതി, 'താങ്കൾ താങ്കൾക്കുവേണ്ടി ദുആ ചെയ്താൽമതി.'

അവസാനം ഞാൻ അല്ലാഹുവിന്റെ തിരുസന്നിധിയിൽ വീണു. എന്റെ ഖൽബ് വെള്ളമായി ഒഴുകി പുറത്തു വന്നു; ഞാൻ അർശിന്റെ കാലുകൾ പിടിച്ചു കുലുക്കിയതു പോലെ. ഞാൻ യാചിച്ചു, 'അല്ലാഹുവേ, എനിക്കു വേണ്ടത് നിന്റെ തൃപ്തിയാണ്. എനിക്കുള്ള എല്ലാ ആദരവും നിനക്കുവേണ്ടി ബലിയർപിക്കാൻ ഞാൻ തയ്യാറാണ്. നിനക്കുവേണ്ടി എല്ലാ നിന്ദ്യതയും സ്വീകരിക്കാനും ഞാൻ തയ്യാറാണ്. നീ എന്നിൽ കരുണ ചൊരിഞ്ഞാലും.' അങ്ങനെ അല്പകാലം കഴിഞ്ഞതേയുള്ളു ഏതൊരുവന്റെ കൈയിൽ എന്റെ ജീവനിരിക്കുന്നുവോ അവനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു, 1893 ഡിസബർ 25 തിങ്കളാഴ്ച സുബ്ഹി നേരത്ത് 4 മണിയ്ക്ക് ജനാബ് ഹദ്റത്ത് മുഹമ്മദുനബി(സ)യെ കാണാൻ എനിക്കു ഭാഗ്യം കിട്ടി. അതിന്റെ വിശദീകരണം ഇപ്രകാരമാണ്: ബേരി എന്ന സ്ഥലത്ത് ഈ സാധു അസ്ർ നമസ്കാരത്തിന് വുളു(ക്ഷാളനം) ചെയ്യുകയായിരുന്നു. അറബി റസൂൽ വന്നിരിക്കുന്നുവെന്ന് ആരോ എന്നോടു പറഞ്ഞു. അദ്ദേഹം ഇനി ഈ രാജ്യത്തുതന്നെ താമസിക്കുന്നതാണ്. ഞാൻ ചോദിച്ചു, 'എവിടെയാണുള്ളത്?'അദ്ദേഹം പറഞ്ഞു, ഈ ടെന്റുകൾ ഹുദൂർ (സ)ന്റേതാണ്. ഞാൻ പെട്ടെന്ന് നമസ്കരിച്ച് അവിടേക്ക് പോയി. ഹുദൂർ(സ)കുറച്ചു സ്വഹാബാക്കൾക്കിടയിൽ ഇരിക്കുകയായിരുന്നു. അസ്സലാമു അലയ്ക്കും പറഞ്ഞതിനുശേഷം എനിക്കു കൈ നല്കി അനുഗ്രഹിച്ചു. ഞാൻ അവിടെ ഇരുന്നു. ഹുദൂർ(സ)അറബിയിൽ പ്രസംഗിക്കുകയായിരുന്നു. ഞാനെന്റെ കഴിവനുസരിച്ച് കാര്യങ്ങൾഗ്രഹിച്ചുകൊണ്ടിരുന്നു. പിന്നീട് ഉർദുവിൽ സംസാരം തുടർന്നു. നബി(സ)പറഞ്ഞു, 'ഞാൻ സത്യവാദിയാണ്. എന്നെ നിഷേധിക്കരുത്.' തുടങ്ങി പലതും. ഞാൻ പറഞ്ഞു, 'യാ റസൂലല്ലാഹ്! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു.' ആ ഗ്രാമം മുഴുവൻ മുസ്ലീംകളായിരുന്നു. പക്ഷേ, ആരും അടുത്ത് വന്നില്ല. അല്ലാഹുവേ! ഇതെന്താണ് സംഭവം? ഞാൻ അദ്ഭുതപ്പെട്ടു. വാസ്തവത്തിൽ ഇന്ന് മുസ്ലീംകൾ ആത്മസമർപണം ചെയ്യേണ്ട ദിവസമായിരുന്നു; നബി(സ)തിരുമേനിയുടെ ആദ്യകാലഘട്ടത്തിലെന്നപോലെ. ഹുദൂർ(സ) ഈ രാജ്യത്തു താമസിക്കുമെന്ന് എന്നെ അറിയിച്ചിരുന്നു. പക്ഷേ, നബി(സ)തിരുമേനി യാത്ര പുറപ്പെടാൻ നിർദേശം നല്കി. ഞാൻ യാത്രാവാഹനം തടഞ്ഞുകൊണ്ട് ഹുദൂറിനോട് ചേദിച്ചു, ഹുദൂർ യാത്ര പുറപ്പെടുകയാണല്ലോ. ഇനി എനിക്കെങ്ങനെയാണ് അങ്ങയെ കാണാൻ കഴിയുക? എന്റെ തോളിൽ ഹുദൂർ(സ)തന്റെ പരിശുദ്ധ കൈ വെച്ചുകൊണ്ട് പറഞ്ഞു, 'പരിഭ്രമം വേണ്ട, ഞാൻ സ്വയം നിന്നെ വന്നു കാണുന്നതാണ്.' ഹദ്റത്ത് മിർസാ സാഹിബ് അറബി റസൂലാണെന്ന് എനിക്ക് പ്രവർത്തിയിലൂടെ നബി(സ)തിരുമേനി മനസ്സിലാക്കിത്തന്നു. അല്ലാഹുവിനാകുന്നു സർവ സ്തുതിയും. ഞാൻ ബയ്അത്ത് ചെയ്തുകൊണ്ട് മിർസാ സാഹിബിന് കത്തെഴുതി. 1898 ഡിസംബർ 27 ചൊവ്വാഴ്ച്ച ഖാദിയാനിൽവന്ന് മഗ്രിബ് നമസ്കാരത്തിനു ശേഷം നേരിട്ട് ബയ്അത്ത് ചെയ്യാനും ഭാഗ്യം കിട്ടി. അല്ലാഹുവിന്റെ അനുഗ്രഹം എനിക്കു സ്ഥൈര്യം നല്കി. ഒരു എതിർപ്പിനും സത്യത്തിൽനിന്ന് എന്നെ പിന്തിരിപ്പിക്കാൻ കഴിഞ്ഞില്ല. ഇതെല്ലാം ഇടയ്ക്കിടെ എനിക്കു ലഭിച്ചുകൊണ്ടിരുന്ന ഹുദൂറിന്റെ സൽസംഗത്തിന്റെ ഫലമൊന്നു മാത്രമായിരുന്നു. ഈ കൈകൾക്ക് ഹുദൂറിന്റെ കൈ നിറച്ചുപിടിക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ട്. ബയ്അത്ത് പരസ്യപ്പെടുത്തിയപ്പോൾ പല തരത്തിലുള്ള വിപത്തുകളും എനിക്കു നേരിടേണ്ടി വന്നു. എന്നാൽ, അല്ലാഹു എന്നെ കാത്തു രക്ഷിച്ചുവെന്നു മാത്രമല്ല, ആ നഷ്ടങ്ങളെക്കാളധികം പാരിതോഷികങ്ങൾ നല്കി അവൻ എന്നെ അനുഗ്രഹിച്ചു. എന്റെ പിതാവും സഹോദരനും അടുത്ത ബന്ധുക്കളും അഹ്മദികളായി.”

### അല്ലാഹുവിനോട് തേടുക

ശേയ്ഖ് അസ്ഗർ അലി സാഹിബ് പറയുന്നു: ''ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, തബ്ലീഗ് ചെയ്യുമ്പോൾ ജനങ്ങളോട് ഇപ്രകാരം പറയുന്നത് ഒരുപാട് ഫലപ്രദമാണ്. ഇശാനമസ്കാരത്തിനുശേഷം ഉറങ്ങുന്നതിനു മുമ്പേ വുളുചെയ്ത് രണ്ട് റക്അത്ത് നഫ്ൽ നമസ്കരിക്കുക. അതിൽ ഇങ്ങനെ പ്രാർഥിക്കുക, 'ഞങ്ങളുടെ യജമാനനായ അല്ലാഹുവേ! ഈ ജമാഅത്ത് സത്യമാണെങ്കിൽ ഞങ്ങളിൽ സത്യം വെളിപ്പെടുത്തിയാലും.'

ഞാൻ കിഴക്കൻ ആഫ്രിക്കയിൽ 1900-ൽ ജോലിക്കുപോകുമ്പോൾ എന്റെ ഒരു പഴയസുഹൃത്തും സറായെ ആലംഗീർ എന്ന സ്ഥലക്കാരനുമായ നേക് മുഹമ്മദു സാഹിബിനേയും കൂടെക്കൂട്ടി. അദ്ദേഹത്തെ തബ്ലീഗ് ചെയ്തുകൊണ്ട് ഞാൻ ഈ കുറിപ്പടി പറഞ്ഞുകൊടുത്തു. അദ്ദേഹം അതനുസരിച്ച് പ്രവർത്തിച്ചു. അല്ലാഹു അദ്ദേഹത്തിന് സ്വപ്നത്തിൽ താഴെ വിവരിക്കുന്ന ദൃശ്യം കാണിച്ചുകൊടുത്തു. അദ്ദേഹം തന്റെ നാടായ സറായെ ആലംഗീറിലെ വീട്ടിലാണുള്ളത്. അദ്ദേഹത്തിന്റെ പരേതനായ പിതാവും കൂടെയുണ്ട്. അദ്ദേഹം നില്ക്കുന്ന വീട് പ്രകാശമാനമായി. ആകാശത്ത് നിന്ന് പ്രകാശത്തിന്റെ ഒരു തിരമാല അലയടിച്ചു വരുന്നതായി അദ്ദേഹം കാണുന്നുണ്ട്. അത് വീടിന്റെ ഉൾഭാഗം മുഴുവൻ പ്രകാശമാനമാക്കിത്തീർത്തു. ക്ഷണത്തിൽ ഒരു പരിശുദ്ധാത്മാവ് പ്രത്യക്ഷപ്പെട്ടു. നേക് മുഹമ്മദ് സാഹിബിന്റെ പിതാവ് തന്റെ മകനോടു പറഞ്ഞു, 'ഇദ്ദേഹം ഇമാം മഹ്ദിയാണ്.' പിതാവും പുത്രനും ഹുദൂറിനെ കണ്ടു. മനോഹരമായ ആ ദൃശ്യം കണ്ട് അദ്ദേഹം ഉണർന്നു. നേരം വെളുത്തപ്പോൾ അദ്ദേഹം അക്കാര്യം എന്നോടു പറഞ്ഞു. ബയ്അത്ത് ചെയ്ത് കത്തെഴു

ശേഷം പേജ് 23 ൽ

# ഫറോവ:
# വിശുദ്ധ ഖുർആന്റെ വെളിപ്പെടുത്തൽ

ഫറോവ അഥവാ ഫിർഔന്റെ ജീവിതാന്ത്യത്തെ സംബന്ധിച്ച് ബൈബിൾ കഥയിൽ നിന്ന് വ്യത്യസ്തമായി ഖുർആൻ വെളിപ്പെടുത്തുന്ന വസ്തുത കളാണ് ചരിത്രസത്യങ്ങളുമായി യോജിക്കുന്നത്.

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)**

ജൂതന്മാർക്കും ക്രിസ്ത്യാനികൾക്കും മുസ്‌ലിംകൾക്കും പൊതു താൽപര്യമുള്ളതും മതപരമായി പ്രാധാന്യമുള്ള മഹത്തായ ഒരു ചരിത്ര സംഭവത്തിന്റെ വിവരണം നാം ഇവിടെ നൽകുവാനാരംഭിക്കുകയാണ്. അത് മോസസി(അ)ന്റെ പുറപ്പാടു(Exodus)* മായി ബന്ധപ്പെട്ടതാണ്. നൈൽനദിയുടെ അപകടകരമായ ഡെൽറ്റാ പ്രദേശം മോസസും(അ) അദ്ദേഹത്തിന്റെ ജനതയും സുരക്ഷിതമായി മുറിച്ചു കടന്നപ്പോൾ അദ്ദേഹത്തെ പിന്തുടർന്ന ഫറോവയുടെ സൈന്യത്തിന് എന്താണ് സംഭവിച്ചത് എന്നും ഇവിടെ പ്രതിപാദിക്കുന്നു.

ബൈബിൾ പഴയനിയമത്തിലും പുതിയ നിയമത്തിലും വിശുദ്ധ ഖുർആനിലും ജൂത ക്രൈസ്തവ ചരിത്രത്തിൽ ഒരേ കാലത്ത് നടന്ന നിരവധി ചരിത്ര സംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. പക്ഷേ, ഇപ്പോഴത്തെ ചർച്ചക്കായി നാം വളരെ ശ്രദ്ധാപൂർവം തിരഞ്ഞെടുത്തത് പുറപ്പാടാണ്. കാരണം അത് ഹ്രസ്വരൂപത്തിൽ ഖുർആനിക വെളിപാടുകളുടെ ദിവ്യ പ്രകൃതി തുറന്നു കാട്ടുന്നു.ബൈബിൾ അതിന്റെ സമകാലീന ചരിത്രം രേഖപ്പെടുത്തുന്നുവെങ്കിലും അവ താരതമ്യേന പ്രകടമായും ആഴം കുറഞ്ഞവയും ഉപരിതലത്തെ മാത്രം സ്പർശിക്കുന്നതുമാണ്. ബൈബിൾ ഈ സംഭവം രേഖപ്പെടുത്തുന്നത്, മോസസിന്റെ താവളത്തിലെ ഒരു അനുയായിയുടെ നിരീക്ഷണ കോണിൽ നിന്നുകൊണ്ടാണ്. ഫറോവയും അദ്ദേഹത്തിന്റെ സൈന്യവും പർവതസമാനമായ രണ്ട് ജലതരംഗങ്ങൾക്കിടയിൽ പെട്ട് മുങ്ങിയ സംഭവം മോസസിന്റെ ഈ ക്യാമ്പിൽ വെച്ച് നോക്കി പാർത്ത് കൊണ്ടാണ് മിക്കവാറും ആ സംഭവം ബൈബിൾ രേഖപ്പെടുത്തിയത്. ഫറോവ മുങ്ങുന്നതിന് മുമ്പേ അയാൾക്ക് എന്ത് സംഭവിച്ചു? ഫറോവ മുങ്ങുന്ന നിമിഷത്തിൽ ദൈവത്തോട് ഫറോവ എന്തെങ്കിലും യാചിച്ചിട്ടുണ്ടെങ്കിൽ അതെന്ത്? ഈ സംഗതികളെല്ലാം തന്നെ കരയിൽ നിന്ന് സംഭവം നോക്കിക്കാണുന്ന ഒരു നിരീക്ഷകന്റെ നിരീക്ഷണ പരിധിക്കപ്പുറത്തുള്ള കാര്യങ്ങളാണ്. ആയതിനാൽ ഫറോവയും അദ്ദേഹത്തിന്റെ സൈന്യത്തിലെ ഓരോരുത്തരും ആരും തന്നെ അവശേഷിക്കാത്ത വിധം മുങ്ങിപ്പോയിയെന്നാണ് ബൈബിൾ പ്രതിപാദനം.

***'ഇസ്രയേൽക്കാരെ പിന്തുടർന്ന രഥങ്ങളേയും കുതിരപ്പടയേയും ഫറവോന്റെ മുഴുവൻ സൈന്യത്തേയും വെള്ളം വന്നു മൂടി. ഒരുത്തനും ശേഷിച്ചില്ല. വെള്ളം ഇടതും വലതും മതിൽ പോലെ ഉയർന്നു നിന്നിരുന്നതിനാൽ ഇസ്രായേൽ ജനം സമുദ്രത്തിലൂടെ കടന്നു പോയി'. (പുറപ്പാട്, 14:28, 29)***

ഈ ബൈബിൾ പ്രസ്താവന പ്രകാരം വ്യക്തമായും എല്ലാവരും സമുദ്രത്തിൽ മുങ്ങി മരിച്ചിരുന്നു. ഫറോവയും ഇതിൽ നിന്ന് രക്ഷപ്പെട്ടില്ല. സൈന്യത്തിന്റെ പരാജയം പൂർണമായിരുന്നു. ഈ പ്രസ്താവനക്ക് വിരുദ്ധമായതാണ് ഇതേ സംഭവത്തെക്കുറിച്ചുള്ള ഖുർആന്റെ വിവരണം. വ്യത്യാസം വളരെ വ്യക്തമാണ്.

***'നാം ഇസ്രായേൽ സന്തതികളെ സമുദ്രം കടത്തി വിട്ടു. അപ്പോൾ ഫിർഔനും അവന്റെ സൈന്യങ്ങളും അക്രമപരമായും വിദ്വേഷപരമായും അവരെ പിന്തുടർന്നു. ഒടുവിൽ മുങ്ങുന്ന(വിപത്ത്) അവരെ പിടികൂടിയപ്പോൾ അവൻ പറഞ്ഞു: 'ബനൂഇസ്റായീൽ വിശ്വസിച്ചിട്ടുള്ള ദൈവമല്ലാതെ മറ്റൊരു ദൈവവുമില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ (ആ ദൈവത്തെ) അനുസരിക്കുന്നവരിൽപ്പെട്ടവനുമാകുന്നു.'***

***എന്ത്! ഇപ്പോഴോ? (ഇതിന്) മുമ്പേ നീ ധിക്കരിച്ചിരുന്നു. നീ കുഴ***

---

***പുറപ്പാട്(Exodus):** ഇസ്രായേൽ ജനം മോസസിന്റെ നേതൃത്വത്തിൽ ഈജിപ്ഷ്യൻ അടിമത്ത്വത്തിൽ നിന്ന് മോചിപ്പിക്കപ്പെട്ട് പലസ്തീൻ ദേശത്തേക്ക് പലായനം ചെയ്ത സംഭവമാണ് പുറപ്പാട്. ബൈബിളിൽ ഈ സംഭവം വിവരിക്കുന്ന അദ്ധ്യായത്തിന്റെ പേരും പുറപ്പാട് എന്നാണ്.(വിവ:)

*പ്പക്കാരിൽപ്പെട്ടവനുമായിരുന്നു.*

*അതിനാൽ നിന്റെ ശരീരത്തെ (മാത്രം) നാം ഇന്ന് രക്ഷപ്പെടുത്തും. നിന്റെ പിറകെയുള്ളവർക്ക് നീ ഒരു ദൃഷ്ടാന്തമായിരിക്കാൻ വേണ്ടി. തീർച്ചയായും മനുഷ്യരിൽ അധിക പേരും നമ്മുടെ ദൃഷ്ടാന്തങ്ങളെ കുറിച്ച് അശ്രദ്ധരാണ്.'(10: 91,93)*

ഖുർആന്റെ ഈ പ്രസ്താവനക്ക് വിരുദ്ധമായി ഫറോവയുടെ ശരീരത്തിന്റെ വീണ്ടെടുപ്പിന്റെ സാധ്യതയെപ്പറ്റി യാതൊരു സൂചനയും ബൈബിളിൽ കാണുന്നില്ല. അവരിൽ പ്പെട്ട ഒരാളും തന്നെ അവശേഷിച്ചില്ല എന്നാണ് ബൈബിൾ പരാമർശം. ഫറോവയുടെ ശരീരം, ഭാവി തലമുറക്ക് ഒരു ദൃഷ്ടാന്തം എന്ന നിലയിൽ സംരക്ഷിക്കുമെന്ന് ഖുർആൻ പറയുന്നത് വരെ, മനുഷ്യനെഴുതിയ ചരിത്രത്തിലൊന്നും തന്നെ ഒരിക്കലും അത് സംബന്ധിച്ച് ഒരു പരാമർശവുമുണ്ടായിട്ടില്ല.

ഖുർആൻ ഈ സംഭവം വെളിപ്പെടുത്തുന്ന അവസരത്തിൽ മരുഭൂമിയുടെ അഗാധതകളിൽ അടുക്കുകൾക്ക് മീതെ അടുക്കുകളായി ഈജിപ്ഷ്യൻ രാജാക്കൻമാരുടെ മൃതശരീരങ്ങൾ കുഴിച്ചു മൂടപ്പെട്ടു കിടക്കുകയായിരുന്നു. ആ കാലഘട്ടത്തിൽ മൃതശരീരം മമ്മിയാക്കുന്ന ശാസ്ത്രത്തെ സംബന്ധിച്ച് ചുരുക്കം ചിലത് മാത്രമേ ജനങ്ങൾ അറിഞ്ഞിരുന്നുള്ളൂ. അറബികൾക്ക് തീർച്ചയായും അതിനെ പറ്റി അറിയില്ലായിരുന്നു. മതപരമോ അല്ലാത്തതോ ആയ ഒരു പുസ്തകത്തിലോ ഒരു പാരമ്പര്യത്തിലോ ഫറോവയുടെ ശരീരത്തെ രക്ഷപ്പെടുത്തിയ വിവരം പരാമർശിക്കുകയോ അതിനു ശേഷം അത് സംരക്ഷിക്കുമെന്ന് പറയുകയോ ചെയ്തിട്ടില്ല. ഖുർആന്റെ ഈ പരാമർശം ഈ രണ്ട് അർഥത്തിലും അതുല്യമാണ്. എന്തെന്നാൽ പുറം ലോകത്തിന് ഇത് വരെ അറിയാൻ കഴിഞ്ഞിട്ടില്ലാത്ത ഭൂതകാല സംഭവങ്ങൾ വെളിപാടിലൂടെ ഖുർആൻ അറിയിക്കുക മാത്രമല്ല, ഭാവിയിൽ ഖുർആനിക പ്രസ്താവനയുടെ സത്യത തെളിയിക്കുമെന്ന് പ്രവചിക്കുകയും ചെയ്യുന്നു. ബൈബിൾ വിവരിച്ച സാഹചര്യത്തിൽ ഫറോവയുടെ ശരീരം മുങ്ങുക എന്നത് അസംഭാവ്യമാണെന്ന് കരുതാൻ ന്യായമുണ്ട്. മുങ്ങിയാൽ തന്നെ വീണ്ടെടുക്കാവുന്നതാണ്. അങ്ങനെ ഒരു ശരീരം വെള്ളത്തിൽ നിന്ന് വീണ്ടെടുത്താൽ അതിനെ മമ്മിയാക്കുവാൻ നിസ്സാരമല്ലാത്ത പല പ്രശ്നങ്ങളുമുണ്ട്.

എന്നിട്ടും ഖുർആന്റെ അവകാശവാദം ഫറോവയുടെ ശരീരം സംരക്ഷിക്കുമെന്നാണ്. ഖുർആൻ അവതരിക്കുന്ന കാലത്ത് ലഭ്യമായിരുന്ന ചരിത്രപരമായ തെളിവുകൾക്കെതിരെ ഇത്തരം ഒരു പ്രസ്താവന നൽകുക എന്നത് ഒരു മനുഷ്യനും സ്വപ്നം കാണാൻ പോലും കഴിയാത്ത കാര്യമാണ്. ആളുകൾക്കെല്ലാമറിയുന്നത്, ഫറോവയുടെ ശരീരം കടൽ വിഴുങ്ങി എന്നെന്നേക്കുമായി നഷ്ടപ്പെട്ടുവെന്ന് മാത്രമായിരുന്നു. ഈജിപ്തിലെ ശവകുടീര മോഷ്ടാക്കൾക്ക് പോലും രാജാക്കൻമാരുടെ താഴ്‌വരയിൽ*മറമാടിയ ശവകുടീരങ്ങളിലേതെങ്കിലുമൊന്നിൽ ഫറോവയുണ്ടാകുമെന്ന വിചാരം പോലുമുണ്ടായിരുന്നില്ല. ഇസ്‌ലാം മതത്തിന്റെ പ്രവാചകനാണ് ഖുർആന്റെ കർത്താവെങ്കിൽ, ഇത്തരത്തിൽ അസാധാരണമായ ഒരു പ്രസ്താവന നടത്തുവാൻ അദ്ദേഹത്തിന് എങ്ങനെ സാധ്യമായി. ഈ പ്രസ്താവന അദ്ദേഹത്തിന് ഒരു വിധത്തിലും സഹായകരമായ ഒരു പ്രസ്താവനയുമായിരുന്നില്ല.

മറിച്ച് ഈ പ്രസ്താവന എതിരഭിപ്രായമുണ്ടാക്കുകയാണ് ചെയ്യുക. പ്രവാചകന്റെ പ്രസ്താവന വെല്ലുവിളിക്കപ്പെടുകയാണെങ്കിൽ അദ്ദേഹം ഉന്നയിച്ച തർക്കത്തിനനുകൂലമായി യാതൊരു തെളിവും കൊണ്ടു വരാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. ഒരേയൊരു വഴി ഖുർആന്റെ സത്യവുമായി രാജിയാവുക എന്നത് മാത്രമായിരുന്നു. ഖുർആൻ വെളിപ്പെട്ടു കഴിഞ്ഞ് നിരവധി നൂറ്റാണ്ടുകൾ കഴിഞ്ഞതിനു ശേഷമാണ് ഭൂമി ഫിർഔന്റെ രഹസ്യത്തിലേക്ക് വെളിച്ചം വീശിയത്. മോസസ്(അ)ന്റെ കാലത്ത് വാണിരുന്നു എന്ന് പറയപ്പെടുന്ന എല്ലാ ഫറോവാ രാജകുടുംബാംഗങ്ങളുടേയും മമ്മി ഫൈ ചെയ്ത മൃതദേഹങ്ങൾ വീണ്ടെടുക്കുകയുണ്ടായി.

മോസസ്(അ)ന്റെ ഫറോവ രംസീസ് രണ്ടാമനാണോ അതല്ല മറ്റാരെങ്കിലുമാണോ എന്ന വിവാദം ഇപ്പോഴും തുടരുന്നു. വാസ്തവത്തിൽ രാജാക്കൻമാരുടെ താഴ്‌വരയിൽ നിന്ന് കണ്ടെടുക്കപ്പെട്ട മമ്മികളിലൊന്ന് മോസസു(അ)മായി ഏറ്റുമുട്ടിയ ഫറോവയാണെന്ന കാര്യം ഇപ്പോൾ തർക്കമറ്റതാണ്. അതുകൊണ്ട് ഒരാൾക്ക് നിരൂപിച്ചെടുക്കാവുന്ന ഒരേയൊരു നിഗമനം മുഴുലോക ചരിത്രവും രേഖപ്പെടുത്തിയ വിധിതീർപ്പിനെതിരായ ഖുർആന്റെ വിധിതീർപ്പ് മാത്രമാണ് ശരി എന്നാണ്. '*അതിനാൽ നിന്റെ ശരീരത്തെ മാത്രം നാം ഇന്ന് രക്ഷപ്പെടുത്തും.*' ഇതായിരുന്നു ഖുർആന്റെ വിധി പ്രസ്താവം. ആ വിധി

*രാജാക്കൻമാരുടെ താഴ്‌വര (Valley of Kings): ഈജിപ്തിലെ നൈൽനദിയുടെ പടിഞ്ഞാറെക്കരയിൽ തീബ്സ് നഗരത്തിനരികെ മിക്ക ഫറോവമാരേയും അടക്കം ചെയ്തിരുന്ന ഇടുങ്ങിയ താഴ്‌വരയാണ് 'രാജാക്കൻമാരുടെ താഴ്‌വര' എന്നറിയപ്പെടുന്നത്. 60 രാജകീയ ശവകുടീരങ്ങളും മമ്മികളുമാണ് ഇവിടെ നിന്ന് കണ്ടെടു ത്തത്. 1817ൽ ഇറ്റാലിയൻ പുരാവസ്തു പര്യവേക്ഷകനായ ജി.ബി. ബെൻസോണിയാണ് ആദ്യമായി സെതി ഫറോവ(Sethi Pharaoh)യുടെ മമ്മി ഇവിടെ നിന്ന് കണ്ടെത്തിയത്. താഴ്‌വരയിലെ ശവകുടീരങ്ങളിൽ സൂക്ഷിച്ചിരുന്ന ഭാരിച്ച സ്വർണവും മറ്റു വിലപിടിപ്പുള്ള വസ്തുക്കളും നിരന്തരം കള്ളൻമാരുടെ കവർച്ചക്ക് വിധേയമായിരുന്നു. എന്നിട്ടും 1881 ൽ തീബ്സിലെ ദെയ്റ-ൽ ബഹാരിയിൽ നിന്ന് നാൽപ്പത് മമ്മികളുടെ കൂട്ടത്തിൽ മോസസിന്റെ കാലത്തെ ഫറോവയായ രംസീസ് രണ്ടാമന്റെ മമ്മി കണ്ടെടുത്തി. ബി.സി. ആയിരാമാണ്ടിൽ ഒരു പുരോഹിതനാണ് ഫറോവമാരുടെ എല്ലാ മമ്മികളും ഒരുമിച്ചു കൂട്ടി രാജാക്കൻമാരുടെ താഴ്‌വര എന്നറിയപ്പെടുന്ന ഇവിടെ മറമാടിയത് എന്ന് കരുതപ്പെടുന്നു.(വിവ:)

പ്രസ്താവമാണ് ഇന്ന് ചരിത്രത്തിന്റെ വിധി പ്രസ്താവമായി വന്നിരിക്കുന്നത്.

ഫറോവയോടുള്ള ദൈവത്തിന്റെ ഈ അഭിസംബോധനയുടെ സാധ്യമായ ഒരു അർഥം ഇതാണ്: അതായത് അദ്ദേഹത്തിന് രക്ഷപ്പെടാനുള്ള സമയം കഴിഞ്ഞിരിക്കുന്നു. എന്നാൽ, അദ്ദേഹത്തിന്റെ മൃതശരീരം രക്ഷിക്കപ്പെടുന്നതാണ്. മറ്റൊരു സാധ്യമായ അർഥം ഇതാണ്: അദ്ദേഹത്തിന്റെ വിശ്വാസം സ്വീകരിക്കപ്പെടാനുള്ള സമയം കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ ആത്മാവ് രക്ഷിക്കപ്പെടുകയില്ല. ഇവിടെ ഫറോവയുടെ ശരീരം ജീവച്ഛവം (Zombie -ചലിക്കുന്ന മൃതശരീരം) പോലെ ആത്മാവ് നഷ്ടപ്പെട്ട നിലയിൽ, ജീവിക്കുവാനായി മാത്രം ശരീരം രക്ഷിക്കപ്പെടും എന്നാണ്. നമ്മുടെ അഭിപ്രായപ്രകാരം ഖുർആൻ ഉദ്ദേശിച്ചത് രണ്ടാമത് പറഞ്ഞ അർഥമാണ്. ഫറോവയെ രക്ഷിക്കുംപക്ഷേ, ആത്മീയത നഷ്ടപ്പെട്ട അവസ്ഥയിലായിരിക്കും. നമ്മുടെ നിഗമനത്തിന് ഉപോദ്ബലകമായി ഈ സംഭവകഥനത്തിൽ ഖുർ ആൻ സ്വീകരിച്ച ശൈലി ഉദ്ധരിക്കാം . ഖുർആന്റെ പ്രയോഗ ശൈലിയുടെ പ്രത്യേക താൽപര്യമെന്താണെന്നു നോക്കാം. നിന്റെ ശരീരത്തെ മാത്രം നാം ഇന്ന് രക്ഷപ്പെടുത്തും എന്നതാണ് ആ ശൈലി.'***നുനജ്ജിക്ക ബി ബദനിക്ക***' ഫറോവ താൻ മരിച്ചതിന് ശേഷം തന്റെ മൃതശരീരം രക്ഷപ്പെടുത്തുന്നതിനേക്കാൾ ഇവിടെ ഭൂമിയിലെ രക്ഷപ്പെടലിനെക്കുറിച്ചായിരിക്കും ഉത്കണ്ഠാകുലനായിരിക്കുക എന്ന് വ്യക്തമാണ്. ഫറോവയുടെ ആത്മീയ ജീവിതമോ ശാരീരിക ജീവിതമോ രക്ഷിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ '*നിന്റെ ശരീരത്തെ മാത്രം ഇന്ന് ഞാൻ രക്ഷപ്പെടുത്തും*' എന്ന വാഗ്ദാനത്തിന്റെ അർഥമെന്താണ്? ഫറോവ തന്റെ മൃതശരീരം രക്ഷപ്പെടുത്തുവാൻ വേണ്ടി ഒരിക്കലും പ്രാർഥിക്കില്ല എന്നത് വളരെ വ്യക്തമാണ്.

ഖുർആനിൽ നിന്ന് വ്യക്തമാവുന്നത് പോലെ ഫിർഔന്റെ പ്രാർഥന ഭാഗികമായിട്ടാണെങ്കിൽ പോലും സ്വീകരിച്ചെങ്കിൽ, അദ്ദേഹത്തിന് ആത്മീയമായും ശാരീരികമായും മരിക്കുക എന്ന പ്രശ്നം ഉത്ഭവിക്കുന്നില്ല. അത് അദ്ദേഹം പ്രാർഥനയിലൂടെ യാചിച്ചതിന്റെ സമ്പൂർണ നിഷേധത്തിനു തുല്യമാണ്. ഇസ്രായേലി ദൈവത്തിലുള്ള അദ്ദേഹത്തിന്റെ വിശ്വാസപ്രഖ്യാപനം അദ്ദേഹത്തിന്റെ ജീവനെപറ്റിയുള്ള ഭയം കൊണ്ടായിരിക്കണം. ഇത് നിരർഥകമായതിനാൽ ന്യായമായും നിരസിക്കപ്പെട്ടിരിക്കണം. വാഗ്ദാനമിതാണ് അദ്ദേഹത്തിന്റെ ശരീരം മാത്രമാണ് രക്ഷപ്പെടുത്തുക. ആത്മാവിനെയല്ല. എന്നാൽ, മിക്ക മുസ്‌ലിം പണ്ഡിതൻമാരും ഫറോവയുടെ അഭയയാചന ദൈവം പൂർണമായും നിരാകരിച്ചുവെന്നാണ് ശക്തമായും അഭിപ്രായപ്പെടുന്നത്. അദ്ദേഹത്തിന്റെ ശരീരം രക്ഷിക്കപ്പെടുമെന്ന വാഗ്ദാനം മൃതശരീരം കടലിൽ നിന്ന് രക്ഷപ്പെടുത്തുമെന്നത് മാത്രമാണെന്ന് അവർ പറയുന്നു.

ബൈബിളും ഖുർആനും വിവരിക്കുന്ന സാഹചര്യമെടുക്കുകയാണെങ്കിൽ അവരെ സംബന്ധിച്ചിടത്തോളം അത് പോലും ചെറുതല്ലാത്ത ഒരു ദിവ്യാത്ഭുതമാണ്. വാസ്തവത്തിൽ മൃതശരീരം രക്ഷിക്കപ്പെടും എന്ന വാഗ്ദാനം മുങ്ങിക്കൊണ്ടിരിക്കുന്ന ഫറോവക്ക് മഹത്തായ ഒരു ആനുകൂല്യമാണെന്ന് അവർ കരുതുന്നു.

ഫറോവമാർ വളരെ അഹങ്കാരികളായ ഒരു രാജവംശമായിരുന്നു എന്നാണ് അവരുടെ വാദം. അദ്ദേഹത്തിന്റെ മരണ നിമിഷത്തിൽ തന്റെ ശരീരം സംരക്ഷിക്കപ്പെടും എന്ന വെറും വാഗ്ദാനം പോലും അദ്ദേഹത്തിനു കുറച്ച് ആശ്വാസം ഉണ്ടാക്കിയിരിക്കണം. എന്നാൽ, ദൈവത്തിന്റെ ഉദ്ദേശ്യം അദ്ദേഹത്തിന്റെ പൊങ്ങച്ചത്തെ മാത്രം തൃപ്തിപ്പെടുത്തുക എന്നതായിരുന്നില്ല. ദൈവത്തിന്റെ യഥാർഥ ഉദ്ദേശ്യം ഭാവിതലമുറക്ക് പലവിധത്തിലും പ്രാധാന്യമുള്ള വമ്പിച്ച ഒരു ദൃഷ്ടാന്തം നൽകുക എന്നതാണ്. അതിൽ നിന്ന് അവർക്ക് ധാരാളം ഗുണപാഠങ്ങൾ ലഭ്യമാവുമായിരിക്കും എന്നാണ് ഭൂരിപക്ഷം മുസ്‌ലിം പണ്ഡിതൻമാരും പറയുന്നത്.

ഇവിടെ നാം ചർച്ച ചെയ്യുന്ന ഫറോവ, മുങ്ങിമരിച്ചതാണെന്നോ അദ്ദേഹത്തിന്റെ ശരീരം മാത്രമാണ് രക്ഷിക്കപ്പെട്ടതെന്നോ അല്ലെങ്കിൽ മുങ്ങുമ്പോൾ ആസന്നമരണനായിരിക്കെ അദ്ദേഹം രക്ഷപ്പെടുകയാണുണ്ടായതെന്നോ ഉള്ള വിവാദങ്ങളുടെ അനന്തരഫലങ്ങൾ എന്തുമായിക്കൊള്ളട്ടെ അതൊന്നും ഖുർആന്റെ ദിവ്യാദ്ഭുതത്തിന് യാതൊരു മങ്ങലുമേൽപ്പിക്കുന്നില്ല. ഖുർആൻ പ്രവചിച്ചത് പോലെ ഫറോവയുടെ ശരീരം തീർച്ചയായും സംരക്ഷിക്കപ്പെടുകയും ആ സത്യം ഭാവിതലമുറയുടെ അറിവിനു മുന്നിൽ കൊണ്ടു വരികയും ചെയ്തിരിക്കുന്നു.

യാദൃച്ഛികമെന്ന് പറയട്ടെ, ഫറോവ മരിക്കുകയും അദ്ദേഹത്തിന്റെ ശരീരം സംരക്ഷിക്കപ്പെടുകയും ചെയ്തുവെന്ന് വിശ്വസിക്കുന്ന പണ്ഡിതൻമാർ, പ്രസ്തുത ഫറോവ രംസീസ് രണ്ടാമനെ (Rameses II) പിന്തുടർന്നു വന്ന മെർണെപ്ത് (Mernepth) ആണെന്നും രംസിസ് അല്ലെന്നുമാണ് പറയുന്നത്. മോസസ്(അ)

---

*ഇവിടെ പരാമർശിക്കുന്നത് ഫറോവയുടെ ദൈവഭക്തയായ ഭാര്യ ഹദ്റത്ത് ആസിയ ബീവിയെയാണ്. ഖുർആനിൽ അവരെ പരാമർശിച്ച രണ്ടിടത്തും അവരുടെ നാമം പരാമർശിച്ചിട്ടില്ല. ഫിർഔന്റെ ഭാര്യ എന്നു മാത്രമേയുള്ളൂ. സത്യവിശ്വാസികൾക്ക് മാതൃകയായി ഹദ്റത്ത് മർയം ബീവിയോടൊപ്പം ഖുർആൻ പരിചയപ്പെടുത്തുന്ന മറ്റൊരു മഹതിയാണ് ഫിർഔന്റെ ഭാര്യ. ബൈബിളിൽ, ശിശുവായ മോസസിനെ നദിയിൽ നിന്നെടുക്കുന്നതും വളർത്തുന്നതും ഫറോവയുടെ പുത്രിയായിട്ടാണ് വിവരിച്ചിട്ടുള്ളത്, ഭാര്യയല്ല. (വിവ:)

*ഈജിപ്തിൽ ഫറോവയുടെ കൊട്ടാരത്തിൽ വളർന്ന മോസസ് തദ്ദേശിയനായ ഒരു കോപ്റ്റു വർഗക്കാരനെ അവിചാരിതമായി കൊല ചെയ്തതിനാലാണ് ഈജിപ്ത് വിട്ട് മിദ്യൻ ദേശത്തേക്ക് പോയതെന്നാണ് വിശ്വാസം(വിവ:)

രണ്ട് ഫറോവമാരുടെ ഭരണത്തിനു കീഴിൽ ജീവിച്ചു എന്ന വസ്തുത ഇതിലടങ്ങിയിരിക്കുന്നു. രംസീസ് രണ്ടാമൻ ഫറോവ രാജാവായിരുന്നപ്പോഴായിരുന്നു മോസസ്(അ) ജനിക്കുന്നതും രംസീസിന്റെ ചെറുപ്പക്കാരിയായിരുന്നുവെന്ന് കരുതപ്പെടുന്ന ദൈവഭക്തയായ ഭാര്യമാരിലൊരാൾ* അദ്ദേഹത്തെ കൊട്ടാരത്തിലേക്ക് കൊണ്ടു വരുന്നതും. അവർക്ക് സ്വന്തമായി കുട്ടികളില്ലായിരുന്നു. ഒരു കുട്ടിയെ ദത്തെടുക്കാനുള്ള അവരുടെ ആഗ്രഹം മനസ്സിലാക്കാവുന്നതാണ്. ഈയൊരു പ്രമേയം അംഗീകരിക്കുകയാണെങ്കിൽ മോസസ്(അ) മിദ്‌യൻ ദേശത്തേക്ക് പോകുകയും രംസീസ് രണ്ടാമന്റെ മരണശേഷം മെർണെപ്‌ത് അധികാരമേറ്റെടുത്തപ്പോൾ ഈജിപ്തിലേക്ക് മടങ്ങി വരികയും ചെയ്യേണ്ടതുണ്ട്. അവർ തങ്ങളുടെ വാദത്തിനു തെളിവായിക്കൊണ്ട് ബൈബിൾ ഉദ്ധരിക്കുന്നു.* അതായത് മിദ്‌യൻ ദേശത്തെ പ്രവാസ ജീവിത കാലത്ത് നരവേട്ടക്കാരനായ ഫറോവ (രംസീസ് രണ്ടാമൻ) മരിച്ചുവെന്ന് ദൈവത്തിൽ നിന്ന് മോസസി(അ)ന് അറിയിപ്പുണ്ടായി എന്നാണ് ബൈബിൾ പരാമർശം.

ഈയൊരു വിവരണം യുക്തിപരവും സ്വീകാര്യവുമാണെന്നു തോന്നും. പക്ഷേ, പ്രത്യക്ഷത്തിൽ മാത്രമാണത്. ഒരു രാജാവിന്റെ മരണം, ഒരാൾ ചെയ്ത കുറ്റത്തിൽ നിന്ന് അയാളെ കുറ്റ വിമുക്തനാക്കുന്നില്ല. എന്തുതന്നെയായാലും അതിൽ യുക്തിയില്ല. ഏതെങ്കിലും ഒരു ഫറോവയുടെ മരണം മൂലം മോസസി(അ)ന്റെ ഭയം നീങ്ങി കിട്ടിയതായി ദൈവം വിദൂരമായി പോലും ഒരു സൂചനയും നൽകുന്നില്ല. അതിനു പകരം ഫറോവയെ സമീപിക്കുന്നതിൽ ഭയന്നിരുന്ന മോസസി(അ)നോടും അഹറോനോടും(അ) ഭയപ്പെടാനൊന്നുമില്ലെന്നും മോസസിനേയും സഹോദരനേയും ദൈവം രക്ഷിക്കുമെന്നുമാണ് പറയപ്പെട്ടത്. ഇതാണ് കൂടുതൽ ബുദ്ധിപരമായ വിവരണം.

പ്രശ്നമിതാണ്, രംസീസ് രണ്ടാമന്റെ മമ്മിയെ പറ്റിയുള്ള പുരാവസ്തു ശാസ്ത്രപ്രകാരമുള്ള തെളിവുകളനുസരിച്ച് രംസീസ് രണ്ടാമൻ തൊണ്ണൂറ് വയസ്സിന്റെ നിറവിലായിരുന്നു മരണപ്പെട്ടത്. അദ്ദേഹത്തിന്റെ ആയുസ്സിന്റെ അവസാന മുപ്പത് വർഷങ്ങൾ അദ്ദേഹം ശയ്യാവലംബിതനും, ആർട്ടിരിയോ സ്കിറോസിസ് (Arteriosclerosis) എന്ന രോഗം ബാധിച്ച് ഇടർച്ച പറ്റിയ പടു വൃദ്ധനുമായിരുന്നു. ഈ രോഗത്തിന്റെ ഫലമായി അദ്ദേഹത്തിനു മുങ്ങി മരിക്കാൻ പോകുന്ന ഒരവസ്ഥ സൃഷ്ടിച്ചിരിക്കാം. അതായത് നീട്ടികിട്ടിയ പിൽക്കാല ജീവിതത്തിൽ രോഗം മൂലം അദ്ദേഹത്തിന്റെ മസ്തിഷ്ക്കത്തിന് ഓക്സിജന്റെ ലഭ്യത കുറഞ്ഞിരിക്കാം. (മുങ്ങി മരിക്കുന്നവനും, ബ്രെയിനിൽ ഓക്സിജന്റെ ലഭ്യത കുറയുന്നതാണല്ലോ മരണ കാരണം).

മിദ്‌യനിൽ മോസസി(അ)ന്റെ പ്രവാസ ജീവിതം മൊത്തം എട്ട് മുതൽ പത്ത് വർഷം വരെയാണ്. പ്രവാസ ജീവിത കാലത്തിന്റെ അവസാനം രംസീസ് രണ്ടാമന് നാൽപത് മുതൽ അമ്പത് വരെ വയസ്സിനു മുകളിലായിരിക്കാൻ സാധ്യതയില്ല. മോസസി(അ)നെ ഒരു പ്രവാചകൻ എന്ന നിലക്ക് ഈജിപ്തിലേക്കുള്ള മടക്കത്തിന് നിർദേശം നൽകാൻ ഫറോവയുടെ മരണം സംഭവിക്കുന്നത് വരെ ദൈവം കാത്തിരിക്കുകയായിരുന്നുവെന്ന ബൈബിൾ പ്രസ്താവന സ്വീകാര്യ യോഗ്യമല്ല. എന്നാൽ, ഖുർആൻ വിവരണ പ്രകാരം മിദ്‌യനിൽ നിന്ന് മടങ്ങി വന്ന മോസസ്സി(അ)നെതിരെ, പണ്ട് ഈജിപ്തിൽ വെച്ചു നടന്ന കൊലപാതകത്തിന്റെ പേരിൽ കുറ്റാരോപണം നടത്തുന്ന ഫറോവയെയാണ് കാണുന്നത്. എന്നാൽ, മോസസ്(അ) കാണിച്ച ദൈവികാടയാളങ്ങളെ തുടർന്ന് അദ്ദേഹത്തിന്റെ മേൽ നടപടികളെടുക്കാൻ ഫറോവ സംശയിച്ചു നിൽക്കുകയും ചെയ്യുന്നു. മോസസ്(അ) ഈജിപ്തിലേക്ക് തിരിച്ചു വന്നത് ഒരു ഫറോവ മരിച്ച് മറ്റൊരു ഫറോവ അധികാരമേറ്റെടുത്തപ്പോൾ ശിക്ഷയിൽ നിന്നും രക്ഷപ്പെടുമെന്നുള്ള മോഹവുമായിട്ടായിരുന്നില്ല എന്നത് വളരെ വ്യക്തമാണ്.

മാത്രമല്ല, ഖുർആന്റെയും ബൈബിളിന്റെയും വിവരണ പ്രകാരം മോസസും(അ) അഹറോനും(അ) ഈജിപ്തിലേക്ക് തിരിച്ചു വന്നതിനു ശേഷം അവരുടെ ജീവിതം സംഭവ ബഹുലമായിരുന്നു. ഫറോവയുമായുള്ള അവരുടെ ഏറ്റുമുട്ടൽ ഏകദേശം ഒരു ദശകത്തോളം കാലം നീണ്ടു നിന്നതായി നമുക്ക് നിഗമനം ചെയ്തെടുക്കാൻ സാധിക്കും. മോസസ്(അ) കാണിച്ചതായി വിവരിക്കപ്പെട്ട എല്ലാ അടയാളങ്ങളും ഒന്നോ രണ്ടോ വർഷത്തെ ചുരുങ്ങിയ കാലത്തിനിടയിൽ സംഭവിച്ചതായിരിക്കാൻ സാധ്യമല്ല. ഇതിനു വിരുദ്ധമായി മെർണെപ്പതിന്റെ ഭരണകാലം അദ്ദേഹത്തിന്റെ കിരീടധാരണം മുതൽ അവസാനം വരെയുള്ള മുഴുവൻ ഭരണകാലവും വെറും എട്ട് വർഷമോ അതിൽ താഴെയോ ആണെന്ന് ചരിത്രകാരൻമാർ കണക്ക് കൂട്ടുന്നു.


അതിലുപരിയായി മെർണപെത് യുദ്ധപ്രിയനായ രാജാവായിരുന്നു. വർഷം തോറും തുടർച്ചയായി അദ്ദേഹം പലസ്തീനെ ആക്രമിച്ചു കൊണ്ടിരുന്നു. ഖുർആനാകട്ടെ ബൈബിളാകട്ടെ മോസസി(അ)ന്റെ ഫറോവ ഇസ്രായേലിന്റെ മണ്ണിലേക്ക് അത്തരം ആക്രമണങ്ങൾ നടത്തിയതിനെക്കുറിച്ച് തീർത്തും മൗനം പാലിക്കുന്നു. ഈ വിഷയത്തെ സംബന്ധിച്ച് അഗാധമായ ഒരു ചർച്ചക്കുള്ള സ്ഥലമല്ല ഇത്. രംസീസ് രണ്ടാമനോ മെർണർപ്തോ ഇവരിൽ രണ്ടിലും പെട്ട ഏതെങ്കിലുമൊരാളാണ് പുറപ്പാടിന്റെ ഫറോവയെന്ന കാര്യം തെളിയിക്കേണ്ട ആവശ്യമൊന്നുമില്ല. ഈ രണ്ട് പേരുടേയും നാമം എന്തുമായിക്കൊള്ളട്ടെ ഈ മമ്മികൾ സംരക്ഷിക്കപ്പെടുന്നിടത്തോളം കാലം ഖുർആന്റെ സത്യത്തിന് അത് സാക്ഷ്യങ്ങളായിരിക്കും.

*വിവ: എ.എം*

# ഭ്രൂണവിജ്ഞാനീയം
## ഖുർആനിലും ഹദീസിലും

കാനഡയിലെ ടൊറൊന്റോ യൂണിവേഴ്സിറ്റിയിൽ അനാട്ടമി വിഭാഗം പ്രൊഫസറും മെഡിസിൻ വിഭാഗത്തിന്റെ ചെയർമാനുമാണ് ലേഖകൻ.

കെയ്ത്തിൻ മൂർ



മനുഷ്യൻ എവിടെ നിന്ന് വന്നു, ജനനത്തിന് മുമ്പ് അവൻ എങ്ങനെ രൂപപ്പെട്ടു എന്നീ കാര്യങ്ങളെക്കുറിച്ചറിയാൻ അവൻ എന്നും ഉത്സുകനായിരുന്നു. ലൈംഗിക സംയോഗം വഴിയാണ് മനുഷ്യ പ്രജനനം നടക്കുന്നതെന്ന് പ്രാകൃത മനുഷ്യൻ മനസ്സിലാക്കിയിരുന്നു. എന്നാൽ അവന്റെ ഈ ധാരണ മുഴുക്കേ ഊഹങ്ങളും മിഥ്യാസങ്കൽപ്പങ്ങളുമായിരുന്നു. ഭ്രൂണ വളർച്ചയെക്കുറിച്ചുള്ള മനുഷ്യന്റെ അജ്ഞതയും അന്ധവിശ്വാസവും കാരണം അവന്റെ ജനന പൂർവഘട്ടത്തെക്കുറിച്ച് തികച്ചും അശാസ്ത്രീയമായ ഒരു കാഴ്ച്ചപ്പാടായിരുന്നു പൗരാണിക ലോകം വെച്ചുപുലർത്തിയിരുന്നത്.

നമുക്ക് അറിയപ്പെട്ടിടത്തോളം ബി.സി. നാലാം നൂറ്റാണ്ടിൽ അരിസ്റ്റോട്ടിലായിരുന്നു ഭ്രൂണ വിജ്ഞാനീയത്തെ((Embryology) പറ്റി പുസ്തകമെഴുതിയത്. അതിൽ താരതമ്യാത്മക ഭ്രൂണ ശാസ്ത്രത്തെക്കുറിച്ച് പ്രത്യേകിച്ച് കോഴിയുടെ ഭ്രൂണ വളർച്ചയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. മനുഷ്യ ഭ്രൂണം നിശ്ചിത രൂപമില്ലാത്ത വസ്തുവിൽ നിന്ന് രൂപം കൊണ്ടതാണെന്നും ആർത്തവ രക്തവും ബീജവും തമ്മിലുള്ള കൂടിച്ചേരൽ മൂലമാണ് ഗർഭധാരണം നടക്കുന്നതെന്ന തെറ്റായ നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേർന്നത്.

കഴിഞ്ഞ രണ്ടായിരം വർഷക്കാലമായി ഭ്രൂണ ശാസ്ത്ര രംഗത്ത് പുരോഗമനക്ഷമമായ യാതൊരു ചലനവും ഇല്ലായിരുന്നു. 17-ാം നൂറ്റാണ്ടിൽ സൂക്ഷ്മദർശിനിയുടെ കണ്ടുപിടുത്തത്തോടു കൂടിയാണ് മനുഷ്യ ഭ്രൂണത്തെ പറ്റിയുള്ള വിശദമായ പഠനങ്ങൾ സാധ്യമായത്. 18-ാം നൂറ്റാണ്ടോടുകൂടി ഭ്രൂണകോശങ്ങളെ വേർതിരിച്ചറിയാൻ കഴിഞ്ഞു.

ഏകദേശം ഒരു വർഷം മുമ്പ് മനുഷ്യ പ്രജനനത്തെ സംബന്ധിച്ചും ഭ്രൂണ വളർച്ചയെപറ്റിയും ഖുർആനിലെ ചില വചനങ്ങളും ഹദീസും ഞാൻ വായിക്കാനിടയായി, ഏഴാം നൂറ്റാണ്ടിൽ അവതരിച്ച ഈ സൂക്തങ്ങളിലെ അതിസൂക്ഷ്മമായ ചില ശാസ്ത്രീയ പ്രതിപാദനങ്ങൾ എന്നെ അദ്ഭുതസ്തബ്ധനാക്കി. അല്പം ചില വചനങ്ങൾ എന്റെ സ്വന്തം വ്യാഖ്യാനത്തോടെ ഞാൻ വിവരിക്കാം.

***'ഒരു സൃഷ്ടിക്ക് ശേഷം മറ്റൊരു സൃഷ്ടിയായി മൂന്നു തരം ഇരുട്ടുകളിൽകൂടി നിങ്ങളുടെ***

*മാതാക്കളുടെ ഗർഭാശയങ്ങളിൽ നിന്ന് അവൻ നിങ്ങളെ സൃഷ്ടിക്കുന്നു. അതാണ് നിങ്ങളുടെ നാഥനായ അല്ലാഹു.'(39:7)*

ഗർഭപാത്രത്തിലെ ഭ്രൂണ വളർച്ചയുടെ ഘട്ടങ്ങളെ പറ്റി 15-ാം നൂറ്റാണ്ടു വരെ ചർച്ച ചെയ്യപ്പെട്ടിരുന്നില്ല. എ. ഡി. രണ്ടാം നൂറ്റാണ്ടിൽ ഗാലൻ തന്റെ 'ഗർഭസ്ഥശിശുവിന്റെ രൂപാന്തരണം'(On the Formation of the Foetus) എന്ന ഗ്രന്ഥത്തിൽ മറുപിള്ള (Placenta)യെക്കുറിച്ചും ഗർഭസ്ഥ ശിശുവിന്റെ ആവരണത്തെക്കുറിച്ചും(Foetal membaranes) പ്രതിപാദിക്കുന്നുണ്ട്. ഗർഭപാത്രത്തെക്കുറിച്ചും അദ്ദേഹത്തിന് അറിവുണ്ടായിരിക്കണം.

17-ാംനൂറ്റാണ്ടിൽ സൂക്ഷ്മ ദർശിനിയുടെ കണ്ടുപിടുത്തത്തോടെ കോഴിയുടെ ഭ്രൂണവളർച്ചയുടെ വിവിധ ഘട്ടങ്ങൾ നിരീക്ഷിച്ച് രേഖപ്പെടുത്താൻ കഴിഞ്ഞു. 1940 വരെ മനുഷ്യ ഭ്രൂണത്തിന്റെ ദശാപരിണാമങ്ങളെക്കുറിച്ച് ആരും പരാമർശിച്ചിട്ടില്ല. കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഈ ആധുനിക കാലഘട്ടത്തിൽ പോലും ലോകവ്യാപകമായി ഭ്രൂണത്തിന്റെ വളർച്ചാഘട്ടങ്ങളെ ക്കുറിച്ച് അവബോധമുണ്ടായിട്ടില്ല എന്നതാണ് വാസ്തവം.

ഖുർആൻ പ്രതിപാദിച്ച മൂന്ന് മറയെ സംബന്ധിച്ച് യുക്തിപരമായി ഇങ്ങനെ വ്യാഖ്യാനിക്കാവുന്നതാണ്. 1) മാതാവിന്റെ ഉദരഭിത്തി (Mother's Abdominal Wall) 2) ഗർഭപാത്രഭിത്തി (Uterus Wall) 3) ഭ്രൂണസ്തരം (Aminochorionic Membarane). ഈ മൂന്നു ശാരീരിക ഭിത്തികളാണ് ബാഹ്യ സമ്മർദങ്ങളിൽ നിന്ന് ഭ്രൂണത്തിന് സുരക്ഷ നൽകുന്നത്.

**'പിന്നീട് നാം നുത്ഫയെ (സംയോജിത ലിംഗകോശങ്ങളെ-സിക്താണ്ഡത്തെ)ഒരു സുരക്ഷിത സ്ഥാനത്ത് നിക്ഷേപിച്ചു. പിന്നീട് ആ നുത്ഫയെ (സിക്താണ്ഡത്തെ) ഒട്ടിപ്പിടിക്കുന്ന വസ്തുവായും ആ വസ്തുവിനെ ചവച്ചരക്കപ്പെട്ട മാംസപിണ്ഡമായും അസ്ഥികളായും നാം രൂപാന്തരപ്പെടുത്തി. അനന്തരം അസ്ഥികളെ നാം മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് നാം അതിനെ മറ്റൊരു സൃഷ്ടിയായി രൂപാന്തരപ്പെടുത്തി. അതിനാൽ ഏറ്റവും നല്ല നിലയിൽ സൃഷ്ടിക്കുന്നവനായ അല്ലാഹു അനുഗ്രഹ സമ്പൂർണനാണ്.' (23 14,15)**


ബീജസങ്കലനത്തിന് ശേഷം 24 ദിവസത്തേക്ക് ഭ്രൂണം ഒരു അട്ടയെ പോലെ (Leech)യാണ്. (അറബിയിൽ അലഖ് - ഒട്ടിപിടിച്ചു നിൽക്കുന്ന വസ്തു). അതിന് ശേഷം അവ ചവച്ചരക്കപ്പെട്ട മാംസക്കഷണം പോലെ ആയിത്തീരുന്നു. (അറബിയിൽ മുള്ഗ -ചവച്ചരക്കപ്പെട്ട മാംസം) നാലാഴ്ച്ചകൾക്ക് ശേഷം സോമൈറ്റ്സ്(Somites- ഭ്രൂണത്തിലെ നോട്ടോ കോർഡിന്റെ(Notochord)യും, നാഡീനാളി(Herural tube)യുടെയും ഇരുവശങ്ങളിലും കാണപ്പെടുന്ന കോശവളർച്ച രൂപം പ്രാപിക്കുന്നു.

ഭ്രൂണാവസ്ഥയിൽ തന്നെ മനുഷ്യശിശുവിന് അസ്ഥികൾ, പേശികൾ മുതലായ ശാരീരിക പ്രത്യേകതകൾ രൂപം പ്രാപിക്കാൻ തുടങ്ങുന്നു. ഭ്രൂണാവസ്ഥയുടെ അവസാനത്തോടെ മുഖ്യമായ അവയവങ്ങളുടെ വ്യവസ്ഥകൾ രുപപ്പെട്ടുകഴിയുന്നു. ഭ്രൂണത്തിന്റെ ബാഹ്യ ദൃശ്യത്തിൽ മസ്തിഷ്ക്കം, ഹൃദയം, കരൾ,സോമൈറ്റ്സ്, അസ്ഥി, അവയവങ്ങൾ, ചെവി, മൂക്ക്, കണ്ണ്, മുതലായവയുടെ രൂപരേഖ വ്യക്തമായി കഴിഞ്ഞിട്ടുണ്ടാകും. ഈ പ്രത്യേകതകളോടു കൂടിയ ഘടന രൂപം പ്രാപിക്കുന്നതോടെ സുവ്യക്തമായ മനുഷ്യമുദ്രകൾ അതിൽ പതിയുന്നു. അങ്ങനെ ആ ഭ്രൂണം അനിഷേധ്യമായ ഭ്രൂണമായി മാറുന്നു. ബാഹ്യവും ആന്തരികവുമായ എല്ലാ ശാരീരിക ഘടകങ്ങളും ഈ ഭ്രൂണാവസ്ഥയിലാണ് രൂപം കൊള്ളുന്നത്. ഈ അഞ്ച് ആഴ്ച്ചക്കാലം വളർച്ചയുടെ ഏറ്റവും നിർണായകമായ കാലഘട്ടമാകുന്നു. ഈ കാലഘട്ടത്തിൽ തന്നെയാണ് ജന്മജാത വൈകല്യങ്ങളും ഉടലെടുക്കുന്നത്.

ഭ്രൂണഘട്ടം പിന്നിട്ടു കഴിഞ്ഞാൽ രണ്ടാമത്തെ മുഖ്യ ഘട്ടം ഗർഭസ്ഥ ശൈശവ ഘട്ടമാണ്(Fetal Stage). ഈ ഘട്ടത്തിൽ ഗർഭസ്ഥ ശിശു ശീഘ്ര വളർച്ച പ്രാപിക്കുകയും വ്യതിരിക്തത നേടുകയും ചെയ്യുന്നു. ഇരുപത്തിനാല് ആഴ്ച്ചകൾക്കൊണ്ട് അതിന് കണ്ണ് തുറക്കാൻ കഴിയുന്നു. ഈ അവസരത്തിൽ ഗർഭ കാലം തികയുന്നതിന് മുമ്പ് പ്രസവിച്ചാലും ശിശുവിന് അതിജീവിക്കാനാവും.

പുരുഷ ബീജവും സ്ത്രീയുടെ അണ്ഡവും തമ്മിൽ യോജിച്ച് സിക്താണ്ഡം (Zygote) എന്ന് വിളിക്കപ്പെടുന്ന ഏകകോശത്തിൽ നിന്നാണ് ഭ്രൂണം ജന്മമെടുക്കുന്നത്. ഖുർആൻ പറയുന്നു: **'പിന്നീട് അവന്റെ (മനുഷ്യന്റെ) ശിശുവിനെ നിസ്സാരമായ ദ്രവവസ്തുവിൽ നിന്നുള്ള ഒരു സത്തിൽ നിന്ന് അവൻ സൃഷ്ടിച്ചു.' (32:9)' ഉൽസർജിക്കുന്ന ശുക്ളത്തിൽ നിന്നുള്ള ഒരു കണമായിരുന്നില്ലേ അവൻ. പിന്നെ ഒട്ടിപ്പിടിക്കുന്ന സക്തമാംസമായി തീർന്നു. അങ്ങനെ അവൻ അതിനെ രൂപപ്പെടുത്തി പരിപൂർണനാക്കി' (75: 38,39)** ഈ ഖുർആൻ വചനങ്ങളും ഒരു ഹദീസും ഇക്കാര്യം വ്യക്തമാക്കുന്നു. പുരുഷ ലിംഗത്തിൽ നിന്ന് ഉൽസർജിക്കുന്ന തുച്ഛമായ ശുക്ലത്തിൽ നിന്നാണ് ബീജകോശങ്ങൾ വരുന്നതെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. മൂത്രമാർഗേണ (Urethra) തന്നെ യാണ് നിസ്സാരദ്രവം എന്ന് വിളിക്കപ്പെടുന്ന ബീജം സ്രവിക്കുന്നത്.

ഖുർആനിൽ മനുഷ്യനെ ഒരുസത്തിൽ നിന്ന് രൂപപ്പെടുത്തിയെടുത്തു എന്ന പ്രതിപാദനം കാണാം. 'അത്ഫ്'സ്രവിക്കപ്പെടുന്ന ശുക്ലത്തിൽ നിന്ന് വേർതിരിച്ചെടുക്കപ്പെടുന്ന അൽപ്പമാത്രമായ ബീജസത്ത് എന്ന വ്യാഖ്യാനം ഏറ്റവും അനുയോജ്യമായതാണ്. കോടാനുകോടി ബീജങ്ങളിൽ നിന്ന് ഗർഭപാത്രക്കുഴലിൽ വെച്ച് അണ്ഡത്തെ സമീപിക്കുന്നത് ഏതാനും




എണ്ണം അണ്ഡം മാത്രമാണ്.

**'സത്യമായും ഞാൻ മനുഷ്യനെ സങ്കലിതമായ ഇന്ദ്രിയ ബിന്ദു (നുത്ഫത്തിൽ അംശാജീൻ) വിൽ നിന്നും സൃഷ്ടിച്ചിരിക്കുന്നു.'** **(76:3)** ഇവിടെ സങ്കലിതമായ ഇന്ദ്രിയം (Mixed fluid) എന്ന ഖുർആന്റെവിശേഷണം അൽപ്പം അളവ് ബീജത്തോടൊപ്പം അണ്ഡത്തിന് ജന്മമേകുന്ന കോശങ്ങൾക്കും അതിന്റെ കൂടെയുള്ള ഫോളിക്കുലർ ദ്രവത്തിനും (Follicular Fluid) കൂടി ഒന്നിച്ചുള്ള വിശേഷണമാകാം. ഖുർആന്റെ മറ്റൊരു പരാമർശം മിശ്രിത ദ്രവത്തിൽ (Mingled fluid)നിന്നാണ് മനുഷ്യൻ രൂപം കൊണ്ടത് എന്നാണ്. ഇത് തീർച്ചയായും സ്ത്രീ-പുരുഷന്മാരുടെ ലൈംഗിക കോശ ദ്രവങ്ങളെയും സ്ഖലനത്തെയും സങ്കലനത്തെയും കുറിച്ചാണ്. ആർത്തവ ഘട്ടത്തിൽ അണ്ഡകോശങ്ങൾ പുറന്തള്ളപ്പെടുമെന്ന് നമുക്കറിയാം. അണ്ഡ കോശവും ഫോളിക്ക് അല്ലവും ഗർഭാശയക്കുഴലിലൂടെ പ്രവേശിക്കുന്ന ഘട്ടത്തിൽ പുരുഷനുമായി ഇണചേരൽ സംഭവിച്ചാൽ അണ്ഡം ഏതാനും ബീജങ്ങളുമായി കൂടിച്ചേരുന്നു. ഈ ബീജങ്ങളിലൊന്ന് അണ്ഡത്തിലേക്ക് തുളഞ്ഞുകയറുകയും ഭ്രുണത്തിന്റെ ആദി രൂപമായ സിക്താണ്ഡം രൂപപ്പെടു കയും ചെയ്യുന്നു.

17-ാം നൂറ്റാണ്ടിൽ വ്യാപകമായി പ്രചരിച്ച ഒരാശയം ബീജത്തിൽ തന്നെ നാം മനുഷ്യന്റെ കൊച്ചു രൂപം ഉള്ളടക്കം ചെയ്തിരിക്കുന്നു എന്നാണ്. അത്പോലെ മറ്റൊരു വിശ്വാസം സ്ത്രീയുടെ അണ്ഡത്തിൽ മനുഷ്യന്റെ പ്രാഗ്‌രൂപം നിഗൂഢനം ചെയ്യപ്പെട്ടിരിക്കുന്നു എന്നാണ്. പുരുഷ ബീജം അതിനെ വളരാൻ സഹായിക്കുക മാത്രമാണ് ചെയ്യുന്നെതന്നായിരുന്നു അവരുടെ വിശ്വാസം.

18-ാം നൂറ്റാണ്ടിൽ സ്പെല്ലൻസനി എന്ന ശാസ്ത്രജ്ഞൻ ആണിന്റെയും പെണ്ണിന്റെയും ലൈംഗികകോശങ്ങൾ രണ്ടും കൂടി ചേർന്നാൽ മാത്രമേ ഗർഭധാരണം നടക്കുകയുള്ളു എന്ന് പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ തെളിയിക്കുകയുണ്ടായി. നായ്ക്കളിൽ കൃത്രിമ ഗർഭധാരണം നടത്തിയതുൾപ്പെടെ ബീജവും അണ്ഡവും കൂടി ചേർന്നാൽ മാത്രമേ ഗർഭധാരണം നടക്കൂ എന്ന കാര്യം അദ്ദേഹം സ്ഥിരീകരിക്കുകയുണ്ടായി. ഏഴാം നൂറ്റാണ്ടിൽ അവതരിക്കപ്പെട്ട ഖുർആന്റെ 'സങ്കലിത ദ്രവം' എന്ന ആശയത്തിന്റെ വിവക്ഷിതം പതിനൊന്ന് നുറ്റാണ്ടുകൾക്ക് ശേഷം മാത്രമാണ് വിശദീകരിക്കപ്പെട്ടത്. ഖുർആന്റെ ഈ അർഥപൂർണമായ പ്രയോഗത്തെ ആൺപെൺ ലൈംഗിക കോശങ്ങളുടെ സങ്കലനമാണെന്ന് അക്കാലത്ത് വ്യാഖ്യാനിക്കാൻ പറ്റുമായിരുന്നില്ല.

**'ഒരു രേതസ്ക്കണത്തിൽ നിന്നുമാണ് (നുത്ഫ) അവൻ അവനെ സൃഷ്ടിച്ചിട്ടുള്ളത്. എന്നിട്ടവൻ (അല്ലാഹു) അവന് തോത് നിശ്ചയിച്ചു. പിന്നെ അവന് വളർച്ചാമാർഗം സുഗമമാക്കിക്കൊടുത്തു.'** **(80:20)** ഈ വാക്യത്തിൽ ക്രോമോസോമിന്റെ നിശ്ചിത എണ്ണത്തിലധിഷ്ഠിതമായ ഒരു ജനിതക പദ്ധതി (Genitic plan) അനുസരിച്ചാണ് ബീജ സങ്കലനത്തിന് ശേഷമുള്ള അണ്ഡം അഥവാ സിക്താണ്ഡം വളരുന്നതെന്ന് ഖുർആൻ പറയുന്നു. പത്തൊമ്പതാം നൂറ്റാണ്ട് വരെ ശാസ്ത്ര ലോകത്തിന് ഇക്കാര്യം അറിയില്ലായിരുന്നു. ഖുർആനിലെ ഈ വാക്യം നുത്ഫയിൽ അടങ്ങിരിക്കുന്ന ജനിതക ഘടന അനുസരിച്ചാണ് ഭാവിയിലെ വ്യക്തിയുടെ രൂപവും സ്വഭാവവും നിർണയിക്കുക എന്നകാര്യം ഉണർത്തുന്നു.

**'രേതസ്കണം ഉൽസർജിക്കപ്പെടുമ്പോൾ അതിൽ നിന്ന് ആണ് പെണ്ണ് എന്നീ രണ്ട് ഇണകളെ സൃഷ്ടിക്കുന്നവനും അവൻ തന്നെയാണ്.'** **(53:46, 47)** ഈ ഖുർ

ആനിക വചനത്തിൽ ബീജ സങ്കലന വേളയിലാണ് ലിംഗനിർണ്ണയം നടക്കുന്നതെന്ന് സൂചിപ്പിക്കുന്നു. അറുപത് വർഷത്തിന് മുമ്പ് ക്രോമസോം കണ്ടുപിടി ച്ചതിന് ശേഷം മാത്രമാണ് ഇക്കാര്യം ലോകത്തിന് അറിയാൻ സാദ്ധ്യമായത്. ബീജ സങ്കലനത്തിന്റെ മുഖ്യ ഫലം; പിന്നീട് വളരുന്ന ഭ്രൂണത്തിന്റെ ലിംഗം ഏതെന്ന് നിർണയിക്കപ്പെടുന്നു എന്നതാണ്. പുരുഷ ലിംഗ നിർണയത്തിന് Y ക്രോമസോമുകളുടെ സ്വാധീനം ഏകദേശം ഒരു ദശകം മുമ്പു മാത്രമാണ് കണ്ടുപിടിക്കപ്പെട്ടത്.

ബീജസങ്കലനത്തിന് ശേഷം ആദ്യദശയിലെ ഭ്രൂണം (Blastocyst) പത്ത് ദിവസം കഴിഞ്ഞ് ഗർഭ പാത്രത്തിൽ ഒട്ടിച്ചേരുന്നു. അത് എട്ട് ആഴ്ചകൾക്ക് ശേഷം മനുഷ്യന്റെ രൂപം പ്രാപിക്കാൻ ആരംഭിക്കുന്നു. 'നുത്ഫ' ഗർഭ പാത്രത്തിലെത്തിയതിന് ശേഷം 40 –45 രാവുകൾ കഴിഞ്ഞാൽ ദൈവം ഒരു മലക്കിനെ അയച്ച് കേൾവി, കാഴ്ച്ച, ത്വക്ക്, മാംസം, അസ്ഥി എന്നിവ നൽകുമെന്ന് ഒരു ഹദീസിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിംകൾ വിശ്വസിക്കുന്നു. 'അല്ലയോ ദൈവമേ, ആണോ പെണ്ണോ ' എന്ന് മലക്കുകൾ ചോദിക്കുമെന്ന് ഹദീസിൽ രേഖപ്പടുത്തുന്നു. 50 മുതൽ 55 ദിവസങ്ങൾ കഴിഞ്ഞതിന് ശേഷമാണ് വ്യക്തമായ മനുഷ്യരൂപം ഭ്രൂണത്തിന് ലഭിക്കുന്നത്. അതിന് മുമ്പേയുള്ള മനുഷ്യ ഭ്രൂണത്തിന്റെ അവസ്ഥ മറ്റു സസ്തനികളിൽനിന്നും തിരിച്ചറിയാൻ സാദ്ധ്യമല്ല.

**'നിങ്ങളുടെ ഭാര്യമാർ നിങ്ങൾക്ക് ഒരു കൃഷിയിടമാകുന്നു. അത് കൊണ്ട് നിങ്ങൾ ആഗ്രഹിക്കും വിധം നിങ്ങൾ കൃഷിയിടത്തിലേക്ക് ചെന്നു കൊള്ളുക.'(2: 224)** ഇവിടെ സ്ത്രീയെ ഒരു കൃഷിയിടത്തോടാണ് ഉപമിച്ചിരിക്കുന്നത്. ബീജ സങ്കലനത്തിന് ശേഷം ഒരു വിത്ത് കൃഷിയിടത്തിൽ നടുന്നത് പോലെ ഭ്രൂണകോശം (Blastocyst) ഗർഭ പാത്രത്തിൽ നിക്ഷേപിക്കപ്പെടുന്ന പ്രതിഭാസമാണ് ഇവിടെ ഏറ്റവും ഉചിതമായ വാക്കുകളിൽ ഖുർആൻ വരച്ചു കാട്ടുന്നത്. മണ്ണ് വിത്തിനെ ആവരണം ചെയ്യുന്നത് പോലെ ഗർഭ പാത്രത്തിലെ എപ്പിത്തീലിയം (Epithelium) ഭ്രൂണത്തെ ആവരണം ചെയ്യുന്ന കോശകല അവിടെ വിതക്കപ്പെട്ട ഭ്രൂണത്തെ ആവരണം ചെയ്യുന്നു. അതിന് ശേഷം ഭ്രൂണം മാതാവിന്റെ രക്തത്തിൽ നിന്ന് പോഷണം ലഭിക്കുവാൻ വിത്തിൽ നിന്ന് മുള പൊട്ടുന്നത് പോലെ ക്രിയോണിക്ക് വില്ലി( Chrionicvilli) എന്ന കോശകലകൾ രൂപപ്പെടുന്നു.

**'പിന്നീട് നുത്ഫ ഒട്ടിപിടിക്കുന്ന വസ്തുവായും പിന്നെ ആ സക്ത വസ്തുവിനെ ചവക്കപ്പെട്ട മാംസ പിണ്ഡമായും പിന്നെ മാംസ പിണ്ഡത്തെ അസ്ഥികളായും നാം രൂപാന്തരപ്പെടുത്തി. അതിനാൽ ഏറ്റവും നല്ലനിലയിൽ സൃഷ്ടിക്കുന്നവനായ അല്ലാഹു അനുഗ്രഹ സമ്പൂർണനാകുന്നു'(23:15)** ഗർഭ പാത്രത്തിൽ ഭ്രൂണ നിക്ഷേപം നടത്തുന്ന കാലയളവിൽ വളരെ ക്കുറച്ച് മാറ്റങ്ങളെ ഉണ്ടാവുകയുള്ളൂ. പിന്നീട് ക്രമേണ ഭ്രൂണപരിണാമം ആരംഭിക്കണം. ഖുർ ആനിൽ വിവരിക്കപ്പെട്ട ഭ്രൂണത്തിന്റെ ഈ വളർച്ചാഗതി അദ്ഭുതകരമായ കണിശതയുള്ളതാണ്. 40 വർഷങ്ങൾക്ക് മുമ്പു വരെ ഭ്രൂണത്തിന്റെ ദശാപരിണാമങ്ങളെക്കുറിച്ച് സൂക്ഷ്മമായ അറിവ് മനുഷ്യനുണ്ടായിരുന്നില്ല.

ഈ വചനത്തിൽ, അട്ടയെ പോലെ രുപമുള്ളതും ഒട്ടിനിൽക്കുന്നതുമായ ഭ്രൂണഘട്ടത്തെക്കുറിച്ചും തുടർന്ന് ചവച്ചരക്കപ്പെട്ട മാംസപിണ്ഡത്തെ പോലെയുള്ള അവസ്ഥയെക്കുറിച്ചും വിവരിക്കുന്നുണ്ട്.

**'പിന്നീട് നുത്ഫയിൽ നിന്നും പിന്നീട് ഒട്ടിപ്പിടിക്കുന്ന സക്ത വസ്തു വിൽ നിന്നും പിന്നീട് രൂപം പൂണ്ടതും അല്ലാത്തതുമായ ചവച്ചരക്കപ്പെട്ട മാംസപിണ്ഡത്തിൽ നിന്നും നാം സൃഷ്ടിച്ചിരിക്കുന്നു.' ( 22:5)** ഇവിടെ രൂപം പൂണ്ടതും അല്ലാത്തതുമായ ഭ്രൂണാവസ്ഥ എന്ന വചനം ഏറ്റവും ശ്രദ്ധേയമാണ്. ഈ അവസ്ഥയിൽ മസ്തിഷ്ക്കവും ഹൃദയവും ഭാഗികമായി മാത്രമേ രൂപപ്പെട്ടിട്ടുണ്ടാവുകയുള്ളൂ. അപ്പോൾ ഭ്രൂണം ചവച്ചരച്ച് മാംസ പിണ്ഡം പോലെ തോന്നിപ്പിക്കുന്നു.

ചവച്ചരക്കപ്പെട്ടത് പോലെയുള്ള ഘട്ടം പിന്നിട്ടതിന് ശേഷം അസ്ഥികൾ രൂപം കൊള്ളുകയും (23:15) ആറാമത്തെ ആഴ്ച്ച അസ്ഥികൾ ഭ്രൂണത്തിന് മനുഷ്യ രൂപം നൽകുകയും ചെയ്യുന്നു.

കാതുകളും കണ്ണുകളും നാലാമത്തെ ആഴ്ച്ച തന്നെ രുപപ്പെടാൻ ആരംഭിക്കുന്നു. ആറാമത്തെ ആഴ്ച്ച വ്യക്തമായ അവയവം രൂപം പ്രാപിക്കുന്നു. സിക്താണ്ഡത്തിന്റെ അഥവാ നുത്ഫ 42 ദിവസം പിന്നിട്ടാൽ ലിംഗം ഏതാണെന്ന് തിരിച്ചറിയപ്പെടുന്നില്ല. ഇതാണോ നേരത്തെ പരാമർശിക്കപ്പെട്ട മലക്കുകളുടെ ചോദ്യത്തിന് ആധാരം എന്ന് ഞാൻ സംശയിക്കുന്നു. 42 ദിവസം അവ്യക്തമായി മനുഷ്യ രൂപം തിരിച്ചറിയാൻ സാധിക്കുമെങ്കിലും എട്ട് ആഴ്ച്ചകഴിഞ്ഞാൽ മാത്രമേ വ്യക്തമായി തിരിച്ചറിയാൻ സാദ്ധ്യമാവൂ. ലിംഗാവയവങ്ങളുടെ വ്യത്യാസം 12 ആഴ്ച്ചകൾക്ക് ശേഷമേ വ്യക്തമായി തിരിച്ചറിയാൻ സാദ്ധ്യമാവുകയുള്ളൂ.

ഖുർആനിലും ഹദീസിലും ഭ്രൂണ വിജ്ഞാനീയത്തെ പറ്റി നിരർഥകമെന്ന് നമുക്ക് തോന്നു ന്ന പല പ്രസ്താവനകളും കാണാം. പക്ഷേ നമ്മുടെ ജ്ഞാനം കൂടുതൽ വികസിതമാവുമ്പോൾ തീർച്ചയായും അതിന് അർഥപൂർണിമ കൈവരും. ഇക്കാര്യം സമ്മതിക്കാതെ തരമില്ല. മതവും ശാസ്ത്രവും തമ്മിൽ ദീർഘകാലമായി നിലനിൽക്കുന്ന വിടവ് കുറച്ച് കൊണ്ട് വരാൻ ഖുർആനിലേയും ഹദീസിലേയും പ്രസ്താവനകൾ സഹായകമാണ്.

*വിവ: എ.എം.*

# എട്ടുപതിറ്റാണ്ടുകൾക്ക് മുമ്പ് നടന്ന ഒരു മതസംവാദം

കേരള ജംഇയ്യത്തുൽ ഉലമ സ്ഥാപക പണ്ഡിതന്മാരിലൊരാളായ ഇ. കെ മൗലവി എന്നറിയപ്പെടുന്ന മൗലവി ഇ. കെ. കുഞ്ഞഹമ്മദ് കുട്ടി സാഹിബും അഹ്മദിയ്യാ മിഷനറിയായിരുന്ന ഹദ്റത്ത് ബി. അബ്ദുല്ലാ സാഹിബ് എച്ച്. എ. യും തമ്മിൽ 87 വർഷങ്ങൾക്ക് മുമ്പ് എഴുത്തു മുഖേന നടന്നതും 1931 ൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചതുമായ ചരിത്ര പ്രസിദ്ധമായ മതസംവാദം ഇവിടെ പുനപ്രസിദ്ധീകരിക്കുകയാണ്.

സമ്പാ: ഹബീബ്, മാഹി.



**ജനാബ് ഇ. കെ. മൗലവി സാഹിബ് എഴുതിയ ആദ്യത്തെ കത്ത്**

ജനാബ് ബി. അബ്ദുല്ലാഹ് സാഹിബ് എ.ച്ച്. എ അവർകൾക്ക് :-

Eriyad- 26
ഒക്ടോബർ 1927

മാന്യരെ,

ഇസ്ലാംമത പ്രചരണാർഥം താങ്കളുടെ പാർട്ടി ചെയ്തു വരുന്ന ഭഗീരഥ പ്രയത്നം ആരാലും ആദരണീയവും അനു കരണീയവുമാണെന്നു മാത്രമല്ല മറ്റെല്ലാ മുസ്ലിംകളും ഈ വിഷയത്തിൽ നിങ്ങൾക്ക് കടപ്പെട്ടിരിക്കുന്നു. ഈ മഹൽ കാര്യത്തിൽ നിങ്ങളെ വേണ്ട വിധം സഹായിക്കുവാൻ എനിക്ക് ശേഷിയും ശേമുഷിയും സൗകര്യവും ഇല്ലാതെ പോയതിൽ എനിക്കതിയായ വ്യസനമുണ്ട്. മിർസാ സാഹിബിനെ സംബന്ധിച്ചു നിങ്ങൾക്കുള്ള അതിരു കവിഞ്ഞ വിശ്വാസത്തിൽ ഒരു പ്രകാരത്തിലും നിങ്ങളെ അനുകൂലിക്കുവാൻ എനിക്കു സാധിക്കുന്നില്ല. മത പ്രചാരണ വിഷയത്തിൽ അദ്ദേഹം ഒരു യോഗ്യനായിരുന്നുവെന്നല്ലാതെ അദ്ദേഹം മസീഹ് മൗഊദാ ണെന്നോ നബിയാണെന്നോ റസൂലാണെന്നോ എന്നു വേണ്ടാ പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദാണെന്ന് തന്നെയോ വിശ്വസിക്കുവാൻ എനിക്കു സാധിക്കുന്നില്ല. ഈ അവസരത്തിൽ ഒരു സംഗതികൂടി താങ്കളെ ഉണർത്തേണ്ടതായുണ്ട്. ഞാൻ കേവലം ഒരു മർക്കട മുഷ്ടിക്കാരനാണെന്നു താങ്കൾ ധരിക്കരുത്. ഖുർആനും ഹദീസുമാണ് എന്റെ പ്രമാണം. സലഫുസ്സാലിഹീ ങ്ങളെയാണ് ഞാൻ അനുകരിക്കുന്നത്. വല്ലവനും വല്ലതും പറഞ്ഞാൽ അതൊക്കെ വേദവാക്യമാണെന്ന് വിശ്വസിക്കുന്ന ആളല്ല ഞാനെന്ന് താങ്കൾ മനസ്സിലാക്കി യിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. സത്യം വെളി പ്പെട്ടാൽ അത് വിശ്വസിക്കുന്നതിൽ ആളുകളുടെ ആക്ഷേപത്തെ ഭയപ്പെടുവാൻ ഞാനൊരിക്കലും തയ്യാറല്ല. അല്ലാഹുവിനെ ഞാൻ ഭയപ്പെടുന്നുണ്ടെങ്കിൽ എനിക്ക് മറ്റാരെയും ഭയപ്പെടേണ്ടതില്ല. അതുകൊണ്ട് ന്യായമായ രീതിയിൽ താങ്കളുമായി ഒരു വാദ പ്രതി

വാദം നടത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. അത് സത്യം വെളിപ്പെടേണമെന്നുള്ള പരിപാവനമായ ഉദ്ദേശ്യത്തോടു കൂടിയായിരിക്കേണ്ടതാണ്. വാദ പ്രതിവാദം പത്രം മുഖേന യാവുന്നത് ഈ കാല സ്ഥിതിക്ക് അത്ര അനുയോജ്യമല്ലെന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ. അത് കൊണ്ട് താഴെ കാണിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി തരുവാനപേക്ഷിച്ചു കൊള്ളുന്നു.

1) മീർസാ സാഹിബിൽ നിങ്ങൾക്കുള്ള വിശ്വാസമെന്താണ്?, 2) അദ്ദേഹം 'ഹഖീഖി'യായ നബിയും, റസൂലുമാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?, 3) അദ്ദേഹം ഒരു സാധാരണ മനുഷ്യൻ മാത്രമാണെ ന്ന് വിശ്വസിക്കുന്നവരെ പറ്റി നിങ്ങളുടെ അഭിപ്രായമെന്താണ്?, 4) മുഹമ്മദ് നബി(സ) യാൽ പ്രബോധനം ചെയ്യപ്പെട്ട അതേ സന്ദേശങ്ങളെതന്നെ പ്രചരിപ്പിക്കുവാനായി ഉത്സാഹിക്കുന്നവർക്കൊക്കെ നബി എന്നു പറയാനുള്ള ന്യായ പ്രകാരമാണ് മിർസാ സാഹിബിന് നബി എന്ന് പറയുന്നതെങ്കിൽ ബ: അൽ ഹാജ് ഖ്വാജാ കമാലുദ്ദീൻ മുതലായ മഹാത്മാക്കൾക്കും നബിമാരെന്ന് പറഞ്ഞു കൂടെയോ?, 5) മിർസാ സാഹിബ് മസീഹ് മൗഊദ് ആണെന്നും നബിയാണെന്നും സ്ഥാപിക്കാനായി അദ്ദേഹം ചെയ്ത വല്ല പ്രവചനങ്ങളും പിഴച്ചു പോയിട്ടുണ്ടോ?

ഇത്രയും ചോദ്യങ്ങൾക്ക് സമാധാനം കിട്ടിയതിന് ശേഷം എനിക്കറിയാനുള്ള ബാക്കി സംഗതി യെക്കുറിച്ച് ചോദിച്ചു കൊള്ളാം.

എന്ന് വിനീത സഹോദരൻ,

ഇ. കെ. കുഞ്ഞഹ്മ്മദുകുട്ടി, (ഒപ്പ്)

**ഹദ്റത്ത് ബി. അബ്ദുല്ലാസാഹിബിന്റെ മറുപടി**

***ബിസ്മില്ലാഹിർറഹ്മാനിർറഹീം നഹ്മദുഹു വനസലീ അലാ റസൂലിൽ കരീം വബിഹി നസ്തയീം***

മാന്യരെ,

കഴിഞ്ഞ ഒക്ടോബർ മാസം 26 ന് താങ്കളയച്ച കത്ത് 31 ന് എനിക്ക് പഴയങ്ങാടിയിൽ കിട്ടി. അത് കിട്ടുന്നതിന് ഏതാനും ദിവസം മുമ്പുതൊട്ടു ഇന്നലെ വരെ ഞാൻ ഒരിടത്തും താമസിക്കാതെ പല സ്ഥലത്തും സഞ്ചരിച്ചു നിർവഹിക്കേണ്ടുന്ന ജോലികളിൽ ഏർപ്പെട്ടു പോയതിനാൽ താങ്കളുടെ കത്തിന് ഇന്നേവരെ മറുപടി അയപ്പാൻ സാധിക്കാതെ പോയതിൽ വ്യസനിക്കുകയും താങ്കളോട് ക്ഷമാപണം ചെയ്യുകയും ചെയ്തുകൊള്ളുന്നു

'സത്യം വെളിപ്പെടണമെന്ന പരിപാവന ഉദ്ദേശ്യത്തോടുകൂടി' താങ്കൾ ഞാനുമായി എഴുത്തു മൂലം വാദ പ്രതിവാദം നടത്തുവാൻ ആഗ്രഹിച്ചു കാണുന്നതിൽ സന്തോഷിക്കുന്നു. സത്യാ സത്യങ്ങളെ വേർതിരിച്ചറിയേണ മെന്നുള്ള ആഗ്രഹത്തോടുകൂടി താങ്കൾ ചോദ്യങ്ങൾ ചോദിക്കുന്നത് കൊണ്ട് സമാധാനം പറയുന്നതിന് മുമ്പായി നമ്മുടെ ഉദ്ദേശ്യ സിദ്ധിക്കു പര്യാപ്തമായ ഒരു പ്രത്യേക സംഗതി കൂടി ഇവിടെ പ്രസ്താവിച്ചു കൊള്ളട്ടെ. എഴുത്തു മൂലം ചോദ്യോത്തരം നടത്തുന്ന തായാൽ വളരെ സമയം നാം ഇതിലേക്ക് ചിലവിടേണ്ടതിന് പുറമേ ഇതിൽ വലിയ കാലവിളംബം നേരിടുന്നതാണ്, കാരണം ഒരാൾക്ക് വിശ്വാസമില്ലാത്ത വിഷയത്തെക്കുറിച്ച് അസംഖ്യം ചോദ്യങ്ങളുണ്ടാകുക സ്വാഭാവികമാണല്ലോ, എന്നാൽ ഹദ്റത്ത് മിർസാ സാഹിബോ അദ്ദേഹത്തിന്റെ പ്രതിപുരുഷന്മാരോ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ സദുദ്ദേശ്യത്തോടെ വായിച്ചു ചിന്തിക്കുന്നതായാൽ താങ്കൾ ചോദ്യോത്തരം കൊണ്ടുദ്ദേശിക്കുന്ന കാര്യം വളരെ എളുപ്പത്തിലും തൃപ്തിയായ നിലയിലും സാധ്യമാവാൻ മാർഗമുണ്ട്. ആയത് കൊണ്ട് താങ്കൾ സമ്മതിക്കുന്ന പക്ഷം ഹദ്റത്ത് മിർസാ സാഹിബിന്റെ വാദങ്ങളെക്കുറിച്ച് പ്രതിപാദി ക്കുന്ന ഉറുദു പുസ്തകങ്ങൾ താങ്കൾക്കയച്ചു തന്നു കൊള്ളാം. വായിച്ചു മടക്കി അയച്ചാൽ മതി. ഓരോ പുസ്തകവും വായിച്ചു കഴിഞ്ഞാൽ പിന്നെ അതിൽ പ്രതിപാദിക്കപ്പെട്ട സംഗതികളെക്കുറിച്ചുണ്ടാകുന്ന സംശയങ്ങളെ എഴുതി അറിയിച്ചാൽ ഞാൻ എന്റെ അറിവിനനുസരിച്ച് സമാധാനം തരുകയും ചെയ്യാം. ഇത് എന്റെയും താങ്കളുടെയും സൗകര്യത്തെയും സമയ ദൗർബല്യത്തെയും ഓർത്തു പറയുന്നതാണ്. ഇതു താങ്കൾക്ക് സമ്മതമല്ലെങ്കിൽ എഴുത്തുമൂലം വാദ പ്രതിവാദം നടത്തുന്നതും എനിക്ക് സന്തോഷം തന്നെ.

ഹദ്റത്ത് മിർസാ സാഹിബിനെക്കുറിച്ചു ഞങ്ങൾക്കുള്ള വിശ്വാസം അതിരു കവിഞ്ഞതാണെന്ന് താങ്കൾ പറയുന്നതിൽ ഞങ്ങൾക്ക് ഒട്ടും അതിശയം തോന്നുന്നില്ല. അദ്ദേഹത്തിൽ ഞങ്ങളെപോലെ വിശ്വാസം വന്നിട്ടില്ലാത്ത താങ്കൾക്ക് അങ്ങനെ തോന്നുന്നത് സഹജമാണല്ലോ ഞങ്ങൾ വിശ്വസിക്കുന്നത് പോലെ അദ്ദേഹം മനുഷ്യ കുലത്തിന് മാർഗദർ ശിയായി ദൈവത്താൽ നിയോഗി തനായ ആളാണെങ്കിൽ (തീർച്ചയായും അദ്ദേഹം ദൈവത്തിന്റെ ആളത്രെ), അദ്ദേഹത്തിൽ വിശ്വസി പ്പാനുള്ള ഭാഗ്യം റബ്ബുൽ ആലമീൻ താങ്കൾക്കും നൽകുമാറാകട്ടെ. ഇനി താങ്കളുടെ ചോദ്യങ്ങൾക്ക് സമാധാനം പറഞ്ഞു കൊള്ളാം :-

1) മുസ്‌ലിംകളെ അന്ധവിശ്വാസത്തിൽ നിന്നും അനാചാരങ്ങളിൽ നിന്നും വീണ്ടെടുക്കുകയും ഇതരന്മാരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ദിവ്യഅടയാളങ്ങളാൽ അതിന്റെ സത്യത്തെ വെളിപ്പെടുത്തുകയും ചെയ്‌വാനായി ക്കൊണ്ടു ദൈവത്താൽ നിയോഗിതനായ ഒരാളാണ് ഹദ്റത്ത് മിർസാ സാഹിബ്. അദ്ദേഹം വാഗ്ദത്തം ചെയ്യപ്പെട്ട മഹ്ദിയും മസീഹുമാണ്, 2) 'മജാസി' എന്നും 'ഹഖീഖി' എന്നും മറ്റും നുബൂവ്വത്തിന് വകഭേദങ്ങൾ നിർണയിച്ചത് ഹദ്റത്ത് മിർസാ സാഹിബിന്റെ സ്വന്തം 'ഇസ്തിലാഹ് 'പ്രകാരമാകുന്നു. ഇതിനെക്കുറിച്ച് ഇവിടെ വിസ്തരിക്കണമെന്ന് തോന്നുന്നില്ല. തന്നെയുമല്ല, അതിന് ഇമ്മാതിരി എത്രയോ പുറങ്ങൾ വേണ്ടി വരികയും ചെയ്യും. ഞങ്ങളുടെ ലിറ്ററേച്ചർ വായിച്ചാൽ ഈ സംഗതി നല്ലത്

പോലെ വിശദ മാവുന്നതാണ്. ഹഖീഖി നബിയെന്നത് കൊണ്ട് വിവക്ഷിക്കുന്നത് യഥാർഥ നബി എന്നാണെങ്കിൽ ഹദ്റത്ത് മിർസാ സാഹിബ് ഹഖീഖി നബിതന്നെ. ശരീഅത്തോടു കൂടിയ നബി എന്നോ അഥവാ റസൂൽ തിരുമേനി (സ) യുടെ ശരീഅത്ത് കൂടാതെ സ്വതന്ത്രമായ നബി എന്നാണെങ്കിൽ അദ്ദേഹം ഹഖീഖി നബി അല്ല., 3) ഹദ്റത്ത് മിർസാ സാഹിബ് ഒരു സാധാരണ മനുഷ്യൻ മാത്രമാണ് എന്ന് താങ്കൾ പറയുന്നതിന്റെ ഉദ്ദേശ്യം അദ്ദേഹം തന്റെ വാദങ്ങളിൽ അസത്യവാനാകുന്നുവെന്നാണങ്കിൽ ദൈവനിയോഗ മുണ്ടായിട്ടുള്ള ഒരു പുണ്യാത്മാവിനെ അസത്യവാദി യെന്നു പറഞ്ഞുതള്ളുന്നവരെക്കുറിച്ച് വിശുദ്ധ ഖുർആനും ഹദീസും എന്തു വിധിക്കുന്നുവോ അതു തന്നെയാണ് മിർസാ സാഹി ബിനെ അസത്യവാദിയെന്ന് നിഷേധിക്കുന്നവരെക്കുറിച്ച് ഞങ്ങൾക്കും പറയാനു ള്ളത്. ഈ സംഗതിയെക്കുറിച്ച് ഞങ്ങൾക്കുള്ള മുഴു അഭിപ്രായങ്ങളും ഞങ്ങളുടെ ലിറ്ററേച്ചറിൽ നിന്നു തന്നെ വിശദമാകുന്നതാണ്., 4) ഇസ്ലാം മതത്തെ പ്രചരിപ്പിക്കു വാനായി ഉത്സാഹിക്കുന്നവർക്കൊക്കെ നബിയെന്ന് പറയാമെന്നോ ഹദ്റത്ത് മിർസാ സാഹിബ് നബി യാണെന്ന് വാദിക്കുന്നത് അത്തരത്തിലാണെന്നോ ഞങ്ങൾ വിശ്വസിക്കുന്നില്ല., 5) ഹദ്റത്ത് മിർസാ സാഹിബ് തന്റെ മസീഹി യ്യത്തിനോ നബിത്വത്തിനോ പ്രത്യേക സാക്ഷ്യമായി വല്ല പ്രവചനവും പറഞ്ഞ തായിട്ടുള്ളതായി ഞാൻ ഓർക്കുന്നില്ല. അദ്ദേഹം തന്റെ വാദം സത്യമാണെന്നതിലേക്ക് സാക്ഷ്യമായി അസംഖ്യം പ്രവചനങ്ങൾ പ്രസിദ്ധം ചെയ്തിട്ടുണ്ട്. അതുക ളൊക്കെ പൂർത്തിയായിട്ടുണ്ട്.

താങ്കളുടെ ചോദ്യങ്ങൾക്ക് ചുരുക്കമായി മേൽ സമാധാനം എഴുതിയിട്ടുള്ളത് താങ്കൾ യഥാർഥ്യം ഗ്രഹിക്കണമെന്ന ആഗ്രഹത്തോടുകൂടിയാണ്. എന്നാൽ ഇങ്ങനെ വിഷയക്രമം നോക്കാതെ പല സംഗതികളെക്കുറിച്ചും ചോദ്യം ചെയ്യാൻ തുടങ്ങിയാൽ ഇതിന് ഒരു അറുതിയുണ്ടാകുക ദുസ്സാദ്ധ്യമാണല്ലോ. അതിനാൽ ഓരോ പ്രത്യേക സംഗതിയെക്കുറിച്ചും ചോദ്യോത്തരം നടത്തി തീർപ്പു വരുത്തുന്നത് നമ്മുടെ ഉദ്ദേശ്യസിദ്ധിക്ക് സഹായകരമായി ഭവിക്കും. ഉദാഹരണമായി ഈസാ നബിയുടെ മരണം, അദ്ദേത്തിന്റെ രണ്ടാം വരവ്, ഹദ്റത്ത് മിർസാ സാഹിബിന്റെ സത്യത എന്നീ സംഗതികളെ അനുക്രമം ചോദ്യ വിഷയമായി എടുക്കേണ്ടതാണ്. ആയത് കൊണ്ട് ഞങ്ങളുടെ സാഹിത്യങ്ങൾ വായിച്ചു നോക്കാതെ ചോദ്യാത്തരത്തിന് തന്നെയാണ് താങ്കളുടെ ഒരുക്ക മെങ്കിൽ ക്രമമനുസരിച്ച് ചോദ്യം ആരംഭിക്കുന്നതിന് വിരോധമില്ല. തൽക്കാലം ഇത്ര മാത്രം

എന്നു വിനീത സഹോദരൻ,

ബി. അബ്ദുല്ല, എഫ്. എ.

(തുടരും)

---

പേജ് 13 ൽ നിന്ന് തുടർച്ച

താനും ആവശ്യപ്പെട്ടു. ഞാൻ അദ്ദേഹത്തിനുവേണ്ടി കത്തെഴുതി."


മൗലവി മുഹമ്മദ് ബഖ്ശ് സാഹിബിന്റെ മകൻ ഹദ്റത്ത് ഗുലാം മുർത്തളാ സാഹിബ് പറയുന്നു:"എനിക്കു പല പ്രാവശ്യവും പലവിധത്തിലും സ്വപ്നത്തിൽ നബി(സ)തിരുമേനിയെ കാണാൻ സാധിച്ചിട്ടുണ്ട്. ഒരിക്കൽ ഞാൻ ആദരണീയമായ മദീനയിലെത്തി. വുളു ചെയ്ത് രണ്ടു റക്അത്ത് നഫ്ൽ നമസ്കരിച്ചു. പിന്നീട് അനുഗൃഹീതമായ റൗളശരീഫിലെത്തി. സമുദ്രത്തിൽ തിരമാലകൾ അടിച്ചുയരുന്നതുപോലെ അവിടെ പ്രകാശം അലയടിക്കുന്നുണ്ടായിരുന്നു. ഞാനും ആ തിരമാലയിൽ കടന്നു. പിന്നീട് മഗ്രിബ് നമസ്ക്കാരത്തിനുശേഷം നഫ്ൽ നമസ്കരിക്കുമ്പോഴും ജാഗ്രാവസ്ഥയിൽ ഇതേ ദൃശ്യമുണ്ടായി. 1906-ൽ ഞാൻ അവധിയിൽ വന്നപ്പോൾ എന്റെ മൂത്ത രണ്ടു സഹോദരന്മാരും ഗുലാം ഹമീദ് സാഹിബും ഗുലാം യാസീൻ സാഹിബ് ഖാരിയും ബയ്അത്ത് ചെയ്തു കഴിഞ്ഞിരുന്നു. കുറച്ചു ദിവസം ഞാൻ അവരോടൊപ്പം നമസ്കരിക്കാൻ കൂട്ടാക്കിയില്ല. എനിക്ക് അഞ്ചാമെ ആഥിം എന്ന ഗ്രന്ഥം വായിക്കാൻ നല്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ)മുബാഹലയ്ക്ക് ആഹ്വാനം ചെയ്തത് ഞാനതിൽ വായിച്ചു. പിന്നീട് എനിക്ക് എന്നെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ഞാൻ ഖാരി ഗുലാം യാസീൻ സാഹിബിനോടു പറഞ്ഞു, 'ആ മഹാത്മാവിനെ കാണാൻ നമുക്ക് പോകാം.' അങ്ങനെ ഞങ്ങൾ മൂന്നു സഹോദരന്മാരും ഖാദിയാനിലെത്തി. മസ്ജിദ് മുബാറക്കിൽ- അത് അന്ന് ചെറിയ പള്ളിയായിരുന്നു-ആളുകൾ ഇരിപ്പുണ്ടായിരുന്നു. ഞങ്ങളും അവിടെ ചെന്നിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)വന്നപ്പോൾ ആളുകൾ എഴുന്നേറ്റു നിന്നു. അക്കാരണത്താൽ അനുഗൃഹീതമായ ആ മുഖകമലം ദർശിക്കാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിനോടൊപ്പം മുറിയ്ക്കുള്ളിലിരുന്നു. മദീനമുനവ്വറയിൽവച്ച് ഞാൻ കണ്ട അതേ ദൃശ്യം തന്നെയായിരുന്നു അവിടേയും കണ്ടത്. അപ്പാൾ എന്റെ ഹൃദയം വിശ്വാസഭരിതമായി. ഞാൻ മന്നോട്ടു നീങ്ങി ഹുദൂറിന് ബയ്അത്തു ചെയ്തു."

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ അല്ലാഹുവിനോട് മാർഗദർശനം തേടിയ ചിലയാളുകളുടെ ചില സംഭവങ്ങളാണ് ഞാൻ പറഞ്ഞത്. അല്ലാഹു സ്വപ്നത്തിലൂടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യം അവർക്കു വെളിപ്പെടുത്തിക്കൊടുത്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ അല്ലാഹു സ്വപ്നത്തിലൂടെ മാർഗദർനം നല്കിയ ലക്ഷക്കണക്കിന്നാളുകളുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പിന്തുണച്ചുകൊണ്ട് സ്വപ്നങ്ങൾ കാണിച്ച് അല്ലാഹു അവർക്ക് നേരായ മാർഗം കാണിച്ചു കൊടുത്തു.

(തുടരും)

# അന്യഗ്രഹങ്ങളിൽ ജീവികളുണ്ടോ? ഖുർആൻ എന്ത് പറയുന്നു

ഏകാന്തതയുടെ അപാര തീരത്തിലൂടെ ഭൂമി തന്റെ ജീവിപരിവാരങ്ങളുമായി പ്രപഞ്ചത്തിൽ ഒറ്റക്ക് കറങ്ങി തിരിയുകയാണോ? മനുഷ്യ സമൂഹത്തിന്റെ സുഖദുഃഖങ്ങളും ചിന്തകളും അനുഭൂതികളും പങ്കിടാൻ അന്യഗ്രഹ ജീവികളോ മറ്റു ഭൗമേതര നാഗരികതകളോ നമ്മുടെ പ്രപഞ്ചത്തിലുണ്ടോ? ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആനും ശാസ്ത്രവും എന്തു പറയുന്നു എന്ന് നോക്കാം.




എ. എം. മുഹമ്മദ് സലീം

സാധാരണ ഒരു മത ഗ്രന്ഥം പോലെയല്ല വിശുദ്ധ ഖുർആൻ. ഭൗതിക പ്രപഞ്ചത്തിലെ യാഥാർഥ്യങ്ങളിലേക്കും പ്രതിഭാസങ്ങളിലേക്കും മനുഷ്യന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ദൈവത്തിന്റെ അസ്തിത്വത്തെപറ്റി ചിന്തിക്കാൻ ആഹ്വാനം ചെയ്യുന്ന ഒരു ഗ്രന്ഥ മാണ് വിശുദ്ധ ഖുർആൻ. അത്തരം വചനങ്ങൾ ഖുർആനിൽ ഉടനീളം കാണാം. ഖലീഫത്തുൽ മസീഹ് നാലാമനും നോബൽ സമ്മാന ജേതാവ് ഡോ. അബ്ദുസ്സലാമും തങ്ങളുടെ പ്രസംഗങ്ങളിൽ ഡമാസ്ക്കസ് യൂണിവേഴ്സിറ്റിയിലെ ഡോ. അഅ്ജാസുൽ ഖാത്തിബിനെ ഉദ്ധരിക്കാറുണ്ട്. ഡോ. ഖാത്തിബിന്റെ പഠനത്തിൽ വിശുദ്ധ ഖുർആനിൽ പ്രകൃതി ശാസ്ത്രങ്ങളെക്കുറിച്ച് പഠിക്കാൻ ആഹ്വാനം ചെയ്തു കൊണ്ട് 750 വചനങ്ങളാണുള്ളത്. അത് ഖുർആന്റെ എട്ടിലൊന്ന്(1/8) വരും. അതേ സമയം കർമ ശാസ്ത്രങ്ങളെ പറ്റി വിശുദ്ധ ഖുർആനിൽ 250 വചനങ്ങൾ മാത്രമേയുള്ളൂ! അപ്പോൾ വിശുദ്ധ ഖുർആൻ ശാസ്ത്ര പഠനത്തിന് നൽകുന്ന പ്രാധാന്യം വ്യക്തമാണല്ലോ. പ്രപഞ്ചത്തിൽ മനുഷ്യന് അജ്ഞാതമായ നിരവധി സത്യങ്ങളെക്കുറിച്ച് വിശുദ്ധ ഖുർആൻ സൂചന നൽകുന്നു. അതിലൊന്നാണ് അന്യഗ്രഹങ്ങളിൽ ജീവികളുണ്ടെന്ന ഖുർആന്റെ പ്രസ്താവന.


ഭൂമിയിൽ മാത്രമേ ജീവനുള്ളുവെന്നും ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രം എന്നുമുള്ള ഭൂകേന്ദ്ര പ്രപഞ്ച വീക്ഷണം (Geocentrism) മദ്ധ്യകാല

ഘട്ടത്തിലധിഷ്ഠിതമായ ഒരു ക്രിസ്തുമത വീക്ഷണമായിരുന്നു. ക്രിസ്തുവിന് തൊട്ടുമുമ്പുള്ള നൂറ്റാണ്ടുകളിൽ ജീവിച്ച ഗ്രീക്ക് ചിന്തകന്മാരായ അരിസ്റ്റോട്ടിലും ടോളമിയും മുന്നോട്ടു വെച്ച ഈ പ്രപഞ്ച സങ്കൽപ്പം (Ptolemaic System) ക്രിസ്തുമത ദർശനത്തിന നുയോജ്യമായിരുന്നത് കൊണ്ടാണ് മദ്ധ്യകാലഘട്ടത്തിൽ ക്രിസ്തുസഭ അതിന്റെ വക്താക്കളായിമാറിയത്. അതായത് പ്രപഞ്ച സ്രഷ്ടാവി ലൊരാളായ ദൈവപുത്രൻ അവതരിച്ച സ്ഥലം ഭൂമിയാണെന്നും അതിനാൽ ഭൂമി സവിശേഷമായ ഒരു സ്ഥലമാണെന്നും പ്രപഞ്ചത്തിന്റെ കേന്ദ്രമാണെന്നുമായിരുന്നു ക്രൈസ്തവ വീക്ഷണം. ഭൂമി ചലിക്കാത്ത ഒരു സ്ഥലമാണെന്നും ഭൂമിയെന്ന തിരി ക്കുറ്റിയിൽ ആകാശ ഗോളങ്ങൾ കറങ്ങിക്കൊണ്ടിരിക്കയാണെന്നതും ബൈബിളിനെ അടിസ്ഥാനമാക്കിയുള്ള ക്രിസ്തു സഭയുടെ ഔദ്യോഗിക വിശ്വാസമായിരുന്നു. ഭൂക്രേന്ദ്ര സിദ്ധാന്തത്തിന് അനുകൂലമായ ബൈബിൾ വചനങ്ങൾ ഇപ്രകാരമാണ്. *'ഭൂമിയെ ഒരിക്കലും ഇളകിപ്പോകാത്തവിധം അതിന്റെ അസ്തിവാരത്തിൽ നീ പ്രതിഷ്ഠിച്ചു.' (സങ്കീർത്തനം:104:5) 'അതേ, ഭൂലോകം സുസ്ഥാപിതമാണ് അത് ഇളകുകയില്ല.' (ദിനവൃത്താന്തം 16:30) 'കർത്താവ് ഭരണം നടത്തുന്നു. അവൻ പ്രതാപമണിഞ്ഞിരിക്കുന്നു. കർത്താവ് ശക്തി ധരിച്ച് അര മുറുക്കിയിരിക്കുന്നു. ലോകം സുസ്ഥാപിതമാക്കിയിരിക്കുന്നു അത് ഒരിക്കലും ഇളകുകയില്ല. നിന്റെ സിംഹാസനം പണ്ടേ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ് (സങ്കീർത്തനം 93:1) 'കർത്താവ് ഭരണം നടത്തുന്നു എന്ന് ജനതകൾക്കിടയിൽ പറയു. അതേ, ഭൂലോകം സുസ്ഥാപിതമാണ്. അത് ഇളകുകയില്ല. (സങ്കീർത്തനം 96:10)* ഭൂമി പ്രപഞ്ചത്തിന്റെ ഇളകാത്ത അസ്തിവാരമാണെന്ന ക്രിസ്തുസഭയുടെ തീർപ്പിനെതിരെ ആർക്കും യാതൊന്നും പറയാൻ അവകാശമില്ലായിരുന്നു. പതിനാറാം നൂറ്റാണ്ടിൽ നവോത്ഥാന ഭൗതിക ശാസ്ത്രജ്ഞനായിരുന്ന കോപ്പർനിക്കസ് (1473–1543) സൂര്യകേന്ദ്ര സിദ്ധാന്തം (Heliocentrism)അവതരിപ്പിച്ചു കൊണ്ട് ഭൂകേന്ദ്ര സിദ്ധാന്തം തിരുത്തിക്കുറിക്കുകയുണ്ടായി. വാസ്തവത്തിൽ പത്താം നൂറ്റാണ്ടിൽ തന്നെ അറബ് ലോകത്തെ ബസറയിൽ ജീവിച്ച ശാസ്ത്ര പ്രതിഭ ഇബ്നു ഹൈത്തം, ടോളമിയുടെ പ്രപഞ്ച സങ്കൽ പ്പത്തെ ചോദ്യം ചെയ്തു കൊണ്ട് രചിച്ച '*അൽ ശുക്കുകു അലാ ബത്തലാമിയൂസ്*' (Doubts Concerning Ptolemy -ടോളമിയെ സംബന്ധിച്ച സംശയങ്ങൾ) എന്ന പുസ്തക ത്തിൽ ടോളമിയുടെ ഭൂകേന്ദ്ര സിദ്ധാന്തം തിരുത്തിക്കുറിച്ചിരുന്നു. അതിൽ അരിസ്റ്റോട്ടിലിന്റെയും ടോളമിയുടെയും ഗോളസിദ്ധാന്തങ്ങളെ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രീയമായി തെറ്റാണെന്ന് തെളിയിക്കുകയും ഭൂമി സൂര്യനു ചുറ്റും ചലിക്കുന്നുണ്ടെന്ന് വ്യക്തമാ ക്കുകയും ചെയ്തിട്ടുണ്ട്. ഏതായാലും കോപ്പർനിക്കസിന്റെ ആശയങ്ങളടങ്ങിയ ഗ്രന്ഥങ്ങൾ വിലക്ക പ്പെട്ട പുസ്തകങ്ങളുടെ*(Index Librorum Prohibitorum = List of Prohibited Books) പട്ടികയിൽ ഉൾപ്പെടുത്തി ക്രിസ്തു സഭ വിളംബരപ്പെടുകയാണുണ്ടായത്. നൂറ് വർഷങ്ങൾക്ക് ശേഷം ഇറ്റാലിയൻ ശാസ്ത്രജ്ഞനായ ഗലീലിയോ ഗലീലി( 1564–1642) കോപ്പർനിക്കസിന്റെ സൂര്യകേന്ദ്ര സിദ്ധാന്തം അവതരിപ്പിച്ചതിന്റെ പേരിലാണ് മഹാനായ ആ ശാസ്ത്രജ്ഞനെ വേദവിപരീതം (Heresy) ആരോപിച്ച് ക്രിസ്തു സഭ ഇങ്കിസിഷന് വിധേയമാക്കി ജയിലിലടച്ചത് എന്ന കാര്യം നാം ഓർക്കണം.

**ഖുർആന്റെ പ്രപഞ്ച വീക്ഷണം**

പ്രപഞ്ചത്തിൽ ഭൂമിയെ കൂടാതെ അന്യഗ്രഹങ്ങളിൽ ജീവികളുണ്ടോ എന്നതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ എന്ത് പറയുന്നു എന്ന് ചർച്ച ചെയ്യുന്നതിന്ന് മുമ്പായി. മറ്റു മതഗ്രന്ഥങ്ങളിൽ നിന്ന് വ്യത്യസ്തമായി വിശുദ്ധ ഖുർആന്റെ അതിഗഹനവും ഉന്നത നിലവാരത്തിലുമുള്ള പ്രപഞ്ച വീക്ഷണം ചുരുക്കത്തിൽ പ്രതിപാദിക്കാം. ബൈബിൾ അടിസ്ഥാനമാക്കിയുള്ള ഭൂകേന്ദ്രിത പ്രപഞ്ച സിദ്ധാന്തവും ഭൂമിയിൽ മാത്രമേ ജീവനുള്ളൂ എന്ന വാദവും, ഭൂമി നിശ്ചലമാണ് എന്ന വിശ്വാസവും വിശുദ്ധ ഖുർആൻ നിരാകരിക്കുന്നു. ഖുർആന്റെ പ്രപഞ്ച വീക്ഷണത്തിന്റെ അഞ്ച് പ്രത്യേകതകൾ ഇവയാണ്. 1) അതിബൃഹത്തായ ഈ പ്രപഞ്ചം ഒരു മഹാവിസ്ഫോടനത്തിലൂടെയാണ് നിലവിൽ വന്നത്. 2) വിസ്ഫോടന ശേഷം അത് വികസിച്ചുകൊണ്ടിരിക്കുന്നു.3) ഒരു നിശ്ചിത പരിധിയിലെത്തിയാൽ വികസനം നിലച്ച് പ്രപഞ്ചം സങ്കോചിക്കുകയും പൂർവസ്ഥിതി പ്രാപിക്കുകയും ചെയ്യും 4) പ്രപഞ്ച ഗോളങ്ങളെല്ലാം ചലിച്ചുകൊണ്ടിരിക്കുന്നു 5) സൂര്യൻ നമ്മുടെ ഗാലക്സി യിൽ ഒരു പ്രത്യേക ഭ്രമണ പഥത്തി ലൂടെ സഞ്ചരിക്കുന്നു(Solar Apex).

**1–മഹാവിസ്ഫോടനം:–** വിശുദ്ധ ഖുർആൻ പറയുന്നു: *'അവിശ്വാസികൾ കാണുന്നില്ലേ ആകാശങ്ങളും ഭൂമിയും സംഘനിതമായ ഒരു പിണ്ഡ (രത്ഖൻ) മായിരുന്നു. പിന്നീട് നാം അതിനെ പിളർത്തുകയും(ഫത്ഖൻ) ചെയ്തു. ജീവനുള്ള എല്ലാറ്റിനേയും നാം ജലത്തിൽനിന്ന് ഉണ്ടാക്കുകയും ചെയ്തു' (21:31)* ഭൗതികവാദികളായഅവിശ്വാസികളെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഈ ഖുർആൻ വചനത്തിലെ *'രത്ഖൻ'* (സംഘനിത പിണ്ഡം) *'ഫത്ഖൻ'* (പിളർത്തൽ–മഹാവിഭേദനം) എന്നീ രണ്ട് പദങ്ങളും നമ്മുടെ പ്രപഞ്ചം ഉത്ഭവിച്ച രീതികളിലേക്ക് വെളിച്ചം വീശുന്നു. മഹാവിസ്ഫോടനത്തി (Big Bang )ലൂടെയാണ് പ്രപഞ്ചം നിലവിൽ വന്നതെന്ന ആധുനിക ശാസ്ത്രത്തിന്റെ കണ്ടെത്തൽ ഖുർആന്റെ അർഥപൂർണമായ ഈ വചനത്തെ പിന്തുണക്കുന്നു. ഈ ബ്രഹ്മാണ്ഡം പ്രാഥമികാവ സ്ഥയിൽ ഒരു കണരൂപത്തിലായിരു




ന്നു. അതി സാന്ദ്രവും അത്യുന്നത താപവുമുള്ള അവസ്ഥയിൽ ആ പ്രാഥമിക കണത്തിന്റെ സമമിതി (Symetry)തകർന്ന് സ്ഫോട നത്തിന് വിധേയമാവുന്നു. സ്ഫോട നത്തിന് ശേഷം പ്രപഞ്ചം തണു ക്കുവാൻ തുടങ്ങുകയും വിമോചി തമായ ഊർജം ബലങ്ങളായും കണങ്ങളായും ആറ്റങ്ങളും തന്മാ ത്രകളും പദാർഥങ്ങളും ഗോള വ്യവസ്ഥകളുമായി രൂപാന്തരപ്പെടു കയാണുണ്ടായത് എന്ന് മഹാവിസ് ഫോടന സിദ്ധാന്തം പറയുന്നു.

**2-പ്രപഞ്ചത്തിന്റെ വികാസം:**-വിസ് ഫോടന ശേഷം പ്രപഞ്ചം വിക സിച്ചുകൊണ്ടിരിക്കയാണെന്ന് മറ്റൊരു വചനത്തിൽ ഖുർആൻ പറയുന്നു: ***'ആകാശത്തെ നമ്മുടെ ശക്തികൊണ്ട് (അയ്ദിൻ) നാം സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും നാം അതിനെ വികസിപ്പിച്ചു കൊണ്ടിരിക്കുന്നതാണ്. (മുസി ഊൻ) '(51:48)*** 1922 ൽ റഷ്യൻ ശാസ്ത്രജ്ഞനായിരുന്ന അലക് സാണ്ടർ ഫ്രീഡ് മാനായിരുന്നു പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കു ക യാണെന്ന സിദ്ധാന്തം മുന്നോട്ടു വെച്ചത്. പുള്ളികളുള്ള ഒരു ബലൂൺ ഊതി വീർപ്പിക്കുമ്പോൾ പുള്ളികൾ പരസ്പരം അകലുന്നത് പോലെ പ്രപഞ്ചം മഹാവിസ്ഫോ ടന ശേഷം വികസിക്കുകയാണെ ന്നാണ് ഫ്രീഡ്മാന്റെ കണ്ടെത്തൽ. അമേരിക്കൻ ജ്യോതിശാസ്ത്ര ജ്ഞനായ എഡ്വിൻ ഹബിൾ ഗാലക്സികളിൽ നിന്നുള്ള പ്രകാശ ത്തെ അപഗ്രഥനം ചെയ്ത് പ്രപഞ്ചം വികസിക്കുകയാണെന്ന് അസന്ദിഗ്ധമായി തെളിയിക്കുകയു ണ്ടായി.

**3) പ്രപഞ്ചത്തിന്റെ വികാസ സങ്കോചങ്ങൾ:**- മഹാവിസ്ഫോടന ശേഷമുള്ള പ്രപഞ്ച വികാസം അനന്തമായി നീണ്ടുപോവുന്നില്ല. നിശ്ചിത പരിധി കഴിഞ്ഞാൽ ഈ വികാസം നിലക്കു കയും ഗുരുത്വാ കർഷണ ബലം മേൽ കൈ നേടി പ്രപഞ്ചം ചുരു ങ്ങാനാരംഭിക്കുകയും ആദ്യഘട്ട ത്തിൽ പ്രപഞ്ചം ഉണ്ടായ രീതിയിൽ ആയിതീരുകയും ചെയ്യും. ഇങ്ങനെ സങ്കോചവികാസത്തിന്റെ ആവർ ത്തനങ്ങളിലൂടെയാണ് പ്രപഞ്ചം കടന്നു പോകുന്നത് എന്ന് ആധുനിക കോസ്മോളജി പറയുന്നു. വിശുദ്ധ ഖുർആന്റെ ഒരു വചനം നോക്കൂ ***'നാം ആകാശത്തെ ഗ്രന്ഥത്താ ളുകൾ ചുരുട്ടുന്നത് പോലെ ചുരു ട്ടുന്ന നാളിനെ ഓർക്കുക. സൃഷ്ടി പ്പിനെ ആദ്യം നാം ആരംഭിച്ചത് പോലെ നാം അത് ആവർത്തി ക്കും. നമുക്ക് ബാധ്യതപ്പെട്ട ഒരു വാഗ്ദാനമാണിത്. അത് നാം നിറവേറ്റുക തന്നെ ചെയ്യും '(21:105)***

**4)ചലിക്കുന്ന ഗോളങ്ങൾ** :- ബൈബിൾ ഭൂമി ചലിക്കാത്തതും ഇളകാ ത്തതുമായ ഒരു സ്ഥലമാണെന്ന് പറയുമ്പോൾ അതിൽ നിന്ന് വ്യത്യസ്തമായി ഭൂമിയും സൂര്യനും ചന്ദ്രനുമടക്കം ആകാശ ഗോളങ്ങളെല്ലാം ചലിച്ചു കൊണ്ടി രിക്കുന്നു എന്നാണ് ഖുർആൻ പറയുന്നത്. ***'അവനത്രെ രാവിനെ യും പകലിനെയും സൂര്യനെയും ചന്ദ്രനേയും സൃഷ്ടി ച്ചത്. അവ ഓരോന്നും ഒരോ ഭ്രമണപഥത്തിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. (യസ്ബ ഹൂൻ- നീന്തി ക്കൊണ്ടിരി ക്കുന്നു.) '(21:34)*** ഈ വചനത്തിൽ ഭ്രമണ പഥങ്ങളിലൂടെ നീന്തിക്കൊ ണ്ടിരിക്കുന്നു എന്ന പരാമർശം വളരെ ശ്രദ്ധേയമാണ്. ഗോളങ്ങ ളുടെ സ്വയംഭ്രമണം (Rotation) പരിക്രമണം (Revolution) ക്ഷോഭ ചലനം (Perturbation) എന്നീ വിവിധ തരത്തിലുള്ള ചലനങ്ങളെ സൂക്ഷ്മമായി സൂചിപ്പിക്കാൻ പറ്റിയ താണ് 'യസ്ബഹൂൻ'എന്ന അറബി പദം.

**5)സൂര്യന്റെ ചലനം:**- ഭൂകേന്ദ്ര സിദ്ധാന്തത്തിനെതിരെയുള്ള കോപ്പർനിക്കസിന്റെ സൂര്യകേന്ദ്ര സിദ്ധാന്തം സൂര്യന് ചുറ്റും ഭൂമിയ ടക്കമുള്ള സൗരയൂഥ ഗ്രഹങ്ങൾ സൂര്യനെ വലം വെക്കുന്നു എന്ന് പറയുന്നു. എന്നാൽ സൂര്യന്റെ ചലനത്തെപ്പറ്റി സവിശേഷമായൊരു പരാമർശമാണ് ഖുർആൻ നട ത്തിയത്. സൂര്യൻ അതിന്റെ ഭ്രമണ പഥത്തിലൂടെ ചലിക്കുകയാണെ ന്നാണ് ഖുർആൻ വ്യക്തമായും പറയുന്നത്. സൂര്യനട ക്കമുള്ള നമ്മുടെ ഗാലക്സിയിൽ ഹെർ ക്കുലസ് നക്ഷത്ര മണ്ഡലത്തിലെ വേഗസ് നക്ഷത്രത്തിന്റെ ഭാഗ ത്തേക്ക് മണിക്കൂറിൽ 7,20,000 കി. മീ വേഗത്തിൽ ഒരു ദിവസം 1,72,80,000 കി. മീറ്റർ സൂര്യൻ അതിന്റെ മഹാ ഭ്രമണപഥത്തിൽ നമ്മുടെ ഗാലക്സിയുടെ കേന്ദ്ര ത്തെ(Galactic center)ആധാരമാക്കി ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്നു. സൂര്യനോടൊപ്പം ഭൂമിയും സൗര യൂഥം മുഴുവനും സഞ്ചരിക്കുന്നു. സോളാർ അപക്സ്(Solar Apex) എന്നാണ് ഈ സൗരപാത അറിയ

പ്പെടുന്നത്. സൂര്യചലനത്തെപറ്റി പരാമർശമുള്ള വിശുദ്ധ ഖുർആന്റെ ഒരു വചനം ഇങ്ങനെയാണ്. *'സൂര്യൻ അതിന്റെ നിശ്ചിത ദിശയിലേക്ക് സഞ്ചരിച്ചു കൊണ്ടി രിക്കുന്നു.'(36:39) 'സൂര്യന് ചന്ദ്രനെ എത്തിപ്പിടിക്കാനാവുകയില്ല. രാവ് പകലിനെ മറി കടക്കുന്നതുമല്ല. ഓരോന്നും ഓരോ ഭ്രമണ പഥത്തിൽ സഞ്ചരിച്ചു കൊണ്ടിരി ക്കുന്നു.' (36:41)*

**മറ്റു ഭൂമികൾ...?!!**

ദൈവം ജീവൻ എന്ന വരദാനം കൊണ്ട് സമ്പന്നമാക്കിയ അനുഗ്ര ഹീതഗോളമാണ് ഭൂമി. ധിഷണാ ബദ്ധമായ ജീവിതോത്സവങ്ങളുടെ നിറപകിട്ട് കൊണ്ട് മനോഹരമാണ് നമ്മുടെ ഭൂഗോളം. ഈ ഭൂമിയെ പോ ലെ ജീവന്റെ തുടിപ്പുകളും വികാര വിസ്മയങ്ങളുമുള്ള മറ്റു ജൈവ ഗോളങ്ങൾ പ്രപഞ്ചത്തിലുണ്ടോ? ശാസ്ത്ര ലോകം തന്നെ വേണ്ടത്ര ശ്രദ്ധപതിപ്പിക്കാത്ത അസാധാരണ മായ ഒരു വിഷയത്തെ പറ്റി നൂറ്റാ ണ്ടുകൾക്ക് മുമ്പ് അവതരിച്ച വി ശുദ്ധ ഖുർആനിൽ ഒരു പ്രസ്താവ മുണ്ട്. അതിപ്രകാരമാണ് *'അല്ലാഹു വാണ് ഏഴ് ആകാശങ്ങളെ സൃഷ്ടി ച്ചത്. അവയുടെയത്ര ഭൂമികളേയും. അല്ലാഹു അവർക്കിടയിൽ കൽപ്പന കളിറക്കുന്നു. അല്ലാഹു എല്ലാ കാ ര്യത്തിനും പൂർണകഴിവുള്ളവ നാണെന്നും അല്ലാഹു സകല വസ്തുക്കളെയും അറിവിനാൽ വലയം ചെയ്തിരിക്കുന്നുവെന്നും നിങ്ങളറിയുന്നതിന് വേണ്ടി'(65:13 തഫ്സീർ സഹീർ, ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്. )*

ഈ വചനത്തിൽ ഭൂമിയെപ്പോ ലെ ജീവികളുടെ ആവാസവ്യവ സ്ഥക്ക് അനുയോജ്യമായ മറ്റു ഗ്രഹങ്ങൾ പ്രഞ്ചത്തിലുണ്ടെന്ന് ഖുർആൻ വ്യക്തമായും പ്രസ്താ വിക്കുന്നു. ആധുനിക ഗോളശാസ് ത്രം ഭൂമിയെപോലെയുള്ള ജൈവഗ്ര ഹങ്ങൾ പ്രപഞ്ചത്തിൽ മറ്റെവിടെ യെങ്കിലുമുണ്ടോ എന്ന അന്വേഷ ണത്തിന് ആരംഭം കുറിച്ചിരിക്ക യാണ്. പ്രപഞ്ചത്തിൽ ഇങ്ങനെ നക്ഷത്രങ്ങൾക്ക് ചുറ്റിലും നിശ്ചിത അകലമുള്ള ഭ്രമണ വൃത്തത്തിൽ ഭൂമിയെ പോലെയുള്ള ഗോളങ്ങളിൽ ജീവികൾക്ക് വസിക്കാനാവശ്യമായ ആവാസ വ്യവസ്ഥക്ക് സാദ്ധ്യതക ളുണ്ട്. ഇതിനെയാണ് ആധുനിക വാനശാസ്ത്രം 'ജീവയോഗ്യമായ നക്ഷത്രകേന്ദ്രിത പരിവൃത്തം' Circumstellar Habitable Zone (CHZ) എന്ന് പറയുന്നത്. പല നക്ഷത്ര ങ്ങൾക്ക് ചുറ്റുമുള്ള ഭ്രമണവൃത്ത പരിപഥത്തിൽ ജീവമേഖ ലയുണ്ട് (CHZ). ആ ജീവമേഖലയിൽ ഭൂമി ക്ക് സമാനമായ ഗ്രഹങ്ങളും ഉണ്ട്. നാസയുടെ കെപ്ലർ സ്പേസ് ഒബ് സർവേറ്ററി നടത്തിയ നിരീക്ഷണ ങ്ങളിൽ നമ്മുടെ ഗാലക്സിയിൽ തന്നെ സൂര്യനെ പോലെയുള്ള നക്ഷത്രങ്ങൾക്ക് ചുറ്റുമുള്ള ഇത്ത രം ജീവമേഖല വൃത്തത്തിൽ 4000 കോടി ഗ്രഹങ്ങൾ ചലിച്ചു കൊണ്ടിരി ക്കുന്നതായി പറയുന്നു. അതിൽ അഞ്ചിൽ ഒന്ന് വീതം നക്ഷത്രങ്ങ ളുടെ CHZ യിൽ ഭൂമിക്കു സമാനമായ ഗ്രഹങ്ങൾ ഉണ്ട്. ഗവേഷണ വിദ്യാർഥികളുടെ മൂന്ന് വർഷത്തെ കഠിനമായ അദ്ധ്വാന ഫലമായാണ് ഇത്തരത്തിലുള്ള ഒരു ഡാറ്റ നാസക്ക് ലഭിച്ചത്. (Far-Off Planets Like the Earth Dot the Galaxy - By Dennis Overbye, Newyork Times, 2013 Nov 4) മേൽപ്രസ്താവിച്ച ഖുർആൻ വചനത്തിൽ *'ഏഴ് ആകാശങ്ങളെ യും അവയുടെയത്ര ഭൂമിയും'* എന്ന ഖുർആൻ പ്രയോഗം ആസ് ട്രോണമിക്ക് ഖുർആൻ നൽകിയ ഒരു താക്കോൽ വാക്കാണ്. ജീവന്റെ അന്വേഷണത്തിന്റെ മുന്നോടിയായി ഭൂമിക്ക് തുല്യമായ മറ്റുഭുമിക ളെയാണ് (Earth like planets) ശാസ്ത്രം അന്വേഷിക്കുന്നത്. പ്രപഞ്ച സ്രഷ് ടാവിന്റെ നൂറ്റാ ണ്ടുകൾക്ക്മുമ്പുള്ള വചനത്തിലെ സത്യം വിസ്മയകരമല്ലേ. ഇവിടെ 'ഏഴ്' എന്ന പ്രയോഗം 'അനേകം'എന്ന അർഥത്തിൽ അറബി ഭാഷയിൽ ഉപയോഗിക്കുന്ന ഒരു ശൈലീപദ മാണ്. അപ്പോൾ അനേകം ഭൗമ ഗ്രഹങ്ങൾ പ്രപഞ്ചത്തിലുണ്ട് എന്ന സൂചനയാണ് ഖുർആൻ നൽകു ന്നത്. മാത്രമല്ല അത്തരം ജീവയോ ഗ്യമായ ജൈവ ഗോളങ്ങൾ ഉണ്ടാവ ണമെങ്കിൽ ആ ഗോളത്തിന് വലം വെക്കാൻ ഒരു സൂര്യനും മറ്റു ഗോളാന്തരീയ സംവിധാനങ്ങളും ആവശ്യമാണ്. അതാണ് ഭൂമിയുടെ ആകാശം എന്ന പദം കൊണ്ട് സൂചി പ്പിക്കുന്നത്.

സൂര്യന് ചുറ്റുമുള്ള നമ്മുടെ സൗരയൂഥത്തിലേക്ക് തന്നെ നോ ക്കൂ, അതിൽ ആകെ എട്ട് ഗ്രഹ ങ്ങളുള്ളതിൽ നാലെണ്ണം ഭൗമഗ്രഹ ങ്ങൾ (Terrestial planets) എന്നാണ് അറിയപ്പെടുന്നത്. അതായത് പല ഘടകങ്ങളിലും ഭൂമിക്ക് സമാനമായ ഗ്രഹങ്ങൾ എന്നാണ് 'ടെറസ്ടിയൽ പ്ലാനറ്റ്' എന്നത് കൊണ്ട് അർഥമാക്കു ന്നത്. ശിലാഗ്രഹങ്ങൾ (Rocky Planet) എന്നും ഇവഅറിയ പ്പെടുന്നു. ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ എന്നിവയാണ് ആ ഗ്രഹ ങ്ങൾ. നേരത്തെ പറഞ്ഞ ജീവ മേഖ ലയിലാണ് ഈ ഗ്രഹങ്ങളും ചന്ദ്രനും നിൽക്കുന്നത്. സൗരയൂ ഥത്തിൽതന്നെ ഇപ്പോഴത്തെ ഭൗമഗ്ര ഹ ങ്ങൾ ഒരു കാലത്ത് ഭൂമിയെ പോലെ ജലവും ജീവനും നില നിന്നിരുന്നുവെന്നും ഏതെങ്കിലും വിധത്തിലുള്ള ഖഗോള പ്രതിഭാ സത്താൽ ജീവ നാശം സംഭവി ച്ചതാകാനും മതി.

**ദ്രവജലം ജീവന്റെ അടയാളം**

പ്രപഞ്ചത്തിലെ ജീവമേഖല യിലെ ജീവയോഗ്യമായ ഗ്രഹങ്ങ ളുടെ അന്വേഷണത്തിന്റെ മുഖ്യ മാനദണ്ഡം ദ്രവജലത്തിന്റെ സാന്നിദ്ധ്യമാണ്. ഇതിന് കാരണം ജലവും ജീവനും തമ്മിലുള്ള അഭേദ്യ ബന്ധമാണ്. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് അവതരിച്ച വിശുദ്ധ ഖുർആനിലെ ഒരു വചനം നോക്കൂ. *'ചരിക്കുന്ന എല്ലാ ജീവിക ളെയും അല്ലാഹു വെള്ളത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു'(24: 46).* ഖുർആന്റെ ഈ പ്രസ്താവനയുടെ മാർഗം പിന്തുടർന്നാണ് ആധുനിക ശാസ്ത്രവും നീങ്ങുന്നത്. പ്രപഞ്ച ത്തിലെവിടെയെങ്കിലും ജീവന്റെ സ്ഫുരണങ്ങൾ ഉണ്ടോ എന്ന്

തേടുന്ന ശാസ്ത്രമായ എക്സോബ യോളജി (Exobiology) ആദ്യമായി അന്വേഷിക്കുക ജലസാന്നിദ്ധ്യമാണ്. അഗാധമായ അർഥം ഉൾക്കൊള്ളുന്ന മറ്റൊരു ഖുർആൻ വചനം ഇവിടെ വീണ്ടും ആവർത്തിക്കുകയാണ്: *'അവിശ്വാസികൾ കാണുന്നില്ലേ ആകാശങ്ങളും ഭൂമിയും സംഘനിതമായ ഒരു പിണ്ഡ (രത്ഖൻ) മായിരുന്നു. പിന്നീട് നാം അതിനെ പിളർത്തുകയും (ഫത്ഖൻ) ചെയ്തു. ജീവനുള്ള എല്ലാറ്റിനേയും നാം ജലത്തിൽനിന്ന് ഉണ്ടാക്കുകയും ചെയ്തു' (21:31)* നേരത്തെ വിവരിച്ചത് പോലെ പ്രപഞ്ചം ആദിയിൽ ഒരു കണരൂപത്തി ലായിരു ന്നുവെന്നും പിന്നീട് മഹാവി സ്ഫോടനത്തിലൂടെ ഗോള വ്യവ സ്ഥകൾ ഉടലെടു ത്തുവെന്നും അങ്ങനെ ജീവന് ആദിത്യ മരുളിയ ജലസമൃദ്ധമായ ഭൂമി നിലവിൽ വന്നുവെന്നും ഈ വചനം ചൂണ്ടിക്കാട്ടുന്നു. മാത്രമല്ല ജലം ഉൽപാദിപ്പിക്കാനാവശ്യമായ ഭൗതിക ഘടങ്ങൾ ആദിയിൽ ഒന്നായിനിന്നിരുന്ന ബ്രഹ്മാണ്ഡ കണത്തിൽ തന്നെ ഉണ്ടായിരുന്നുവെന്നും ഖുർ ആൻ സൂചിപ്പിക്കുന്നു. അപ്പോൾ ജലലഭ്യതക്കാവശ്യമായ അത്തരം ഘടകങ്ങൾ ഇതര ഗോള നിർമിതി യിലും ഉണ്ടാവാം. ഭൗതികവും ഗോളാന്തരീയവുമായ അനുകൂല ഘടകങ്ങളുടെ സാന്നിദ്ധ്യത്തിൽ ദ്രവജലം മറ്റു ഗോളങ്ങളിലും ഉണ്ടാ കാനുള്ള സാദ്ധ്യതയിലേക്കുതന്നെ യാണ് ഈ വചനം വിരൽ ചൂണ്ടു ന്നത്.

ജലം മൂന്ന് അവസ്ഥകളിലാണ് കാണപ്പെടുന്നത്. ദ്രാവകം(ജലം) വാതകം(ജലബാഷ്പം), ഖരം (ഐസ്) ഭൂമിയിൽ ഈ മൂന്നവസ്ഥകളിലും ജലം കാണപ്പെടുന്നു. ദ്രവജലം അഥവാ വെള്ളമാണ് ജീവന് നേരിട്ട് സഹായിക്കുന്ന ഘടകം. ജലം ദ്രവരൂപത്തിൽ നിൽക്കണമെങ്കിൽ പ്രപഞ്ച സംവിധാന ത്തിൽ തന്നെ നിരവധി അനുകൂല ഘടകങ്ങളും ക്രമീകരണങ്ങളും വേണം. അതായത് മനുഷ്യ കരങ്ങൾക്കതീതമായ അതിസങ്കീർണ പ്രാപഞ്ചിക സന്തുലിതാവസ്ഥയിൽ മാത്രമേ നമ്മുടെ ജീവന് ആധാരമായ ജലം ദ്രവരൂപത്തിൽ ഭൂമിയിൽ നിൽക്കുകയുള്ളൂ. അതായത് ഭൂമി 23.5 ഡിഗ്രി ചരിഞ്ഞത് കൊണ്ടാണ്, ഭൂമിയിൽ ജലം ഈ മൂന്നവസ്ഥകളിലും നില കൊള്ളുന്നതും ജലചം ക്രമണത്തിലൂടെ (Water cycle) ഭൂമിയെ ജീവയോഗ്യമാക്കി മാറ്റുന്നതും. അത്പോലെ ദ്രവജല ലഭ്യതക്ക് അനുകൂലമായ മറ്റൊരു ഘടകം സൂര്യനിൽ നിന്നുള്ള നിശ്ചിത അകലമാണ്. ഭൂമി സൂര്യനിൽ നിന്നും ഇപ്പോഴുള്ള ഭ്രമണപഥത്തിൽ നിന്നും കുറച്ചു അകന്നു പോയാൽ ഭൂമിയിലെ ജലമാകെ തണുത്ത് ഐസ് ആയി മാറുമായിരുന്നു. അതുപോലെ സൂര്യനുമായി അൽപ്പം അടുത്താൽ ഭൂജലം മുഴുവൻ ആവിയായി പോവുകയും ചെയ്യുമായിരുന്നു. സൂര്യന്റെ നിശ്ചിത അകലം ഭ്രമണ പഥത്തിൽ അഥവാ ജീവമേഖലയിൽ (Habitual Zone) നിൽക്കുന്നത് കൊണ്ടാണ് ഭൂമി ജലസമൃദ്ധവും ജീവയോഗ്യവുമാകുന്നത്. അത് പോലെ അന്തരീക്ഷ മർദം തുടങ്ങി ഗോളാന്തരീയവും ഭൂഗോളത്തിനകത്തു തന്നെയുള്ളതുമായ നിരവധി അനുകൂല ഘടകങ്ങളുടെ സാകല്യാവസ്ഥയിലാണ് ഭൂമിയിൽ ജലം നിലനിൽക്കുന്നത്. പരമ കാരുണികനായ അല്ലാഹു സൃഷ്ടിച്ച സന്തുലിതമായ ആ ബ്രഹ്മാണ്ഡ സംവിധാനത്തെ സംബന്ധിച്ച് ഖുർആൻ പറയുന്നു: *'ആകാശത്തെ അവൻ ഉയർ ത്തുകയും സന്തുലനം (മീസാൻ- **Balance**) സ്ഥാപിക്കുകയും ചെയ്തു'(55:8)* ദൈവത്തിന് മാത്രം സൃഷ്ടിക്കാൻ കഴിയുന്ന ഗോളാന്ത രീയമായ ഒരു പ്രപഞ്ച സംവിധനത്തിന്റെ ആനുകൂല്യം കൊണ്ടാണ് ഈ ഭൂമണ്ഡലത്തിൽ ജലം നിൽക്കുന്നത്. അത്കൊണ്ടാണ് മറ്റൊരു വചനത്തിൽ മനുഷ്യനോട് അല്ലാഹു ചോദിക്കുന്നത്: *'നിങ്ങൾ കുടിക്കുന്ന വെള്ളത്തെക്കുറിച്ച് നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൽ നിന്ന് ഇറക്കിയത്? ' (56:69)* *'പറയുക നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ഒഴുകുന്ന ശുദ്ധജലം നിങ്ങൾക്ക് ആരാണ് കൊണ്ട് വന്നു തരിക'(67:31)* വാസ്തവത്തിൽ ഭൂമി അതിന്റെ ഭ്രമണവൃത്തത്തിൽ നിന്നും അൽപ്പം മാറി പോയാൽ സംഭവിക്കുന്ന ദുരന്തം നാമൊന്നു ഓർത്തു നോക്കൂ. ഖുർആൻ പറയുന്നു: *'തീർച്ചയായും ആകാശങ്ങളെയും ഭൂമിയേയും അവയുടെ സ്ഥാനങ്ങളിൽ നിന്നും നീങ്ങിപ്പോകാതിക്കാൻ അല്ലാഹു പിടിച്ചു നിർത്തുന്നു. ഇനി അവ രണ്ടും നീങ്ങി പോകുന്നതായാൽ അവനു പുറമേ ആരും തന്നെ അവയെ പിടിച്ചു നിർത്തുകയില്ല. നിശ്ചയമായും അവൻ സഹന ശീലനും സർവഥാ പൊറുക്കുന്ന വനുമാകുന്നു' (35:42)* ഭ്രമണവൃത്തമൊന്നു മാറിയാൽ ഈ ഭൂമി മറ്റൊരു ഭൂമിയായി മാറിപ്പോവും. അതിനുള്ള സാധ്യത നമ്മുടെ പ്രപഞ്ചത്തിൽ വളരെ അധികമാണ്. അല്ലാഹുവിന്റെ കാരുണ്യം കൊണ്ടാണ് ഭൂമി ഈ അവസ്ഥയിൽ നിൽക്കുന്നത്. ഈ വിധത്തിൽ ഭൂമി അല്ലാഹു സൃഷ്ടിച്ച കാലം മുതൽ കോടാനുകോടി വർഷങ്ങളായി കണിഷമായ ഒരു ഭ്രമണ പഥത്തിലൂടെ നിശ്ചിത വേഗത്തിലാണ് ഭൂമി സഞ്ചരിച്ചു കൊണ്ടിരിക്കുന്നതെന്ന് ഒരു ഖുർആൻ വചനം സൂചിപ്പിക്കുന്നുണ്ട്. ഖുർആൻ പറയുന്നു: *'ആകാശവും ഭൂമിയും സൃഷ്ടിച്ച നാൾമുതൽ അല്ലഹുവിന്റെ നിയമമനുസരിച്ച് മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു' (9:36)* ഒരു പക്ഷേ ഭാവിയിൽ ഭ്രമണ വൃത്തം മാറിയോ മറ്റു ഗോളാന്തര ദുരന്തങ്ങൾ സംഭവിച്ചോഖിയാമത്തിന് തുല്യമായ മറ്റൊരവസ്ഥയിലേക്ക് ഭൂമി മാറിയെന്നും വരാം. ഖുർആൻ പറയുന്നു: *'ഈ ഭൂമി മറ്റൊരു ഭൂമിയായി മാറ്റപ്പെടുന്ന നാളിൽ (അപ്രകാരം) ആകാശവും മാറ്റപ്പെടുന്നനാളിൽ'*

(തുടരും)

# വിവാഹ മോചനം:
## നിയമവും ചരിത്രവും

ദാമ്പത്യം എന്നത് സ്നേഹ സംസക്തിലും പരസ്പര വിശ്വാസത്തിലും മരണം വരെ തുടരേണ്ട പാവനമായ ഒരു ജീവിത പ്രക്രിയയാണ്. പക്ഷേ അസ്വാരസ്യങ്ങളും സംഘർഷങ്ങളും ആവിർഭവിച്ചാൽ വിവാഹമോചനത്തിലൂടെ മനുഷ്യ ജീവിതത്തെ സ്വതന്ത്രമാക്കുകയും വേണം. വിവാഹ നിയമങ്ങൾ മാനവീയവും പുരോഗമന പരവുമാകുന്നത് അവിടെയാണ്. വിവാഹ മോചനനിയമത്തിന്റെ ചരിത്രവും സാംഗത്യവും ലേഖകൻ വിവരിക്കുന്നു.

ഡോ. കൗസർ എടപ്പകത്ത്

വൈവാഹികാവകാശത്തിൽനിന്ന് സ്വാഭാവികമായും ഉപലബ്ദമാകുന്ന അവകാശമാണ് വിവാഹ മോചനാവകാശം. വിവാഹമോചനം എന്നാൽ നിയമപരമായും അന്തിമമായും വിവാഹം അവസാനിപ്പിക്കലാണ്. അടിസ്ഥാനപരമായി വിവാഹമോചനം എന്നത് ഒരു നിയമ പ്രക്രിയയാണ്. പങ്കാളിയെ ഉപേക്ഷിച്ചു കൊണ്ടോ അല്ലെങ്കിൽ അനൗപചാരികമായി പോലും വിവാഹബന്ധം വേർപെടുത്താവുന്നതാണ്. എന്നാൽ നിയമപരമായ അംഗീകാരമില്ലാതെ ദമ്പതികൾ വിവാഹമോചിതരായതായി കണക്കാക്കപ്പെടുന്നില്ല. 1

ഡിവോഴ്സ് (Divorce) എന്ന പദം ലാറ്റിനിൽ നിന്ന് നിഷ്പന്നമാണ്. വേർപിരിയൽ, വേർപെടുത്തൽ, ഗതിമാറൽ (*dictur a divertendo, quio viz. divertitur abuxore*) എന്നിങ്ങനെ അർഥങ്ങളുള്ള ലാറ്റിനിലെ '*Divoriitum* മൂല പദത്തിൽ നിന്നുമാണ് ഡിവോഴ്സ് ഉരുവം കൊണ്ടത്.[2] വിവാഹ ബന്ധം നിയമ പരമായി വേർപെടുത്താൻ സാധ്യമാവുന്ന ഒരു നിയമ രൂപമാണ് ഡിവോഴ്സ് (വിവാഹ മോചനം). സ്വേച്ഛയാൽ വിവാഹ ബന്ധത്തിന് വിരാമമിടുന്ന വ്യവസ്ഥാപിത മാർഗമാണത്. ഉപേക്ഷിച്ചുപോവൽ, വേർപിരിയൽ എന്നിങ്ങനെ സ്വേച്ഛയാൽ വിവാഹമോചനം സാധിതമാവുന്ന ഇതര മാർഗങ്ങൾ വേറെയുമുണ്ട്. എന്നാൽ ഡിവോഴ്സ് മറ്റു വിവാഹ മോചന മാർഗങ്ങളിൽ നിന്ന് വ്യത്യസ്തമാവുന്നത്, അത് ഔദ്യോഗികമായി സ്റ്റേറ്റിന്റേയോ ഭരണകൂടത്തിന്റെയോ സമ്മതിയുള്ളതും വിവാഹ പങ്കാളികളെ പുനർ വിവാഹത്തിന് അനുവദിക്കുന്നതാണ്.[3]

മിച്ചലിന്റെ അഭിപ്രായ പ്രകാരം ഡിവോഴ്സ് അഥവാ വിവാഹ മോചനം എന്നത് വിവാഹം സാധുവാണെന്ന് അംഗീകരിച്ചതിന് ശേഷം വിവാഹ പങ്കാളികളുടെ ജീവിതകാലത്ത് തന്നെ അവർ ഒറ്റയായി വേർതിരിയുകയും പുനർ വിവാഹത്തിന് സ്വാതന്ത്ര്യമുണ്ടായിരിക്കുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ്.[4] സമൂഹത്തിന് നന്മകൾ ഉദ്പാദിപ്പിക്കാനും സുഭദ്രമായ ഒരു കുടുംബ ജീവിതത്തിനും വേണ്ടി രൂപകൽപ്പന ചെയ്ത ഒരു പ്രക്രിയയുടെ ഭാഗമാണ് വിവാഹ മോചനം എന്നാണ് ഡോ. പീറ്റേഴ്സൺ ഡിവോഴ്സിനെ കണക്കാക്കുന്നത്.5 ഡിവോഴ്സ് എന്നത് കൂടുതൽ നല്ലതും സന്തോഷ പ്രദവുമായ രണ്ടാം വിവാഹത്തിനുള്ള തയ്യാറെടുപ്പോ അല്ലെങ്കിൽ അനുഭവമോ ആണെന്നാണ് അദ്ദേഹം വിചാരിക്കു ന്നത്. പ്രൊഫ. കയ് പറയുന്നത്, ഡിവോഴ്സ് എന്നത് ദമ്പതിമാരിൽ ഇരുവരുടേയും പരാജയവും അപഭ്രംശവുമാണ് എന്നാണ്. അന്യായക്കാരന്റെ നിഷ്ക്കളങ്കതയിലും പ്രതിയുടെ കുറ്റത്തിലും കെട്ടിപടുത്ത് വിവാഹ മോചനത്തെ പറ്റിയുള്ള പ്രചാരത്തിലുള്ള പ്രബലമായ നിയമ സിദ്ധാന്തം അവർ നിരാകരിക്കുന്നു.[6] കുടുംബത്തിന്റെ ഐക്യം ശിഥിലമാക്കുന്നതിനാൽ തീർച്ചയായും വിവാഹ മോചനം ഒരു സാമൂഹിക തിന്മയാണ്. പ്രതികൂലമായ സാമൂഹിക സാമ്പത്തിക പരിസ്ഥിതകളുടെയും അതുപോലെ വ്യക്തികളുടെ മാനസികമായ അസ്വാസ്ഥതകളുടെയും സുദീർഘമായ വൈവാഹിക അസ്വാരസ്യങ്ങളുടെയും ഫലമാണ് വിവാഹ

മോചനം. ഒരു വിവാഹം നടന്നു കഴിഞ്ഞാൽ സമാധാനപരമായും ആരോഗ്യകരവുമായ അന്തരീക്ഷത്തിലുള്ള അതിന്റെ തുടർച്ച വ്യക്തി നേരിട്ടും സമൂഹം പൊതുവായും വളരെയേറെ ശ്രദ്ധ പതിപ്പിക്കേണ്ട കാര്യമാണ്. തീർച്ചയായും ദാമ്പത്യം മാതൃകാപരമായിരിക്കണം. പരമാവധി ജീവിതാന്ത്യം വരെ നീട്ടിക്കൊണ്ടുപോകുന്നതുമായിരിക്കണം. പക്ഷേ വിവാഹം എന്നത് രണ്ട് മനുഷ്യർ തമ്മിലുള്ള പരസ്പര ബന്ധമാണ്. അത്കൊണ്ട് ആ ബന്ധം ചിലരിലെങ്കിലും ഒരു കാരണം കൊണ്ടല്ലെങ്കിൽ മറ്റൊരു കാരണത്താൽ തകരുന്നു. ദാമ്പത്യം ഒരിക്കലും പൂർവ നിലയിൽ പ്രാപിക്കില്ല എന്ന ബോദ്ധ്യത്തിൽ വിവാഹ പങ്കാളികൾ വിവാഹ ബന്ധം അവസാനിക്കാൻ ആഗ്രഹിക്കുക എന്നത് സ്വാഭാവികമാണ്. അത്തരം സന്ദർഭങ്ങളിലാണ് വിവാഹ മോചനം എന്ന സങ്കൽപ്പം രൂപപ്പെടുന്നത്. എല്ലാ കുടുംബ വ്യവസ്ഥകളിലും കുടുംബ കലഹങ്ങൾ പരിഹരിച്ച് ഭദ്രമായ കുടുംബം നിലനിർത്താൻ ചില ഉപായങ്ങൾ ആവിഷ്കൃതമായിട്ടുണ്ട് എന്നതിൽ സംശയമില്ല. എങ്കിലും കുഴപ്പങ്ങൾ ഉടലെടുക്കാം. അതുകൊണ്ട് ഇഷ്ടമില്ലാതെ ദാമ്പത്യ ജീവിതം നയിക്കുന്ന നിർബന്ധിതാവസ്ഥയിൽ നിന്ന് വ്യക്തിയെ രക്ഷിക്കുന്നതിന് ഏതെങ്കിലും രൂപത്തിൽ സാർവത്രികമായി നിലകൊള്ളുന്ന ഒരു ഉപാധിയാണ് വിവാഹമോചനം.[7]

**ചരിത്ര പശ്ചാത്തലം**

വിവാഹമോചനം എന്ന സങ്കൽപ്പം വളരെ പൗരാണികമാണ്. അതിന്റെ ഉദ്ഭവം കണ്ടെത്താൻ സാദ്ധ്യമല്ല. യഥാർഥത്തിൽ വിവാഹ മോചനത്തിനുള്ള അധികാരം ഭർത്താവിൽ മാത്രമായിരുന്നു നിക്ഷിപ്തമായിരുന്നത്. ഭാര്യക്ക് യാതൊരു സാഹചര്യത്തിലും വിവാഹ മോചനം ആവശ്യപ്പെടാൻ അവകാശമില്ലായിരുന്നു. നാഗരികതയുടെ ഉൽഗതികൊണ്ടും ആശയങ്ങളുടെ പുരോഗതികൊണ്ടും സ്ത്രീകളുടെ അവസ്ഥയിൽ ഒരു പരിധിവരെ പുരോഗതിയുണ്ടായി. റോമൻ ചക്രവർത്തിമാർ വിവാഹവും വിവാഹ മോചനവും സംബന്ധമായ ഒരു പദ്ധതിയാവിഷ്ക്കരിക്കും വരെ അവർ ആ അവകാശം ഉപയോഗിച്ചു വരികയും ചെയ്തു. ഹോമറുടെ കാലഘട്ടത്തിൽ ഗ്രീസിൽ വിവാഹ മോചനത്തിനായി ഒരു സ്ഥാപനമില്ലായിരുന്നു. പിന്നീട് ഗ്രീസിൽ വിവാഹ മോചനം വ്യാപകമായി വന്നു. അഥീനിയൻ നിയമ പ്രകാരം ഭർത്താവിന് അയാളുടെ ഭാര്യയെ അയാൾ ആഗ്രഹിക്കുമ്പോൾ യാതൊരു കാരണവും ബോധിപ്പിക്കാതെ ഉപേക്ഷിക്കാം. മറിച്ച് ഭാര്യക്ക് വിവാഹ മോചനം ആവശ്യപ്പെടണമെങ്കിൽ അത് ഒരു ഭരണാധികാരിക്ക് (Archon) മുമ്പിൽ സമർപ്പിക്കേണ്ടതുണ്ട്. അവൾക്ക്വിവാഹ മോചനത്തിന്റെ കാരണങ്ങൾ ബോധിപ്പിക്കുകയും വേണം.[9] പുരാതന യഹൂദ നിയമ പ്രകാരം ഒരു ഭർത്താവിന് ഭാര്യയിൽ എന്തെങ്കിലും തരത്തിലുള്ള അനിഷ്ടം ഉണ്ടായാൽ അവളെ ഏത് വിധേനയും എപ്പോൾ വേണമെങ്കിലും വിവാഹ മോചനം ചെയ്യാം. അയാൾക്ക് ഈ അധികാരത്തിന് വളരെ കുറഞ്ഞ പ്രതിബന്ധമേയുള്ളൂ, അല്ലെങ്കിൽ യാതൊരു പ്രതിബന്ധവുമില്ല. റോമക്കാരെ പോലെ തന്നെ പുരാതന അഥീനിയക്കാർക്കും ഇസ്റായേലികൾക്കുള്ളത് പോലെ വിവാഹ മോചനത്തിനുള്ള ഭർത്താവിന്റെ അധികാരം പരിധിയില്ലാത്തതായിരുന്നു. പിൽക്കാലത്ത് ഇസ്റായേലികൾക്കിടയിലെ ശാമൈറ്റുകൾ (Sahammaites) വിവാഹ മോചന നിയമം പ്രാവർത്തികമാക്കുന്നതിൽ ചില നിബന്ധനകൾ വെച്ചു കൊണ്ട് ഒരു പരിധിവരെ പരിഷ്ക്കരിക്കുകയുണ്ടായി. പക്ഷേ ഇസ്രയേലികളിലെ ഹില്ലേൽ വിഭാഗം (Hillel) അതിന്റെ പൗരാണിക കാർക്കശ്യത്തോടെ വിവാഹ മോചന നിയമം തുടരുകയാണുണ്ടായത്.

20-ാം നൂറ്റാണ്ടോടുകൂടി റോമൻ കാനോനിക നിയമങ്ങളിൽ പതുക്കെ മാറ്റങ്ങൾ ഉണ്ടായി. റോമൻ നിയമങ്ങളിൽ വിവാഹമോചിതനായ ഒരാളുമായുള്ള വിവാഹം തടഞ്ഞുവെക്കുമായിരുന്നു. പക്ഷേ പള്ളികളിൽ വെച്ച് ഔപചാരികമായ ആശീർവാദ ശുശ്രൂഷനൽകിയിരുന്നു.

അമേരിക്കയിൽ ഡിവോഴ്സിന് ഇംഗ്ലണ്ടിലേത് പോലെ ഒരേ അർഥം തന്നെയാണുള്ളത്. സ്വാതന്ത്ര്യത്തിന് മുമ്പ് വടക്കൻ അമേരിക്കയിലെ ബ്രിട്ടീഷ് കോളനികളിൽ വിവാഹ മോചനം അസംബ്ലി പാസ്സാക്കിയ നിയമം മുഖേന മാത്രമായിരുന്നു സാധിതമായിരുന്നത്. ഇറ്റലി, സ്പെയിൻ, അയർലണ്ട്, പോർട്ടുഗൽ എന്നീ രാജ്യങ്ങളിൽ സമ്പൂർണ വിവാഹമോചനം നിയമപരമായി സാദ്ധ്യമല്ലായിരുന്നു. കാരണം ഇവിടങ്ങളിൽ പുരാതന റോമൻ കത്തോലിക്കാ സഭയുടെ സ്വാധീനം നിലനിൽക്കുന്ന രാജ്യങ്ങളായിരുന്നു. 1973 ലാണ് ഇറ്റലി അവരുടെ സിവിൽ നിയമത്തിന് കീഴിൽ വിവാഹ മോചനം അംഗീകരിച്ചത്. ഫ്രാൻസിൽ വിപ്ലവത്തിന് മുമ്പ് വിവാഹ മോചനം നിയന്ത്രിച്ചിരുന്നത് റോമൻ കാനോൻ നിയമമായിരുന്നു. വിവാഹം വേർപിരിയാൻ കഴിയാത്ത ഒന്നായാണ് കാനോൻ നിയമം ഗണിച്ചത്. 1972 ൽ ഫ്രാൻസിലെ നിയമമനുസരിച്ച് വിവാഹം ഒരു സിവിൽ കരാറായി പ്രഖ്യാപിക്കുകയും വിവാഹ മോചനം വളരെ എളുപ്പമാക്കുകയുമുണ്ടായി. ഫെഡറൽ റിപ്പബ്ലിക്ക് ഓഫ് ജർമനിയിൽ വിവാഹമോചനത്തിന് കാരണമാകുന്ന വൈവാഹിക കുറ്റങ്ങൾ ഫ്രാൻസിലും മറ്റു യൂറോപ്യൻ രാജ്യങ്ങളിലുമുള്ളത് പോലെയാക്കുകയുണ്ടായി. 1966 ൽ സോവ്യറ്റ് വിവാഹ നിയമങ്ങളിലും മാറ്റം വന്നു. ജനകീയകോടതികൾ അതിന്റെചില അധികാരങ്ങൾ തിരിച്ചുപിടിച്ചു. അത് കാരണം വിവാഹ മോചനത്തിനുള്ള അധികാരം അവർക്ക് തിരികെ ലഭിക്കുകയുണ്ടായി. ചൈനയിൽ 1930 ലെ നിയമമനുസരിച്ച് പരസ്പര സമ്മത

ത്തോടെ രണ്ടു സാക്ഷികൾ സഹിതം എഴുതി സമർപ്പിച്ചാൽ വിവാഹം മോചനം അനുവദിക്കുന്നതാണ്. വ്യഭിചാര കുറ്റത്തിനുള്ള കോടതിയിലും (The Court for adultery ) വിവാഹ മോചനം അനുവദിക്കുന്നതാണ്. 1949 ൽ പീപ്പിൾസ് റിപ്പബ്ലിക്ക് ഓഫ് ചൈനയിൽ ചൈനീസ് കുടുംബ നിയമപ്രകാരം ജനകീയ കോടതിയിലെ എജൻസി മുഖാന്തരം പരസ്പര സമ്മതത്തോടെ വിവാഹ മോചനം അനുവദിക്കുന്നതാണ്. 1949 ൽ ചൈനീസ് പീപ്പിൾസ് പൊളിറ്റിക്കൽ കൺസൾട്ടേറ്റീവ് കോൺഫ്രൻസ് സ്വീകരിച്ച പൊതു പരിപാടി അനുസരിച്ച് ഭാര്യക്കും ഭർത്താവിനും വിവാഹ മോചനത്തിന് തുല്യാവകാശം അനുവദിക്കുകയുണ്ടായി. ജപ്പാനിലെ 1947ലെ ന്യൂ സിവിൽ കോഡ് പ്രകാരം ഉഭയസമ്മതത്തോടെ വിവാഹമോചനം ചെയ്യാവുന്നതാണ്. വ്യഭിചാരം, ഉപേക്ഷിച്ചു പോകൽ എന്നീ കാരണങ്ങളാലും വിവാഹ മോചനം ചെയ്യാവുന്നതാണ്.[11]

വിശാലമായ ഒരു രാജ്യം എന്ന നിലക്ക് ഇന്ത്യയിൽ വിവാഹമോചന സങ്കൽപ്പം ജാതികൾ തോറും ദേശങ്ങൾ തോറും പ്രതിജനഭിന്നമാണ്. ഹിന്ദു നിയമ പ്രകാരം വിവാഹം എന്നത് ദിവ്യമായ ഒരു ആചാരമാണ്. അത് അനശ്വരവും അവിഛിന്നവുമായ പാവന സംഗമമായിട്ടാണ് കരുതപ്പെട്ടിരുന്നത്[12]. ഹിന്ദു സംസ്ക്കാര പ്രകാരം വിവാഹ ബന്ധം ഈ ജീവിതത്തിൽ മാത്രമല്ല മരണാനന്തരമുള്ള ജീവിതത്തിലും തുടരുന്ന ബന്ധമാണ്.[13] ഏറ്റവും കഠിനമായ സാഹചര്യത്തിൽ പോലും വിവാഹ മോചനം അനുവദിക്കപ്പെട്ടിരുന്നില്ല. നാരദൻ അഥവാ പരാശരൻ, ഭർതൃമതിയായ മറ്റൊരു സ്ത്രീയെ വേൾക്കാൻ അനുവദിക്കപ്പെട്ടിരുന്നു. അത്തരത്തിലുള്ള സംഭവത്തിന് പോലും വിവാഹ മേചനം ഹിന്ദു നിയമത്തിൽ സ്ഥാപിക്കപ്പെടാൻ കഴിഞ്ഞിട്ടില്ല.[14] തുടക്കം മുതൽ കൗടില്യനും ഇതേ അഭിപ്രായം തന്നെയാണ് പ്രകടിപ്പിച്ചത്. എന്നാൽ ഇരു പങ്കാളികൾക്കും പരസ്പരം വെറുപ്പാണെങ്കിൽ വേർപിരിയൽ സാദ്ധ്യമാണ് എന്ന ഉദാര സമീപനത്തിന്റെനേരിയ വർണം അതിനുണ്ടായിരുന്നു.[15] ഡിവോഴ്സ് എന്ന പദത്തിന് സാധാരണ ഇംഗ്ലീഷിലുള്ള അർഥ കൽപ്പന രണ്ടു സഹസ്രസഹാബ്ദങ്ങളായി ഹിന്ദുശാസ്ത്രങ്ങൾക്കും ഹിന്ദു സമൂഹത്തിനും അന്യമാണ്. പ്രാദേശികമായി താഴ്ന്ന ജാതിക്കാർക്കിടയിലൊഴികെ.[16] പുരാതന ഹിന്ദു നിയമ പ്രകാരം വ്യഭിചാരിണിയായ ഭാര്യയെ പോലും വിവാഹമോചനം ചെയ്യാൻ അനുവാദമുണ്ടായിരുന്നില്ല. താഴ്ന്ന ജാതിയിൽപ്പെട്ട പുരുഷന്മാരുമായി ലൈംഗിക വേഴ്ച്ചയിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രം അവളെ ശിക്ഷിക്കാവുന്നതാണ്. വ്യഭിചാര ഫലമായി അവൾ ഗർഭിണിയായെങ്കിൽ മാത്രം അവൾ ഉപേക്ഷിക്കപ്പെടാവു ന്നതാണ്. അങ്ങനെ വന്നാൽ ഭർത്താവിന് ഭാര്യയെ ഉപേക്ഷിക്കാം. പക്ഷേ എന്തുതന്നെയായാലും ഭാര്യക്ക് ഭർത്താവിനെ ഉപേക്ഷിക്കാനോ അവളുടെ ഭർത്താവ് മരിച്ചാൽ പോലും പുനർവിവാഹത്തിനോവാസ്തവത്തിൽ അനുവാദമില്ലായിരുന്നു. നിയപരമായി വിവാഹമോചനം ഒരിക്കലും അനുവദിക്കപ്പെട്ടിരുന്നില്ല. എന്നാൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ആചാരപരമായി വിവാഹമോചനം എപ്പോഴും എവിടെയും അനുവദിക്കപ്പെടുകയും ചെയ്തിരുന്നു. മരുമക്കത്തായ നിയമത്തിൽ വിവാഹമോചനം ആനുവദിക്കപ്പെട്ടിരുന്നു. ഈ സമ്പ്രദായത്തിൽ ആദ്യമായി നായർ പെൺകുട്ടി ഒരു ബ്രാഹ്മണയുവാവുമായി സാധാരണ നിലയിൽ പൂർണമായും അനുഷ്ഠാനപരമായ വിവാഹം നടക്കുന്നു. ഉടൻ തന്നെ ആചാരപരമായ വിവാഹമോചനവും നടക്കുന്നു. അതിന് ശേഷം അവൾക്ക് 'സംബന്ധത്തിൽ' പ്രവേശിക്കാവുന്നതാണ്..[17] ഹിന്ദുധർമശാസ്ത്രങ്ങൾ മരണാനന്തരം പോലും നിലനിൽക്കുന്ന വിവാഹത്തിന്റെ അവിഛിന്നതയും ദിവ്യത്വസങ്കൽപ്പവും ആവർത്തിച്ചാവർത്തിച്ച് പഠിപ്പിക്കുന്നുണ്ട്.

ക്രമേണ ഹിന്ദു ദിവ്യന്മാർ പ്രസ്തുത സങ്കൽപ്പം ഉദാരവൽക്കരിക്കുകയുണ്ടായി. പരിമിത വൃത്തത്തിൽ വിവാഹ മോചനം അനുവദിക്കുകയും ചെയ്തു. വസിഷ്ഠ മുനിയുടെ അഭിപ്രായ പ്രകാരം സ്വഭാവ ദൂഷ്യമുള്ള ഒരു വ്യക്തിയുമായോ ശണ്ഠനുമായോ അന്ധനുമായോ മാനസിക രോഗിയുമായോ മതനിഷേധിയുമായോ ഉള്ള വിവാഹ നിശ്ചയം ചെയ്താൽ അത് വേർപ്പെടുത്താവുന്നതാണ്. മതപരമായ ഇത്തരം ഉപാഖ്യാനങ്ങളിലൂടെ വിവാഹ ബന്ധം വേർപ്പെടുത്താൻ പാടില്ല എന്നത് പോലെയുള്ള ഹിന്ദു വിവാഹത്തിലെ സംസ്കാര ഘടകങ്ങൾ *(samskaric* **element)** പ്രാഥമികമായി തകരുകയുണ്ടായി. 1856 ലെ ഹിന്ദു വിധവാ പുനർവിവാഹ നിയമം (Hindu Widow Remarriage Act, 1856) പാസ്സായതോടെ ഹിന്ദു സംസ്കാര സങ്കൽപ്പങ്ങൾക്ക് വീണ്ടും പ്രഹരമേൽക്കപ്പെടുകയുണ്ടായി[18].

ഇന്ത്യ സ്വാതന്ത്രമായതിന് ശേഷം വിവാഹ മോചന കാര്യത്തിൽ എകീകൃതസിവിൽ കോഡിനായുള്ള പുതിയ ആവശ്യത്തിന് ശക്തികൂടിവരികയുണ്ടായി. ഹിന്ദു സ്ത്രീ അനുഭവിക്കുന്ന ദുരിതങ്ങളാണ് ഈ ആവശ്യങ്ങളുടെ പിന്നിലെ ചാലകശക്തിയായി വർത്തിക്കുന്നത്. ഹിന്ദു മതത്തിൽ ഒരു വലിയ ജനവിഭാഗം വിവാഹ മോചനത്തിനെതിരായി നിന്നിരുന്നു. മറ്റു മതങ്ങളിലെ വിവാഹ നിയമങ്ങളിൽ ഇടപ്പെടാതിരിക്കൽ നയം സ്വീകരിക്കുന്ന പാർലമെന്റ് വിവാഹ മോചനത്തിനായുള്ള നിയമ വകുപ്പുമായി ഹിന്ദു മതത്തിൽ ഇടപെടുന്നു എന്നതിലായിരുന്നു. അവരുടെ മുഖ്യമായ എതിർപ്പ്. പാർലമെന്റിൽ നിരവധി ചൂടുപിടിച്ച വാദപ്രതിവാദങ്ങൾക്ക് ശേഷം ഹിന്ദു സമൂഹത്തിലും വിവാഹമോചന നിയമം കൊണ്ടുവരാൻ ഗവൺമെന്റിന് കഴിഞ്ഞു. 1955 ലെ ഹിന്ദു മാര്യേജ് ആക്റ്റിൽ വിവാഹമോചനം വിഭാവന ചെയ്യപ്പെട്ടു. ഈ നിയമം 1869

ലെ ഇംഗ്ലീഷ് നിയമത്തിന്റെ പശ്ചാത്തലവും 1869 ലെ ഇന്ത്യൻ ഡിവോഴ്സ് ആക്റ്റും അനുധാവനം ചെയ്തു കൊണ്ടുള്ളതാണ്.19 ഇത് 1956, 1960, 1964, 1976, 1978 എന്നീ വർഷങ്ങളിൽ ഭേദഗതി ചെയ്യുകയുണ്ടായി. ഈ നിയമം മനുവിന്റെ സുസ്ഥാപിത നിയമങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. രണ്ട് നൂറ്റാണ്ടുകളായി അനുഭവിച്ചു കൊണ്ടിരുന്ന ബ്രിട്ടീഷ് ഭരണവും പാശ്ചാത്യ വിദ്യാഭ്യാസവും ഇന്ത്യൻ മനസ്സുകളിൽ സന്നിവേശിപ്പിച്ച ബോധം മൂലം സമകാലീന പാശ്ചാത്യ നാഗരികതയുമായി തദാത്മ്യം പ്രാപിക്കാനുള്ള ഒരു ശ്രമം ഈ നിയമ നിർമാണ പ്രവർത്തനങ്ങളിൽ കാണാം. ഒരു കാര്യം വളരെ വ്യക്തമാണ്. വളരെ വലിയ ഒരു ജനവിഭാഗത്തിന് വിലക്കപ്പെട്ടിരുന്ന വിവാഹ മോചനത്തിനുള്ള പരിഹാരം ഈ നിയമങ്ങൾ കൊണ്ടു വരികയുണ്ടായി. തുടർന്നു നടന്ന നിയമ ഭേദഗതികളും പ്രത്യേകിച്ച് 1976 ലെ ഭേദഗതി വിവാഹ മോചന നിയമത്തിലെ വകുപ്പുകൾ ഉദാരമാ ക്കുകയുണ്ടായി.[20] 1976 ൽ ഭേദഗതി ചെയ്യപ്പെട്ട 1955 ലെ ഹിന്ദു നിയമം ഡിവോഴ്സിനുള്ള കുറ്റ സിദ്ധാന്തം (guilt theory of divorce )7 കുറ്റങ്ങളുടെ അടിസ്ഥാനങ്ങൾ ഭേദഗതി ചെയ്യപ്പെട്ടു. വ്യഭിചാരം, അഹിന്ദു മതത്തിലേക്കുള്ള പരിവർത്തനം, മാറാത്ത ബുദ്ധി ഭ്രമം അഥവാ മാനസിക രോഗം, മാറാത്ത കുഷ്ഠ രോഗം, പകരുന്ന ലൈംഗിക രോഗങ്ങൾ, സന്യാസ ദീക്ഷ സ്വീകരിക്കൽ (ഒരു സന്യാസ ക്രമത്തിൽ പ്രവേശിച്ചു കൊണ്ട് ലോക വിരക്തമായ ജീവിതം നയിക്കൽ) മരിച്ചു പോയി എന്ന് അനുമാനിക്കൽ എന്നിവയാണവ. ദുരിതങ്ങളാണ് ഈ ആവശ്യങ്ങളുടെ പിന്നിലെ ചാലകശക്തിയായി വർത്തിക്കുന്നത്. ഹിന്ദു മതത്തിൽ ഒരു വലിയ ജനവിഭാഗം വിവാഹ മോചനത്തിനെ തിരായി നിൽക്കുന്നു. മറ്റു മതങ്ങളിലെ 1964 ലെ ഹിന്ദു വിവാഹ ഭേദഗതി നിയമത്തിൽ 13-ാം വകുപ്പിന്റെ 1(A) ഉപവകുപ്പ് വിവാഹിതരായവർക്ക് വിവാഹമോചനത്തിന് അപേക്ഷ സമർപ്പിക്കാനുള്ള അവകാശത്തിനായി ദാമ്പത്യ തകർച്ചാ സിദ്ധന്തം പരിചയപ്പെടുത്തുന്നുണ്ട്. അത് പ്രകാരം കോടതി കൽപ്പിച്ച വിടുതൽ ജീവിതത്തിന് (Judicial Separation) ശേഷം രണ്ട് വർഷമോ അതിലധികമോ കാലം വിവാഹ പങ്കാളികൾക്ക് സഹജീവനം പുനസ്ഥാപിക്കാൻ കഴിയാതെ വരികയോ അല്ലെങ്കിൽ ദാമ്പത്യാവകാശങ്ങൾ പുനസ്ഥാപിക്കണമെന്ന് (Restitution of Conjugal Rights) കോടതി വിധിച്ചിട്ടും രണ്ട് വർഷമോ അതിലധികമോ കാലമായിട്ടും ദാമ്പത്യാവകാശങ്ങൾ പുനസ്ഥാപിക്കാതിരിക്കുകയോ ചെയ്താൽ വിവാഹ പങ്കാളികൾക്ക് വിവാഹമോചനം അവശ്യപ്പെടാൻ അവകാശമുണ്ട്. 1976 ലെ വിവാഹ നിയമ ഭേദഗതി ആക്റ്റ് സെക്ഷൻ 13(b) 1976 ഉൾപ്പെടുത്തുകയുണ്ടായി. അത് പ്രകാരം ഉഭയകക്ഷി കളുടെയും സമ്മത പ്രകാരം വിവാഹ മോചനം അംഗീകരിക്കപ്പെടുന്നതാണ്.

പുരാതന റോമൻ നിയമ പ്രകാരം (ക്രിസ്തു മതത്തിന് മുമ്പുള്ള റോമൻ നിയമം) വിവാഹവും വിവാഹ മോചനവും അനിവാര്യമായും ഒരു സ്വകാര്യ പ്രവർത്തനമായാണ് കരുതിയിരുന്നത്. വിവാഹ ബന്ധത്തിൽ പ്രവേശിച്ച എല്ലാ റോമൻ പൗരനും അത് റദ്ദാക്കാനും സ്വാതന്ത്ര്യമുണ്ട്. പക്ഷേ ക്രിസ്തു മതത്തിന്റെ ആവിർഭാവത്തോടെ ലോകം മുഴുവൻ വിവാഹം ഒരു ദിവ്യാനുഷ്ഠാന (Sacrament- കൂദാശ) മായിമാറി. അതോടനുബന്ധിച്ച് വിവാഹം വേർപെടുത്താൻ പാടില്ലാത്ത ബന്ധമാണ് എന്ന സിദ്ധാന്തവും പ്രചരിക്കപ്പെട്ടു. വിവാഹ കാര്യങ്ങളുടെ പരമോന്നത അധികാരി റോമൻ സഭയായി മാറി. വിവാഹ ബന്ധം പാവനവും കേവലവുമായ ഒന്നാണെന്നും വേർപെടുത്താൻ പാടില്ലാത്തതാണെന്നുമുള്ള കാനോനിക നിയമങ്ങൾ പ്രഖ്യാപിക്കുകയും കൽപ്പിക്കപ്പെടുകയും ചെയ്തു. വിവാഹത്തോടുകൂടി ദൈവ പ്രവൃത്തിയാൽ സ്ത്രീയും പുരുഷനും ഒരു മാംസമായി തീരുന്നു. വിവാഹം ദിവ്യമായ ഒരു ബന്ധമായി മാറുന്നു. അത് ഒരു. ദിവ്യാനുഷ്ഠാന (കൂദാശ)വുമാണ്. 'വിവാഹം സ്വർഗത്തിൽ നടക്കുന്നു' എന്നത് ഒരു സാരവവാക്യമാണ്. അത് കൊണ്ട് ഇപ്രകാരം പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. '*ദൈവം കൂട്ടി ചേർത്തതിനെ മനുഷ്യന് വേർപെടുത്താൻ അധികാരമില്ല.*' എന്ന്. എങ്കിലും വിവാഹം ഒരു കരാർ ആയി തന്നെയാണ് മുന്നോട്ട് പോകുന്നത്. അത് ദിവ്യവും പാവനവുമായ ഒരു സുസ്ഥാപിതാചാരം കൂടിയാണ്. വിവാഹം എന്നത് ആത്മാവും ശരീരവും തമ്മിൽ അവിരാമം തുടരുന്ന നിഗൂഢാത്മകമായ യുഗ്മാവസ്ഥയാണ്.[21]

*(തുടരും- വിവ: എ.എം)*

ഹദ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: ഒരാൾ ഒരു സ്ത്രീയെ വേൾക്കുന്നത് നാല് കാര്യങ്ങളെ മുൻനിറുത്തിയായിരിക്കും. അവളുടെ സമ്പത്ത്, അവളുടെ കുലമഹിമ, അവളുടെ സൗന്ദര്യം, അവളുടെ ധർമനിഷ്ഠ. നീ ധർമനിഷ്ഠയുള്ള സ്ത്രീയെ വേൾക്കുക. അങ്ങനെയായാൽ നിന്റെ കൈ ചെളി പുരളുകയില്ല.

**(ബുഹാരി മുസ്ലിം)**



# മാലി യാത്രക്കൊരാമുഖം

പ്രശസ്ത സഞ്ചാരസാഹിത്യകാരൻ എ. ക്യു. മഹ്ദി സാഹിബ് തന്റെ യാത്രാനുഭവങ്ങൾ വിവരിക്കുന്നു.

എ. ക്യു മഹ്ദി

യാത്രകൾ അറിവും ആനന്ദവുമാണ്. സ്വപ്നവും യാഥാർഥ്യവുമാണ്. അന്വേഷണവും കണ്ടെത്തലുമാണ്. പരിശുദ്ധ ഖുർആനിലെ മുപ്പതാം അദ്ധ്യായത്തിൽ 43-ാം വചനത്തിൽ ഇങ്ങനെയൊരു പരാമർശമുണ്ട്. '**നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുക. എന്നിട്ട് നിങ്ങൾക്ക് മുമ്പുള്ളവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക....**'

മറ്റൊരിടത്ത് 67-ാം അദ്ധ്യായം 16-ാം വചനത്തിൽ പറയുന്നത് നോക്കുക:

'**അവനത്രെ ഭൂമിയെ നിങ്ങൾക്ക് കീഴ്പ്പെടുത്തിയവൻ. അത്കൊണ്ട് അതിന്റെ വഴികളിൽ കൂടി നിങ്ങൾ സഞ്ചരിക്കുകയും അവൻ നൽകിയ വിഭവങ്ങളിൽ നിന്ന് ഭക്ഷിക്കുകയും ചെയ്തു കൊള്ളുക..**'

രണ്ട് ഹദീസ് വചനങ്ങൾ കൂടി നമുക്ക് ശ്രദ്ധിക്കാം. 'നിങ്ങൾ ചൈനയിൽപോയെങ്കിലും വിദ്യ (അറിവ്) കരസ്ഥമാക്കുക...', 'ജ്ഞാനംകരസ്ഥമാക്കുവാൻ യാത്ര ചെയ്യുന്നവരുടെ മേൽ മലക്കുകൾ അവരുടെ തണലുകളാൽ തണൽ നൽകും..'

ലോകത്തെ മിക്ക എല്ലാ പ്രധാന രാജ്യങ്ങളും മുഖ്യ നഗരങ്ങളും പലപ്പോഴായി സന്ദർശന പരിധിയിൽ ഉൾപ്പെട്ടുവെന്ന് എനിക്ക് അഭിമാന പൂർവം പറയാൻ കഴിയും. എട്ട് യാത്രാ വിവരണ പുസ്തകങ്ങൾ ഇതിനകം രചിച്ചിട്ടുണ്ട്. ഇത് എന്റെ ഒമ്പതാമത്തെ പുസ്തകത്തിലെ വിഷയങ്ങളും വിവരണങ്ങളുമാണ്. പ്രസാധനം ചെയ്യുമ്പോൾ ഈ യാത്രാ പുസ്തകത്തിന് നൽകാൻ ഉദ്ദേശി ക്കുന്ന പേര് 'മാലിയിലെ സ്വപ്ന മത്സ്യം' എന്നാണ്. എൻ. ബി. എസ്. ആണ് ഈ പുസ്തകത്തിന്റെ പ്രസാധകർ.

മാലി എന്ന മാലി ദ്വീപിനെ പറ്റി പറയാൻ ഏറെയുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം ലോക സഞ്ചാരത്തിന് തുടക്കം കുറിക്കുന്നത് ഈ ചെറിയ ദ്വീപ് രാഷ്ട്ര സന്ദർശനത്തോടെയാണ്. അതാകട്ടെ ഇന്നേക്ക് മൂന്ന് പതിറ്റാണ്ടിനപ്പുറം 1982

ലായിരുന്നു. തിരുവനന്തപുരത്തുള്ള ഒരു സ്നേഹിതനുമൊത്താണ് അന്ന് മാലിക്ക് പറന്നത്. കേവലം മൂന്ന് ദിവസത്തെ സന്ദർശനം മാത്രമായിരുന്നു ഉദ്ദേശ്യം. എല്ലാ യാത്രകളും നടത്തിയിട്ടുള്ളത് ട്രാവൽ കമ്പനികൾ ഏർപ്പെടുത്തുന്ന ടൂർ പാക്കേജുകളിലൂടെയാണ്. എന്നാൽ 1982 ലെ ആ മാലി യാത്ര അങ്ങനെയായിരുന്നില്ല. നമ്മുടെ മറ്റ് രണ്ട് അയൽ രാജ്യങ്ങളായ ശ്രീലങ്കയിലും നേപ്പാളിലും സന്ദർശനം നടത്തിയതും ടൂർ പാക്കേജിൽ പങ്കെടുക്കാതെയായിരുന്നു. പിന്നീടുള്ള എല്ലാ രാജ്യങ്ങളിലും അമേരിക്കയും യൂറോപ്പും ആഫ്രിക്കയും ഉൾപ്പെടെ പോയത് വിവിധ ട്രാവൽ കമ്പനികൾ ഒരുക്കി തന്ന ടൂർ പാക്കേജുകളിൽ പങ്കെടുത്താണ്. മാലിയിലെ ഈ യാത്രാ വിവരണത്തിൽ രണ്ട് കാല ഘട്ടങ്ങളിലെ സംഭവാവിഷ്ക്കാരമുണ്ട്. 1982 ലെയും പിന്നീട് രണ്ടാമതൊരിക്കൽ കൂടി സന്ദർശനം നടത്തിയ 2010 ലെയും. ഈ രണ്ടാം യാത്ര കുടുംബ സമേതമായിരുന്നു.

രണ്ടാമത്തെ മാലി യാത്രക്കു പിന്നിൽ വലിയൊരു ഉദ്ദേശ്യം കൂടിയുണ്ടായിരുന്നു. ഒരു സബ്മ റിൻ (അന്തർവാഹിനി) ടിക്കറ്റെടുത്താൽ ഒരു മുങ്ങിക്കപ്പലിൽ ആഴിയുടെ അഗാധതകളിൽ സഞ്ചരിക്കാൻ മാലിയിൽ അവസരമുണ്ടെന്ന് ഇന്റർനെറ്റിൽ നിന്ന് അറിവുകിട്ടുകയായിരുന്നു. ജീവിതത്തിലൊരിക്കലും നേരിൽ കാണാൻ പോലും അവസരമുണ്ടാവാത്ത, ടിവിയിലൂടെ മാത്രം കണ്ടിട്ടുള്ള മുങ്ങിക്കപ്പലിൽ യാത്ര ചെയ്യാൻ കയ്യെത്തും ദൂരത്ത് അവസരം വന്നപ്പോൾ ഒഴിവാക്കാനാവാതെ അതിന് ഒരുങ്ങി പുറപ്പെടുകയായിരുന്നു. ഇത്തരമൊരു വിവരം ഇന്റർനെറ്റിലൂടെ കിട്ടിയപ്പോയാണ് ഇന്ത്യയിൽ ആദ്യത്തെ സീപ്ലെയിനിൽ കയറാനും വളരെ അപൂർവമായ അണ്ടർ സീ വാക്കിലൂടെ (Under Sea Walk) ഒരു നടത്തത്തിനുമായി ആന്തമാനിലേക്ക് വിമാനം കയറിയത്. കടലിന്റെ അടിയിൽ നാൽപ്പത് അടി ആഴ



ലേഖകനും പത്നിയും ഖലീഫത്തുൽ മസീഹിനോടൊപ്പം

ത്തിൽ നടന്നു നീങ്ങാനുള്ള ഒരവസരവും സന്ദർഭവുമാണ് ആധുനിക സൗകര്യങ്ങളുടെ പശ്ചാത്തലത്തിൽ അണ്ടർസീ വാക്കിലൂടെ ഒരുക്കിയിരിക്കുന്നത്.

മുമ്പൊരിക്കൽ നേപ്പാളിൽ പോയപ്പോഴും ശ്രീലങ്ക സന്ദർശിച്ചപ്പോഴുംഉണ്ടായ അവസരവും അനുഭവവും പോലെ, ആന്തമാനിലും ഞങ്ങളവിടെ ഉണ്ടായിരുന്ന ദിവസങ്ങളിലൊന്ന് വെള്ളിയാഴ്ച്ചയായിരുന്നു. ആയതിനാൽ ഈ മൂന്ന് ദേശങ്ങളിൽ അതായത് നേപ്പാളിലും ശ്രീലങ്കയിലും ആന്തമാനിലും നമ്മുടെ അഹ്മദിയ്യാ ജമാഅത്തുകൾ സന്ദർശിക്കുവാനും വെള്ളിയാഴ്ച്ച ജുമുആയിൽ പങ്കെടുക്കുവാനും ഭാഗ്യവും അവസരവുമുണ്ടായി. ആന്തമാനിൽ എയർപ്പോർട്ടിന് തൊട്ടരികിലാണ് നമ്മുടെ അഹ്മദിയ്യാമസ്ജിദ്.

ആന്തമാനിൽ പോയി വന്നിട്ട് കരുനാഗപ്പള്ളി ജമാഅത്തിലെ 25 പേരടങ്ങുന്ന സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്ന ഒരു ഗ്രൂപ്പിനെ ആ ദ്വീപിലേക്കയക്കാനും അവസരമുണ്ടായി. ആന്തമാനിലേത് ചെറിയ ജമാഅത്താണ്. ആന്തമാൻ ജമാഅത്ത് ഭാരവാഹികൾക്ക് ഇത് സന്തോഷകരമായ അനുഭവമായിരുന്നു. ലോകയാത്രകളിൽ അഹ്മദിയ്യാ ജമാഅത്തുകൾ സന്ദർശിക്കാൻ അവസരവും ഭാഗ്യവും എനിക്കു തന്ന സർവശക്തന് ആയിരം സ്തുതി.

ഈ ദ്വീപ് യാത്രാ വിവരണത്തിൽ രണ്ട് കാലഘട്ടങ്ങളിലെ അനുഭവ വിവരണങ്ങളുണ്ടാവുമെന്ന് സൂചിപ്പിപ്പിച്ചുവല്ലോ. അതോർക്കുമ്പോൾ മൂന്നു പതിറ്റാണ്ട് ദൈർഘ്യമുള്ള ഒരു ഇടവേള ഈ കാലഘട്ടത്തിനിടയിലുണ്ട്. ഈ ഇടവേളക്ക് ഇപ്പുറം മുപ്പത് വർഷത്തിന് ശേഷം ലോകം തന്നെ വളരെയേറെ മാറിപ്പോയിരിക്കുന്നു എന്ന യാഥാർഥ്യം നിലനിൽക്കുമ്പോഴും ഈ കാലയളവിൽ മാലിയിലുണ്ടായ മാറ്റം അദ്ഭുതകരവും അത്യസാധരണവും അസൂയാവഹവുമായിരുന്നുവെന്ന് പറയാതെ വയ്യ. 1982 ലെ മാലി വിശേഷങ്ങളെ പറ്റി പറയാൻ എനിക്കധികമൊന്നുമില്ല. എങ്കിൽ പോലും ആദ്യത്തെ ഒന്ന് രണ്ടനുഭവങ്ങളുടെ വെളിച്ചത്തിൽ പഴയ മാലിയെ ഞാനൊന്ന് സ്പർശിച്ച് കടന്ന് പോകും. പിന്നീട് മുഴുവൻ ഭാഗവും ആധുനിക മാലിയെ പറ്റി പ്രതിപാദിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

മാലി ദ്വീപിന് ശേഷം നേപ്പാൾ, ശ്രീലങ്ക എന്നിവിടങ്ങളിൽ പോയി. അയൽ രാജ്യങ്ങളായ പാകിസ്താനിലും ബംഗ്ലാദേശിലേക്കും പോകാൻ ശരിക്കും മോഹമുണ്ടായിരുന്നു. പക്ഷേ നടന്നില്ല. പാകിസ്താനിലേക്ക് വിസ കിട്ടാൻ ബുദ്ധിമുട്ടായതിനാൽ റബ്വ സന്ദർശന മോഹം നീട്ടിവെച്ചു. ബംഗ്ലാദേശ് ബോധ പൂർവം ഒഴിവാക്കിയതായിരുന്നു. കാരണം ഒരു ടൂറിസ്റ്റിനെ ആകർഷിക്കാൻ പോന്ന ഒരു സവിശേഷതയും ആ രാജ്യത്തിനില്ല. പിന്നീട് മിഡിലീസ്റ്റും ഗൾഫ് മേഖ




ലേഖകൻ പ്രതിഷേധക്കാരോടൊപ്പം




ലേഖകൻ പ്രസിഡണ്ട് ബുഷിനെതിരെ പ്രതിഷേധിക്കുന്ന വൃദ്ധയോടൊപ്പം

ലയും ഒട്ടുമിക്ക അറബ് രാജ്യങ്ങളും സന്ദർശിക്കാൻ അവസരമുണ്ടായി. അതിന് ശേഷം പതിനഞ്ച് പ്രധാനപ്പെട്ട യൂറോപ്പ്യൻ രാജ്യങ്ങൾ, യൂറോപ്പ് യാത്രയിൽ രണ്ടു കാലങ്ങളിലായി നടത്തിയ വ്യത്യസ്ത ലണ്ടൻ വിസിറ്റുകൾ, ആനന്ദപ്രദമായ ഒരു അനുഭവമായി മാറിയത് അവിടെ നമ്മുടെ ലോക അഹ്മദിയ്യാ ആസ്ഥാനവും മസ്ജിദ് സന്ദർശനവും രണ്ടു കാലത്തെയും ഖലീഫമാരുമായുള്ള ഭാഗ്യം നിറഞ്ഞ കൂടിക്കാഴ്ച്ചയും കൊണ്ടാണെന്നതിൽ സംശയമില്ല.

രണ്ടാമത് നടത്തിയ യൂറോപ്പ് പര്യടനത്തിൽ ലണ്ടൻ സന്ദർശനത്തിനിടയിൽ ഭാര്യയുമൊത്ത് ഇപ്പോഴത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് തിരുമനസ്സിനെ അദ്ദേഹത്തിന്റെ ഓഫീസിൽ പോയി കണ്ടതും ആ കൂടിക്കാഴ്ച്ചക്കിടെ ഒപ്പം നിന്ന് ഫോട്ടോ എടുത്തതും ജീവിതത്തിന്റെ ഏറ്റവും വലിയ ഭാഗ്യങ്ങളിലൊന്നായി കരുതുന്നു. യൂറോപ്പ് കഴിഞ്ഞയുടൻ പോയത് അമേരിക്കയിലേക്കാണ്. ന്യൂയോർക്കിൽ തുടങ്ങി സാൻഫ്രാൻസ്കോ വരെ നീണ്ട, അമേരിക്കയിലെ ഒമ്പത് പ്രധാനപ്പെട്ട സ്റ്റേറ്റുകളിലൂടെയുള്ള സഞ്ചാരയാത്ര ജീവിതത്തിലെ ഏറ്റവും വലിയ അനുഭവം തന്നെയായിരുന്നു.

സ്വിറ്റ്സർലന്റും അമേരിക്കയുമാണ് ലോക രാജ്യങ്ങളിൽ വെച്ച് എനിക്ക് ഇഷ്ടപ്പെട്ട ദേശങ്ങൾ. യൂറോപ്പിൽ ഏറ്റവും സുന്ദരമായ കാലാവസ്ഥയുള്ള രാജ്യമാണ് സ്വിറ്റ്സർലന്റ്. ജനങ്ങൾ സംസ്കാര സമ്പന്നരാണ്. ജർമൻകാരെപോലെ അമിത ഗൗരവമോ ഫ്രാൻസ്കാരെപോലെ ധാർഷ്ട്യമോ ബ്രിട്ടീഷ് ജനതയുടെ മേലാളത്ത മനോഭാവമോ അവർക്കില്ല. വിദേശികളെയും സ്വദേശികളെയും സമഭാവേന കാണാനുള്ള ഒരു മനസ്സുണ്ടവർക്ക്. അവിടത്തെ ഗ്രാമങ്ങളും പട്ടണങ്ങളും വൃത്തിയും വെടിപ്പുമുള്ളവയാണ്. ഒരിക്കൽ സന്ദർശിച്ചാൽ ആർക്കും അത്രപെട്ടെന്നൊന്നും മറക്കാനാവില്ല സ്വിറ്റ്സർലന്റിനെ.

ലോകത്തിലെ ഏറ്റവും സമ്പന്ന രാജ്യങ്ങളിലൊന്നാണ് അമേരിക്ക. ഭരണാധികാരികൾക്ക് അതിന്റെ അഹന്തയുണ്ടെങ്കിലും ജനങ്ങൾക്ക് അതില്ല എന്നാണെനിക്ക് തോന്നിയത്. തീവ്രവാദത്തിന്റെയും ഭീകരവാദത്തിന്റെയും പേരിൽ മറ്റു രാജ്യങ്ങളിൽ അമേരിക്ക നടത്തുന്ന അവിശുദ്ധ ഇടപെടലുകളിൽ അതൃപ്തിയുള്ളവരാണ് യു.എസ്സ് ജനതയിൽ വലിയൊരു വിഭാഗവും. എന്നാൽ ജനാധിപത്യ മര്യാദകൾ ഇത്രയധികം കൃത്യതയോടും ജാഗ്രതയോടും പാലിക്കുന്നവർ ലോകത്തൊരിടത്തും ഇല്ല എന്നതാണ് എനിക്ക് തോന്നിയിട്ടുള്ളത്. വളരെ സാന്ദർഭികമായി അമേരിക്കൻ യാത്രയിലെ അപൂർവ അനുഭവങ്ങൾ വായനക്കാർക്കായി പങ്കുവെക്കുന്നു.

ജോർജ് വാക്കർ ബുഷ് ജൂനിയർ പ്രസിഡന്റായിരുന്ന സമയത്താണ് ഞാൻ അമേരിക്ക സന്ദർശിക്കുന്നത്. അതായത് ഒബാമക്ക് തൊട്ടു മുമ്പ്. വൈറ്റ് ഹൗസിന് മുമ്പിലുണ്ടായ ഒരു അനുഭവം പറയാം

'ബുഷ് ഒരു യുദ്ധ കുറ്റവാളി, അയാളെ അറസ്റ്റ് ചെയ്യു' Bush war criminal, impeach Bush എന്ന ബോർഡുമായി വൈറ്റ് ഹൗസ് ഗേറ്റിന്റെ മുമ്പിൽ വലത് വശത്ത് ചേർന്ന് നിന്ന പ്രതിഷേധക്കാരായ ഒരു നാൽവർ സംഘവുമായി ഞാനൊരു കൂടിക്കാഴ്ച്ച നടത്തുകയുണ്ടായി. വളരെ റിസ്ക്കുള്ള പ്രവർത്തിയായിരുന്നു തീർച്ചയായും അത്. വിശേഷിച്ചും ഞാനൊരു വിദേശി. ഇന്ത്യൻ പൗരൻ, ഒപ്പം ഭാര്യയുമുണ്ട്. ശൂന്യാകാശത്ത് ഭൂമിയെ വലം വെക്കുന്ന സാറ്റ്ലൈറ്റുകളിൽ പോലും ചാരക്കണ്ണുള്ള ഒളിക്യാമറകൾ ഒളിപ്പിച്ച് വെച്ച് ലോകത്തിന്റെ മുഴുവൻ ചലനവും സ്വകാര്യതയും ഒപ്പിയെടുക്കാൻ ശേഷിയുള്ള ഒരു രാജ്യം. ആ രാഷ്ട്രത്തിന്റെ തലസ്ഥാനത്ത് ലോകത്തിലെ ഏറ്റവും കരുത്തനായ ഭരണാധികാരിയുടെ ആസ്ഥാന മന്ദിരത്തിനടുത്ത് പ്രസിഡന്റിനെതിരെ തുറന്ന പ്രതിഷേധ പ്രകടനം നടത്തുന്ന വരുമായുള്ള കൂടിക്കാഴ്ച്ച, അതു മാത്രമല്ല അവരുമായൊപ്പം നിന്ന് ഫോട്ടോയെടുക്കലും വളരെ സാഹസികമായി പോയി എന്ന് പിന്നീടെനിക്ക് തോന്നുകയും ചെയ്തു. ഇതിലെ റിസ്ക്ക്

ഓർത്ത് കൂടിക്കാഴ്ച്ചക്ക് ശേഷം ഒരു നടുക്കത്തോടെയാണ് വൈറ്റ് ഹൗസ് പരിസരം ഞാൻ വിട്ടത്. ഭാഗ്യത്തിന് ഒന്നും സംഭവിച്ചില്ല. അമേരിക്കൻ രഹസ്യ പോലീസ് പിന്തുടർന്ന് എന്നെ ചോദ്യം ചെയ്തതുമില്ല. സർവശക്തനായ അല്ലാഹുവിന് സ്തുതി.

ആ പ്രതിഷേധക്കാർ എന്നോടൊപ്പം നിന്ന് ഫോട്ടോ എടുക്കാൻ പോസ്ചെയ്തപ്പോൾ ഒരുറപ്പ് വാങ്ങിയിരുന്നു. ഇന്ത്യയിലെത്തിയാൽ തങ്ങളുടെ കൈയിൽ കാണുന്ന പ്ലക്കാർഡുകളിലെഴുതിയ പ്രതിഷേധ സന്ദേശം കൂടി വ്യക്തമായി വായിക്കാൻ കഴിയുന്ന വിധം ആ ഫോട്ടോ പ്രസിദ്ധീകരിക്കണമെന്ന്.

ഞാനാവാക്കു പാലിച്ചു. എന്റെ അമേരിക്കൻ യാത്രാ പുസ്തകത്തിൽ, അവയിൽ ഏറ്റവും പ്രധാന ഫോട്ടോ പ്രസിദ്ധീകരിക്കുകയും വായനക്കാരെ അത് ആകർഷിക്കുകയും ചെയ്തു. എന്തേ, ഒരു രാഷ്ട്രത്തിലെ അതിശക്തനായ പ്രസിഡന്റിനെ കുറ്റവിചാരണ ചെയ്യണമെന്നാവശ്യപ്പെട്ട് രാഷ്ട്രത്ത ലവന്റെ ആസ്ഥാന മന്ദിരത്തിന് തൊട്ടു മുമ്പിൽ പ്രതിഷേധം പ്രകടിപ്പിക്കുന്നവരെ നീക്കാനോ, ഒഴിവാക്കാനോ അധികാരികളോ പോലീസോ ഒന്നും ശ്രമിക്കാത്തത്. അമേരിക്കൻ ജനാധിപത്യത്തിന്റെ മഹത്വമാണ് നാമിവിടെ ദർശിക്കുന്നത്. ചില വിഷയങ്ങളിലെങ്കിലും പാശ്ചാത്യരുടെ നല്ല വശങ്ങളെ ആദരിക്കാതിരിക്കാനാവില്ല.

ഇവിടെ നമ്മുടെ നാട്ടിലാണെങ്കിലോ?! ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് നമ്മുടേത്. നാട്ടിലെ ഒരു വില്ലേജ് ഓഫീസിന് മുന്നിൽ പോലും ഒരു പക്ഷേ പ്രതിഷേധപ്രകടനം നടത്തുന്ന വ്യക്തിയേയോ സംഘത്തേയോ പോലീസ് എത്തി അറസ്റ്റ് ചെയ്ത് കേസ്സെടുക്കുന്നു. പോലീസ് വന്ന് അറസ്റ്റ് ചെയ്തില്ലെങ്കിലും നാട്ടിലെ വിപ്ലവകാരികളായ സമരക്കാർക്ക് പരാതിയാവും എന്നത് മറ്റൊരു വൈരുദ്ധ്യം!!.

വളരെ മഹത്തായ ഒരു ജനാധിപത്യ സംവിധാനവും പാരമ്പര്യവും ഇന്ത്യക്കുണ്ട്. പൗരാവകാശങ്ങൾ വ്യക്തമായി നമ്മുടെ ഭരണഘടനയിൽ എഴുതി ചേർത്തിട്ടുമുണ്ട്. സാമാന്യ ജനങ്ങൾക്ക് മൗലികമായ ഈ അവകാശങ്ങൾ അനുഭവിച്ച് ജീവിക്കാൻ കഴിയാത്ത വിധം നമ്മുടെ രാഷ്ട്രീയ സംവിധാനങ്ങൾ ഓരോ ദിവസവും ഓരോ വ്യത്യസ്ത പ്രശ്നങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. അഭിപ്രായ, സംഘടനാ, തൊഴിൽ, സഞ്ചാര സ്വാതന്ത്ര്യങ്ങൾ നമ്മുടെ മൗലികാവകാശങ്ങളിൽ ഉൾപ്പെടുന്നവയാണ്. ഇവയോരോന്നിനേയും തങ്ങൾക്കാവശ്യമായ രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടി വളച്ചൊടിച്ച് ജനാധിപത്യസംവിധാനങ്ങളെ ഒന്നാകെ അട്ടിമറിക്കുകയാണ് നമ്മുടെ നാട്ടിലെ ഇന്നത്തെ രാഷ്ട്രീയ നേതൃത്വങ്ങൾ. ഇതിനൊരു സമൂല മാറ്റം വരാതെ നമുക്ക് ജനാധിപത്യത്തിന്റെ മഹത്വം ഒരിക്കലും കാത്തു സൂക്ഷിക്കാനാവില്ല.

വൈറ്റ് ഹൗസിന് മുന്നിൽ കഴിഞ്ഞ 24 വർഷമായി കുടിൽ കെട്ടിക്കഴിയുന്ന ഒരു സ്പാനിഷ് വൃദ്ധയെയും ഈ യു എസ്സ് യാത്രയിലെ വാഷിങ്ങ്ടൺ സന്ദർശനത്തിനിടയിൽ കാണുകയും സംസാരിക്കുകയും ചെയ്തു.

ആ വൃദ്ധയുടെ പേര് കോൺചിറ്റ എന്നാണ്. ലോക വ്യാപകമായ തീവ്രവാദ പ്രവർത്തനത്തിനെതിരെ ഒരു നിശബ്ദ സമരം നടത്തുകയാണവർ. 1981 മുതൽ രണ്ടു പതിറ്റാണ്ടിലേറെക്കാലമായി അവർ വൈറ്റ് ഹൗസ് പരിസരത്ത് തന്നെ തന്റെ സമരക്കുടിലുമായി തമ്പടിച്ചിരുന്നു. ആ വൃദ്ധ സ്ത്രീയെ വൈറ്റ് ഹൗസ് പരിസരത്തു നിന്ന് പലതവണ സെക്യൂരിറ്റി പോലീസ് ഒഴിവാക്കാൻ ശ്രമിച്ചതാണ്. വിസ്മയകരമായ ഇച്ഛാ ശക്തിയോടെ ആ സ്ത്രീ പിടിച്ചു നിന്നു. ഒടുവിൽ അമേരിക്കൻ സുപ്രീം കോടതി സജീവമായി ഇടപെട്ടാണ് അവർക്ക് അവസരവും സംരക്ഷണവും ഒരുക്കിക്കൊടുത്തത്. ഞാനും സഹയാത്രികയും അരികിൽ ചെന്നപ്പോൾ പ്രതിഷേധ പ്രകടനത്തിനായി പ്രദർശിപ്പിച്ചിരുന്ന ബോർഡുകളിൽ ഒന്നെടുത്ത് എന്റെ കൈയിൽ തന്നിട്ട്, ഫോട്ടോക്ക് പോസ് ചെയ്യാൻ അവർ നിർദേശിച്ചു. പ്രതിഷേധ പ്രകടനക്കാരുടെ ഫോട്ടോ എടുത്ത പോലെ തന്നെ ഇവിടെയും ഭാര്യ ഉടൻ തന്നെ ക്യാമറ ക്ലിക്ക് ചെയ്ത് ആ രംഗം ഒപ്പിയെടുക്കുകയായിരുന്നു.

കോൺചിറ്റ എന്ന ആ വിപ്ലവകാരി വനിത എന്റെ കൈയിൽ തന്ന ബോർഡിൽ ബിൻ ലാദന്റെ വലിയൊരു ചിത്രവും അതിൽ'THE REAL TERRORIST'(യഥാർഥ തീവ്രവാദി) എന്നും എഴുതിയിരിക്കുന്നു. പൂർണമായും ആ ബോർഡ് ശ്രദ്ധിക്കാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. ഫോട്ടോ എടുത്ത ഭാര്യയാണ് ബോർഡിലെ വൈചിത്ര്യം എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത് . ഞാൻ സൂക്ഷിച്ചു നോക്കിയപ്പോൾ അത് ശരിക്കും ബിൻ ലാദന്റെ ചിത്രമായിരുന്നില്ല. ലാദനെ പോലെ താടിയും തലപ്പാവും വരച്ചു ചേർത്ത സാക്ഷാൽ ജോർജ് ബുഷിന്റെ ചിത്രമായിരുന്നു. 'യഥാർഥ തീവ്രവാദി' എന്ന വാക്കുകളുടെ അർഥം ഇപ്പോൾ കൂടുതൽ വ്യക്തവും പ്രസക്തവുമാവുന്നു. ആ സ്പാനിഷ് വൃദ്ധയുടെ ഭാവനക്ക് ആശംസകളർപ്പിച്ചു കൊണ്ടാണ് ഞങ്ങൾ മടങ്ങിയത്.

ആദ്യമൊന്നും സഞ്ചാരാനുഭവങ്ങൾ ഞാൻ എഴുതിയിരുന്നില്ല. അടുത്ത ചില സുഹൃത്തുക്കളും ബന്ധുക്കളും ചില പുസ്തക പ്രസാധകരും നിർബന്ധപൂർവം സമ്മർദം ചെലുത്തിയപ്പോഴാണ് എഴുതി തുടങ്ങിയത്. അപ്പോൾ എന്റെ മനസ്സിൽ ഓടിയെത്തിയത് പേർഷ്യൻ കവി സഅ്ദിയുടെ വരികളായിരുന്നു.

നിരീക്ഷണ പാടവമില്ലാത്ത സഞ്ചാരി ചിറകറ്റ പക്ഷിക്ക് തുല്യമാണ്.

അതോടെ ഓരോ യാത്രയിലും കൂടുതൽ ഉത്സാഹത്തോടെ കാര്യങ്ങൾ നിരീക്ഷിക്കാനും പഠിക്കാനും തുടങ്ങി. യഥാസമയം കുറിപ്പുകൾ



# ആത്മീയതയുടെ അനർഘ ദിനങ്ങൾ

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ജന്മഗേഹമായ ഖാദിയാനിൽ ജമാഅത്തിന്റെ 122-ാമത് വാർഷിക ത്രിദിന അന്തർദേശീയ സമ്മേളനത്തിന്റെ റിപ്പോർട്ട്

**മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ**

27-12-2013 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് പ്രാർഥനയോടും ഖുർആൻ പാരായണത്തോടും പതാക ഉയർത്തലോടും കൂടി വാർഷിക ത്രിദിന അന്തർദേശീയ സമ്മേളനത്തിന് ആരംഭംകുറിച്ചു. അഖിലേന്ത്യാ ജമാഅത്തിന്റെ ചീഫ് സെക്രട്ടറിയും അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹിന്റെ പ്രതിനിധിയുമായ മൗലാന മുഹമ്മദ് ഇനാം സാഹിബ് ഗോറി അധ്യക്ഷനായിരുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റേയും ജമാഅത്തിന്റെ ഇപ്പോഴത്തെ പരമോന്നതനേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദി(അയ്യദഹു...)ന്റേയും ജൽസയെ സംബന്ധിച്ച നിർദേശങ്ങൾ അധ്യക്ഷൻ വായിച്ചു കേൾപ്പിച്ചു. ഈ ജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ജമാഅത്തിന്റെ സ്ഥാപകർ ചെയ്തിട്ടുള്ള പ്രാർഥനകളും ഓർമിപ്പിച്ചു.

നാദിർ ഇസ്‌ലാഹോ ഇർശാദ് (ദക്ഷിണേന്ത്യ) മൗലാനാ മുനീർ അഹ്മദ് ഖാദിം സാഹിബ് 'ദൈവാസ്തിക്യവും ദൈവജ്ഞാനം കരസ്ഥമാക്കാനുള്ള മാർഗങ്ങളും' എന്ന വിഷയത്തെ അധികരിച്ച് പ്രസംഗിച്ചു. അദ്ദേഹം പറഞ്ഞു, ദൈവജ്ഞാനം കരസ്ഥമാക്കുക എന്നതാണ് മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം. അടിസ്ഥാനപരമായ ഈ തത്ത്വമാണ് മനുഷ്യൻ മനസ്സിലാക്കേണ്ടത്. അദ്ദേഹം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ഗ്രന്ഥമായ ഇസ്‌ലാമത തത്ത്വജ്ഞാനം ഉദ്ധരിച്ചുകൊണ്ട്, ഇക്കാര്യത്തിൽ മനുഷ്യർക്കുണ്ടാകാവുന്ന സകല സംശയങ്ങളും സന്ദേഹങ്ങളും ആ മഹാത്മാവ് അകറ്റിയിരിക്കുന്നുവെന്ന് തെളിവു സഹിതം വിശദീകരിച്ചു.

നാദിർ ദഅ്‌വത്തെ ഇലല്ലാഹ് ഖാദിയാൻ മൗലാനാ ഹമീദ് അഹ്മദ് കൗഥർ സാഹിബ് 'നബി(സ)തിരുമേനിയുടെ ജീവിതമാതൃക ഹുദയ്ബിയ സന്ധിയുടെ വെളിച്ചത്തിൽ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. അദ്ദേഹം പറഞ്ഞു, 'ഒരു മനുഷ്യന്റെ ജീവചരിത്രം വിവരിക്കുമ്പോൾ അദ്ദേഹത്തിന്റെ മറ്റു മനുഷ്യരുമായിട്ടുള്ള പെരുമാറ്റവും പ്രതികരണവും ജീവിതരീതിയും എന്താ

---

തയ്യാറാക്കി വെച്ചു. എഴുത്തിന് വായനക്കാരിൽ നിന്ന് നല്ല പ്രതികരണം ലഭിച്ചപ്പേൾ വീണ്ടും വീണ്ടും എഴുതാനുള്ള പ്രചോദനമായി. ചുരുക്കത്തിൽ എഴുതിത്തുടങ്ങിയതോടെയാണ് കാര്യഗൗരവമുള്ള സഞ്ചാരിയായി ഞാൻ മാറിയത് തന്നെ. അടുത്ത പല സ്നേഹിതന്മാരും ചോദിച്ചിട്ടുള്ള ഒരു ചോദ്യവും അതിനുള്ള എന്റെ വിശദീകരണവും ഈ ലേഖനത്തിന്റെ അവസാന ഭാഗത്ത് ഉൾപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു.

ഇത്രയധികം പണം ചെലവാക്കി താങ്കൾ നടത്തുന്ന വിദേശ യാത്രകളെ കുടുംബം എങ്ങനെ നോക്കി കാണുന്നു?

എന്റെ മറുപടിയും വിശദീകരണവുമിതാണ്. കുട്ടികളുടെയും കുടുംബത്തിന്റെയും ഉത്തരവാദിത്വം കൃത്യമായി നിറവേറ്റികൊണ്ടു മാത്രമാണ് സഞ്ചാര ദൗത്യങ്ങൾ ഞാൻ നിറവേറ്റുന്നത്. അതുകൊണ്ട് തന്നെ കുടുംബം ഇന്നോളം എന്റെ യാത്രകളെ പ്രോത്സാഹിപ്പിച്ചിട്ടേയുള്ളൂ.

ഈ വരികളോടെ സാമാന്യം സുദീർഘമായ ആമുഖത്തിന് വിരാമമിടുന്നു. (തുടരും)

ലേഖകന്റെ ഫോൺ നമ്പർ
99958 52335

യിരുന്നുവെന്ന് നോക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഹുദയ്ബിയ്യ സന്ധിയുടെ അവസരത്തിൽ നബി(സ)തിരുമേനി കാഴ്ചവച്ച മാതൃക തികവുറ്റതും അതുല്യവുമാണെന്ന് കാണാം. നബി(സ)തിരുമേനി ലോകത്ത് സമാധാനം സ്ഥാപിക്കാൻ ആയിരക്കണക്കിന് വിപത്തുകൾ ശിരസ്സിലേറ്റിക്കൊണ്ട് രഞ്ജിപ്പിന് അടിത്തറയിട്ടു. ഇന്ന് അഹ്മദിയ്യാമുസ്‌ലിം ജമാഅത്ത് ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി നബി(സ)തിരുമേനി കാണിച്ചു തന്നിട്ടുള്ള ആ വഴിയിലൂടെ നടന്ന് രഞ്ജിപ്പിന്റെ അടിസ്ഥാനപരമായ കാര്യങ്ങളും അധ്യാപനങ്ങളും ശാന്തിയോടും സ്നേഹത്തോടുംകൂടി പ്രചരിപ്പിച്ചു വരുന്നു.'

നാസിർ അഅ്ലാ മുഹമ്മദ് ഇനാം സാഹിബ് ഗോറി, ജനാബ് മുഹമ്മദുദ്ദീൻ സാഹിബ് നാസ് (പാകിസ്താൻ), മുബല്ലിഗ് മൗലാനാ അത്വാഉൽ മുജീബ് സാഹിബ് ലോൺ, നാസിർ ഇസ്‌ലാഹൊ ഇർശാദ് മൗലാനാ ഇനായത്തുല്ലാഹ് സാഹിബ് മൻഡാശി, നാഇബ് നാസിർ ദഅ്‌വത്തെ ഇലല്ലാഹ് മൗലാനാ തൻവീർ അഹ്മദ് സാഹിബ് ഖാദിം, പ്രിൻസിപ്പാൾ ജാമിഅ അഹ്മദിയ്യ മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബ് ശാഹിദ്, നാഇബ് നാസിം ഇർശാദ് വഖ്ഫെ ജദീദ് മൗലാനാ സഫീർ അഹ്മദ് സാഹിബ് ശമീം, അഡീഷണൽ നാസിർ ദഅ്‌വത്തെ ഇലല്ലാഹ് ദക്ഷിണേന്ത്യ മൗലാനാ സഹീർ അഹ്മദ് സാഹിബ് ഖാദിം, ജാമിഅ അഹ്മദിയ്യ സൂപ്രണ്ട് മൗലാനാ മസ്ഹർ അഹ്മദ് സാഹിബ് വസീം, വക്കീലുത്തബ്ശീർ തഹ്‌രീക്കെജദീദ് മൗലാനാ ഇസ്മായീൽ ത്വാഹിർ സാഹിബ് എന്നിവർ യഥാക്രമം സീറത്ത് മസീഹ് മൗഊദ് (അ), സീറത്ത് സ്വഹാബ-ഹദ്റത്ത് ഹംസ (റ), ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബ്(റ), ഹദ്റത്ത് അഹ്മദിന്റെ സത്യസാക്ഷ്യം, അഞ്ചാം ഖിലാഫത്തിന്റെ അനുഗൃഹീത 10 വർഷങ്ങളും അതിന്റെ മധുര ഫലങ്ങളും, മതഗുരുക്കന്മാരോടുള്ള ആദരവ്, വിശുദ്ധ ഖുർആൻ ഒരു സമ്പൂർണ ജീവിത പദ്ധതി-വർത്തമാനകാല സമസ്യകളുടെ വെളിച്ചത്തിൽ, വർത്തമാന കാലഘട്ടത്തിൽ പ്രാർഥനയുടെ പ്രാധാന്യം, ദഅ്‌വത്തെ ഇലല്ലായും അഹ്മദിയ്യാജമാഅത്തിന്റെ ഉത്തരവാദിത്വങ്ങളും, ബയ്അത്ത്-നിബന്ധനകളും ഉത്തരവാദിത്വങ്ങളും, ധനത്യാഗത്തിന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി പ്രസംഗിച്ചു.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ 122-ാമത് വാർഷിക സമ്മേളനത്തോടുനുബന്ധിച്ച് സംഘടിപ്പിച്ച അഹ്മദി മഹിളകളുടെ പ്രത്യേക സമ്മേളത്തിൽ ഖാദിയാൻ എം. എൽ. എ. ചരൺ ജീത് കൗർ ബാജ്‌വ മുഖ്യാതിഥിയായിരുന്നു. അവരോടൊപ്പം പ്രിൻസിപ്പാൾ ശാലിനീ ശർമയും സന്നിഹിതയായിരുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽനിന്നും സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ മഹിളകൾക്കും ശ്രീമതി ബാജ്‌വാ ആശംസകൾ നേർന്നു.

വാർഷിക സമ്മേളനത്തിൽ പഞ്ചാബ് പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റി പ്രസിഡന്റ് പ്രതാപ് സിംഗ് ബാജവയും പങ്കെടുത്തു. അദ്ദേഹവും സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ പ്രതിനിധികൾക്കും ആശംസകൾ നേരുകയുണ്ടായി.

രണ്ടാം ദിവസം ഉച്ചകഴിഞ്ഞ് നടന്ന സർവമതസമ്മേളനത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഫലസ്തീൻ അമീർ മുഹമ്മദ് ശരീഫ് ഔദ സാഹിബ് അധ്യക്ഷനായിരുന്നു. ഈ സമ്മേളനത്തിൽ ശിരോമണി കമ്മിറ്റി പ്രസിഡന്റ് ഔദാർ സിംഗ് മകഡ്, ഗ്യാനീ തൻവീർ അഹ്മദ് ഖാദിം, പഞ്ചാബ് പ്രദേശ് കോൺഗ്രസ് കമ്മിറ്റി അധ്യക്ഷൻ പ്രതാപ് സിംഗ് ബാജ്‌വാ, ഗൊരേന്ദർ പാൽ സിംഗ്, മാസ്റ്റർ മോഹൻലാൽ, സൻത് ബാബാ ദിൽജീത് സിംഗ് ലുധിയാന, സൻത് ബാബാ ബൽജീത് സിംഗ് ദാദോവാൽ, പഞ്ചാബ് ആരോഗ്യ വകുപ്പ് മന്ത്രി സുർജീത് കുമാർ ജിയാനീ, ഗുജ്റാത്തിലെ മുൻഭവന വകുപ്പ് മന്ത്രിയും എം എൽ എ യുമായ ഹരീശ് പ്രശാദ്, ബംഗാൾ പ്രസ്സ് അസോസിയേഷൻ സെക്രട്ടറി അപ്രൊ കുമാർ ജീൻ, അമൃതസർ ഉപബിഷപ്പ് മോഹൻ മസീഹ്, സ്കാളർ മിസ്റ്റർ ഹൻസ് നാർവെ, നർമാ പൻഥ് അധ്യക്ഷൻ സ്വാമി സ്വരൂപാനന്ദ്, മുൻമന്ത്രി സച്ചാ സിംഗ് ഷോട്ടേ, മുൻമന്ത്രി സേവാ സിംഗ് സേഖ് വാ, ബാബാ സുഖ് ദേവ് സിംഗ് ബേദി, ഡോക്ടർ റൂമി, ജങ്കാലിയ സൊസൈറ്റി ചെയർമാൻ ഹർമൻജേത് സിംഗ് ഗൊരായാ, ബി.ജെ.പി ജില്ലാ അധ്യക്ഷൻ സുരേഷ് ഭാട്ടിയ, ഗുരു സേവക് സിംഗ് ചണ്ഡീഗഡ്, ബാബാ ബൽജീത് സിംഗ് ബഠിണ്ട, സ്വാമി സ്വരൂപാനന്ദ്, ഡയറക്ടറും മുനിസിപ്പൽ കമ്മിറ്റി മുൻ അധ്യക്ഷനുമായ ജർണേൽ സിംഗ് മാഹിൽ, ഡി എസ്സ് രൺധാവാ, ഹോശിയാർപൂർ സർവ് ധർമ് സദ് ഭാവനാ കമ്മിറ്റി കൺവീനർ അനുരാഗ് സോദ് തുടങ്ങിയവർ അവരവരുടെ മതഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി ശാന്തിയുടേയും സമാധാനത്തിന്റേയും പാഠങ്ങൾ വിശദീകരിച്ചു.

29-12-2013 ഞായറാഴ്ച വൈകുന്നേരം മൂന്നര മണിയോടെ ലണ്ടനിൽനിന്ന് മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ ജൽസ പരിപാടികൾ ലൈവ് സംപ്രേഷണം ചെയ്തു. നാലര മണിയോടെ അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം ആരംഭിച്ചു. 36 രാജ്യങ്ങളിൽനിന്ന് ഇരുപതിനായിരത്തോളം പ്രതിനിധികൾ പങ്കെടുത്തു.

മൂന്ന് ഭക്ഷണശാലകളാണ് സമ്മേളനത്തിന്റെ ദിനങ്ങളിൽ പ്രവർത്തിച്ചിരുന്നത്. മണിക്കൂറിൽ ഒമ്പതിനായിരം റൊട്ടികൾ ഉണ്ടാക്കാൻ ശേഷിയുള്ള, ലബ്നാനിൽനിന്ന് കൊണ്ടുവന്ന യന്ത്രത്തിലാണ് (തന്തൂരി ടൈപ്പ്) റൊട്ടി ഉണ്ടാക്കിയിരുന്നത്.

കുറിപ്പുകൾ

# വൈകിക്കുന്നതിലെ അനീതി

മുസാഫിർ

വധശിക്ഷ കാത്തുകഴിയുന്ന പ്രതികൾ രാഷ്ട്രപതിക്ക് സമർപ്പിച്ച ദയാ ഹർജിയിൽ വന്ന കാലതാമസം മൂലം പ്രതികളുടെ വധശിക്ഷ സുപ്രിംകോടതി ഭരണഘടനാബഞ്ച് ജീവപര്യന്തമാക്കുകയുണ്ടായി. ദയാഹർജിയിൽ തീരുമാനമെടുക്കുന്നതിലെ അന്യായമായ കാലതാമസം ജീവിക്കാനുള്ള അവകാശം ഉറപ്പ് നൽകുന്ന ഭരണഘടനയിലെ 21-ാം വകുപ്പിന്റെ ലംഘനമാണെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി ചീഫ് ജസ്റ്റിസ് പി. സദാശിവം അദ്ധ്യക്ഷനായുള്ള ഭരണ ഘടനാ ബഞ്ച് ചൂണ്ടിക്കാട്ടി. ദയാ ഹർജിയിൽ രാഷ്ട്രപതിയോ ഗവർണറോ അവരുടെ സവിശേഷാധികാരം പ്രയോഗിക്കുകയല്ല ചെയ്യുന്നത് മറിച്ച് ഭരണഘടനാപരമായ ഉത്തരവാദിത്വം നിറവേറ്റുകയാണ് ചെയ്യുന്നതെന്നും സുപ്രീം കോടതി ഓർമിപ്പിക്കുകയുണ്ടായി. മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ കൊലയാളികൾക്കും വീരപ്പന്റെ കൂട്ടാളികളടക്കം 15 പ്രതികൾക്ക് ഈ വിധിയുടെ ആനുകൂല്യം കിട്ടിയേക്കുമെന്ന് കരുതപ്പെടുന്നു. നീതിയുടെ തീർപ്പിന് വേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷയിൽ നിരുത്തരവാദപരമായും അന്യായമായും കാലവിളംബം വരുത്തുന്ന എല്ലാ അധികൃത സ്ഥാപനങ്ങൾക്കും ഈ വിധിയിൽ പാഠമുണ്ട്.

നമ്മുടെ രാജ്യത്ത് നിരവധി കൊലപാതകങ്ങൾ നടക്കുന്നുണ്ട്, അതിൽ പ്രതികൾക്കെതിരെ തെളിവുകൾ മുഴുവൻ ലഭിച്ച അപൂർവങ്ങളിൽ അപൂർവങ്ങളായ നിഷ്ഠൂര കൊലപാതങ്ങൾക്ക് മാത്രമേ വധശിക്ഷ ലഭിക്കുന്നുള്ളൂ. കൊലപാതകി കുറ്റകൃത്യം ചെയ്യുന്നത് അയാളുടെ ക്രൂരത കൂടാതെ പ്രത്യക്ഷവും പരോക്ഷവുമായ നിരവധി മറ്റുകാരണങ്ങളുമുണ്ട്. മാനസിക വൈകല്യം, ദാരിദ്യം, അന്യരുടെ പ്രേരണ, കൊല്ലപ്പെട്ടയാൾ പ്രതിയോട് കാണിച്ച പ്രവർത്തനങ്ങൾ, അറിവില്ലായ്മ, എന്നിവ അവയിൽ ചിലതാണ്. വധിക്കാൻ തീരുമാനിച്ച പ്രതിക്ക് രാഷ്ട്രത്തലവൻ എന്ന നിലക്ക് രാഷ്ട്രപതിക്ക് മുമ്പിൽ ദയാഹർജി സമർപ്പിക്കാം. അത്തരം കുറ്റവാളികളുടെ ദയാ ഹർജിയിലുള്ള കാലവിളംബം ഭരണഘടന ഉറപ്പ് നൽകുന്ന ജീവിക്കാനുള്ള അവകാശത്തിന്റെ ലംഘനവും മനുഷ്യാവകാശങ്ങൾക്ക് വിരുദ്ധവുമാണ് എന്നാണ് സുപ്രീം കോടതിയുടെ സുചിന്ത്യമായ അഭിപ്രായം. വധശിക്ഷ വിധിക്കപ്പെട്ട ആളായാൽ പോലും ജീവിതത്തിനും മരണത്തിനും മദ്ധ്യേ ഭയാനകമായ അരക്ഷിത ബോധത്തോടെ അനിശ്ചിതമായി കൊലക്കയർ കാത്തുകഴിയുക എന്ന കഠിനമായ മാനസിക പീഡനം, വധശിക്ഷക്ക് പുറമേ കുറ്റവാളി അനുഭവക്കേണ്ടി വരുന്ന അധിക ശിക്ഷയാണ്. അത് കൊണ്ട് കൂടിയാണ് കുവാളികൾക്ക് ഈ ആനുകൂല്യം പരമോന്നത കോടതിയുടെ വിധിയിൽ നൽകിയത്. കുറ്റവാളിയോട് ജുഡീഷ്യറിയും ഭരണഘടനാസ്ഥാപനങ്ങളും സമൂഹവും കാണിക്കേണ്ട നീതി പൂർണമായ സമീപനങ്ങളെപറ്റി 12 ഇന മാർഗരേഖ കൂടി ഭരണഘടനാബഞ്ച് മുന്നോട്ടു വച്ചിട്ടുണ്ട്. ഈ മാർഗരേഖ ബഹുമാനപ്പെട്ട നമ്മുടെ പരമോന്നത കോടതിയുടെ നീതി ബോധത്തെ മാനവീയതയുടെ ഉന്നതങ്ങളിലേക്ക് ഉയർത്തുകയാണ് ചെയ്യുന്നത്.

ആയിരത്തിനാനൂറ് വർഷങ്ങൾക്ക് മുമ്പ് പ്രപഞ്ചം മുഴുവൻ കാരുണ്യവുമായി വന്ന റസൂൽ തിരുമേനി (സ)ക്ക് അവതരിച്ച വിശുദ്ധ ഖുർആൻ തടവുകാരോട് കാണിക്കേണ്ട കാരുണ്യത്തെ കുറിച്ച് പറയുന്നത് കാണുക: ***'ഓ നബീ, താങ്കളുടെ അധീനതയിലുള്ള തടവുകാരോട് പറയുക, നിങ്ങളുടെ ഹൃദയങ്ങളിൽ എന്തെങ്കിലും നന്മയുണ്ടെന്ന് അല്ലാഹു അറിയുന്ന പക്ഷം നിങ്ങളിൽ നിന്ന് പിടിച്ചെടുക്കപ്പെട്ടതിനേക്കാൾ ഉത്തമമായത് അവൻ നിങ്ങൾക്ക് നൽകുന്നതാണ്. അവൻ നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യും, അല്ലാഹു സർവഥാപൊറുക്കുന്നവനും കരുണാമയനുമാകുന്നു.'*** *(8:71)*

വധശിക്ഷക്ക് വിധിക്കപ്പെട്ട കുറ്റവാളിക്കും ചില അവകാശങ്ങളുണ്ടെന്നും നീതിയുടെ താൽപര്യം കുറ്റവാളികൾക്കും ലഭിക്കണമെന്നും സുപ്രിം കോടതി വിധി വ്യക്തമാക്കുന്നു. പ്രതി രാഷ്ട്രപതിക്ക് സമർപ്പിച്ച ദയാ ഹർജി തള്ളുന്നതിന് മുമ്പ് ഏകാന്ത തടവിലിടുന്നത് ഭരണഘടനാ വിരുദ്ധമാണെന്നാണ് സുപ്രീം കോടതിയുടെ അഭിപ്രായം. പാർലമെന്റ് ആക്രമണ കേസിലെ പ്രതി അഫ്സൽ ഗുരു ഏകാന്ത തടവ് അസഹനീയമായപ്പോൾ മരണ ശിക്ഷ നടപ്പാക്കിത്തരണമെന്ന് ആവശ്യപ്പെട്ടത് ഓർക്കുക. ഗവർണർ ദയാഹർജി തള്ളിയാൽ രാഷ്ട്രപതിക്ക് അപ്പീൽ നൽകാൻ

അധികൃതർ കുറ്റവാളിയെ സഹായിക്കുകയും രാഷ്ട്രപതിയുടെ ഓഫീസ് തീരുമാനം വൈകിച്ചാൽ വേഗത്തിൽ തീരുമാനമെടുക്കാൻ അവരെ ഓർമിപ്പിക്കുകയും വേണമെന്ന് സുപ്രിം കോടതിയുടെ മാർഗരേഖയിൽ പറയുന്നു. ദയാ ഹർജി തള്ളിയാൽ താമസംവിനാ തടവ്കാരനെ അത് അറിയിക്കണം. ഹർജി തള്ളി കുറഞ്ഞത് 14 ദിവസംകഴിഞ്ഞാൽ മാത്രമേ ശിക്ഷ നടപ്പാക്കാൻ പാടുള്ളു. ശിക്ഷ നടപ്പാക്കുന്നതിന് മുമ്പ് ബന്ധുക്കളേയും സുഹൃത്തുക്കളേയും കാണാൻ അനുവദിക്കണം. വധിക്കുന്നതിന് മുമ്പ് കുറ്റവാളിയുടെ മാനസികാരോഗ്യവും ശാരീരികാരോഗ്യവും വിദഗ്ധന്മാരായ ഒരു മെഡിക്കൽ സംഘം പരിശോധിക്കണം. ശിക്ഷക്ക് വിധേയമാകാനുള്ള ശേഷി ഇല്ലെങ്കിൽ ശിക്ഷ നിർത്തി വെക്കുകയും തുടർ നടപടിക്കായി സർക്കാറിനെ അറിയിക്കുകയും വേണം. ശിക്ഷ നടപ്പാക്കിയത് നിയപ്രകാരമാണോ എന്നറിയാൻ മൃതദേഹം നിർബന്ധമായും പോസ്റ്റ്മോർട്ടം ചെയ്യുകയും വേണം.

ഈ അവസരത്തിൽ ഇസ്‌ലാം കുറ്റവാളികളോടും കുറ്റകൃത്യങ്ങളോടും അനുവർത്തിക്കുന്ന സമീപനത്തെക്കുറിച്ച് പരാമർശിക്കേണ്ടിയിരിക്കുന്നു. ഈ വിഷയത്തിൽ വളരെ യേറെ തെറ്റിദ്ധാരണകൾ നിലനിൽക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കുറ്റവാളിയെന്ന് നീതിപീഠങ്ങൾ വിധിച്ചു കഴിഞ്ഞാൽ പ്രത്യേകിച്ചും കൊല കുറ്റം ചെയ്തയാൾ യാതൊരു മാനുഷിക പരിഗണയും അർഹിക്കുന്നില്ല എന്നതായിരുന്നു പഴയ കാലത്തെ സങ്കൽപ്പം. പ്രതികാരാത്മകമായി വധശിക്ഷനടപ്പാക്കലും കഠിനമായ ദേഹപീഢയേൽപ്പിക്കലുമായിരുന്നു അക്കാലത്തെ രീതി. കുറ്റശാസ്ത്രത്തിലും ശിക്ഷാശാസ്ത്രത്തിലും മനഃശ്ശാസ്ത്രത്തിലും ആധുനിക ലോകം വളരെ യേറെ മുന്നോട്ട് പോയിരിക്കുന്നു. കുറ്റവാളിയെ സംസ്കരിച്ചും ശിക്ഷിച്ചും കുറ്റകൃത്യങ്ങൾ എങ്ങനെ ഇല്ലാതാക്കാം എന്നതിനെ സംബന്ധിച്ച് നിരവധി സൂക്ഷ്മമായ ശാസ്ത്രീയ-മാനവീയ പഠനങ്ങൾ നടന്നു കഴിഞ്ഞിട്ടുണ്ട്. ഇത്തരം വിഷയങ്ങളിലെല്ലാം ആധുനിക ലോകം പുതിയ അവബോധവും നേടിയിട്ടുണ്ട്. നിർഭാഗ്യകരമെന്ന് പറയട്ടെ അറബ് മുസ്‌ലിം ലോകം മറ്റൊല്ലാ കാര്യത്തിലുമെന്ന പോലെ ഈ വിഷയങ്ങളിലുള്ള പഠന ങ്ങളിലും വളരെ പിന്നോക്കമാണ്. സൗദി അറേബ്യയിലും അഫ്ഘാനിസ്താനിലുമുള്ള മദ്ധ്യകാല സ്ഥിതമായ ജുഡീഷ്യൽ സമ്പ്രദായവും താലീബാൻ മോഡൽ പ്രാകൃതമായ ശിക്ഷാ സമ്പ്രദായങ്ങളുമാണ് ഇസ്‌ലാമിക നീതിന്യായ വ്യവസ്ഥയും ശിക്ഷാ സമ്പ്രദായങ്ങളുമായി ലോകം കണക്കാക്കുന്നത്. വാസ്തവത്തിൽ അങ്ങേയറ്റം മാനവീയവും നീതി തത്ത്വങ്ങളില ധിഷ്ഠിതവുമായ ഇസ്‌ലാമിക സങ്കൽപ്പങ്ങളുമായി ഈ ഭരണകൂടങ്ങൾക്ക് യാതൊരു ബന്ധവുമില്ല. നമസ്ക്കരിപ്പിക്കാൻ പോലും പോലീസിനെ നിയോഗിച്ച രാജ്യമാണ് സൗദി അറേബ്യ എന്ന് നാമോർക്കണം. മതമുപേക്ഷിക്കൽ, കൊലപാതകം, ബലാത്സംഗം, സായുധകൊള്ള, മയക്ക് മരുന്ന് ഉപയോഗം, വ്യാജ പ്രവാചകത്വം, വ്യഭിചാരം, സ്വവർഗരതി, ആഭിചാരം, മന്ത്രവാദം എന്നീ കുറ്റങ്ങളാണ് സൗഊദി അറേബ്യ യിൽ വധശിക്ഷ അർഹിക്കുന്ന കുറ്റകൃത്യങ്ങൾ. വധശിക്ഷ പൊതു സ്ഥലത്ത് വെച്ച് ശിരച്ഛേദം ചെയ്തു കൊണ്ടാണ് നടപ്പാക്കുക. ഇങ്ങനെ ജനങ്ങളിലാകെ ഭീതിയും കിടിലവും സൃഷ്ടിക്കുന്നത് കൊണ്ടാണ് അവിടെ കുറ്റകൃത്യങ്ങൾ ഇല്ലാതിരിക്കുന്നത് എന്നാണ് സഊദി മോഡലിനെ വാഴ്ത്തുന്നവരുടെ നിലപാട്. സഊദി അറേബ്യ അവരുടെ ഭരണത്തിന്റെ സുസ്ഥിരതക്ക് വേണ്ടി മനുഷ്യ സ്വാതന്ത്ര്യം മുഴുവൻ ബലികഴിച്ചുകൊണ്ട് നടത്തുന്ന ഭരണം ഇസ്‌ലാമിക വ്യവസ്ഥയുടെ മാതൃകയായി ചിത്രീകരിക്കപ്പെടുന്നത് നിർഭാഗ്യകരമാണ്.

വധശിക്ഷ തന്നെ നിർത്തലാക്കണമെന്ന മുറവിളി ലോകത്താകമാനം ഉയർന്നു വരുന്ന ഒരു കാലഘട്ടമാണിത്. 58 രാജ്യങ്ങൾ വധശിക്ഷ നടപ്പിലാക്കുന്നുണ്ട്. 97 രാജ്യങ്ങളിൽ വധശിക്ഷ നിറുത്ത ലാക്കിയിട്ടുണ്ട്. ആംനസ്റ്റി ഇന്റർനാഷണലിന്റെ കണക്കനുസരിച്ച് ഭൂരിപക്ഷം രാജ്യങ്ങളും വധശിക്ഷ നിർത്തിവെച്ച രാജ്യങ്ങളാണ്. ഐക്യരാഷ്ട്ര സഭയുടെ പൊതു സഭ 2007, 2008, 2010 വർഷങ്ങളിൽ വധ ശിക്ഷക്കെതിരെ (പൂർണമായി നിറുത്തലാക്കൽ ലക്ഷ്യം വെച്ച്) നിർബന്ധമല്ലാത്ത പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്. എന്നിട്ടും ലോക ജനസംഖ്യയുടെ 60% ആളുകളും വധ ശിക്ഷ നടക്കുന്ന രാജ്യങ്ങളിലാണ് ജീവിക്കുന്നത്. എന്തായാലും വധശിക്ഷ പൂർണമായും നിർത്തലാക്കുക എന്നത് മനുഷ്യ ജീവനെ വില കുറച്ച് കാണുന്നതും മനുഷ്യ സുരക്ഷ അപകടപ്പെടുത്തുന്നതുമായ ഒരു സമീപനമായിരിക്കും. സർവകാലഘട്ടത്തിന്റേയും വികാസങ്ങളെ ഉൾക്കൊള്ളാൻ കഴിയും വിധം അദ്ഭുതകരമായ ഒരു മാർഗ നിർദേശക തത്ത്വമാണ് വിശുദ്ധ ഖുർആൻ ഇക്കാര്യത്തിൽ നൽകുന്നത്.

വിശുദ്ധ ഖുർആൻ ഒരു നിയമ പുസ്തകമല്ല. അതിലെ നിർദേശങ്ങൾ ശുഷ്ക്കമായ നിയമ രൂപങ്ങളേക്കാൾ മനുഷ്യ സമൂഹത്തിന് വഴികാട്ടുന്ന കാലാതിവർത്തിയായ മാർഗനിർദേശക തത്ത്വങ്ങളാണ്. ആ മഹൽ തത്ത്വങ്ങളുടെ ചൈതന്യം സ്വീകരിച്ച് മനുഷ്യരാണ് നീതിന്യായ നിർവഹണത്തിന് വേണ്ടി നിയമങ്ങളുണ്ടാക്കേണ്ടതും കാലോചിതം അവ പരിഷ്ക്കരിക്കേണ്ടതും. മനുഷ്യ ജീവൻ അല്ലാഹു ആദരിച്ച ഒരു അസ്തിത്വമാണെന്നും യാതൊരു കാരണവശാലും മനുഷ്യ ജീവനെഹനിക്കാൻ പാടില്ലെന്നുമാണ് ഖുർആന്റെ കർശന നിലപാട്. '***അല്ലാഹുപാവനമാണെന്ന് പ്രഖ്യാപിച്ച ജീവനെ ന്യായമായ കാരണം കൂടാതെ വധിക്കരുത്. അന്യായമായി ആരെങ്കിലും വധിക്കപ്പെടുന്നതായാൽ***

*നാം അയാളുടെ അവകാശിക്ക് (പ്രതിക്രിയ നടത്താനുള്ള) അധികാരം നൽകിയിരിക്കുന്നു. എന്നാൽ അവന്റെ പ്രതിക്രിയയിൽ അതിലംഘനം അരുത്. നിയമപരമായ പരിധിയിൽ നിന്നായിരിക്കണം (പ്രതിക്രിയ)' (17:34)* മനുഷ്യനെ കൊല്ലുന്ന കുറ്റവാളിക്ക് തതുല്യമായ ശിക്ഷ അനുഭവിക്കാനുള്ള അർഹതയുണ്ട് എന്ന് പറഞ്ഞ് കുറ്റത്തിന്റെ ഗൗരവത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ ഒരു അവബോധമുണ്ടാക്കുകയാണ് ഈ വചനത്തിൽ ചെയ്യുന്നത്.

നമ്മുടെ ബന്ധുവോ അറിയപ്പെടുന്നവരോ അല്ലാത്ത ഒരാളുടെ കൊലപാതകത്തിൽ നമ്മുടെ ധാർമിക രോഷം അത്ര പ്രകടമായില്ല എന്ന് വരാം. അക്കാരണത്താൽ കൊലയാളിക്കെതിരായ ശിക്ഷാ നടപടികളിൽ മറ്റുള്ളവർക്ക് താൽപര്യമോ വേണ്ടത്ര ശ്രദ്ധയോ ഉണ്ടായെന്നവരില്ല. വധശിക്ഷ നൽകൽ പാടേ നിർത്തലാക്കണം എന്ന ആത്യന്തിക വാദം ഉയർത്തുന്നവരെ ഈ പശ്ചാത്തലം സ്വാധീനിക്കുന്നു. ഒരു പക്ഷേ അവരുടെ സ്വന്തക്കാർ വധിക്കപ്പെട്ടാൽ ഈ സമീപനത്തിൽ മാറ്റമുണ്ടാകും. മനുഷ്യനെ സൃഷ്ടിച്ച ദൈവം ഖുർആനിൽ പറയുന്നു. '*ആരെങ്കിലും, കൊലപാതകം ചെയ്യാത്ത ഒരാളെയോ നാട്ടിൽ കുഴപ്പമുണ്ടാക്കാത്ത ആളെയോ വധിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ വധിച്ചത്പോലെയാകുന്നു.' (5:33)* ഒരാൾ വധിക്കപ്പെട്ടാൽ സമൂഹം മുഴുവനും അതിനെതിരെ ജാഗ്രത പാലിക്കണമെന്നും സമൂഹത്തെയെല്ലാവരെയും മെത്തം വധിച്ചത് പോലെയുള്ള ഒരു സാമൂഹിക പ്രശ്നമായി അതിനെ കണക്കാക്കണമെന്നുമുള്ള ബോധവത്ക്കരണമാണ് ഇവിടെ ഖുർആൻ നടത്തുന്നത്.

*'ഓ, വിശ്വാസികളെ വധിക്കപ്പെട്ടവരുടെ വിഷയത്തിൽ പ്രതിക്രിയ (ഖിസാസ്) നിങ്ങൾക്ക് നിർദേശിക്കപ്പെട്ടിരിക്കുന്നു. സ്വതന്ത്ര മനുഷ്യൻ കുറ്റക്കാരനാണെങ്കിൽ ആ സ്വതന്ത്രനോടും, അടിമയാണ് കുറ്റക്കാരനെങ്കിൽ അയാളോടും സ്ത്രീയാണ് കുറ്റക്കാരിയെങ്കിൽ അവളോടും പ്രതിക്രിയ ചെയ്യാവുന്നതാണ്. എന്നാൽ കൊലയാളിയുടെ (വധിക്കപ്പെട്ടവന്റെ) സഹോദരനിൽ (അടുത്ത ബന്ധു) നിന്നും കുറ്റക്കാർക്ക് വല്ലതും മാപ്പു ചെയ്തുകൊടുക്കുന്ന പക്ഷം ന്യായയുക്തമായ നിലയിൽ അത് സ്വീകരിക്കുകയും അവന് (മാപ്പ്നൽകുന്നവന്) നല്ല നിലയിൽ നഷ്ടപരിഹാരം കൊടുത്തു വീട്ടേണ്ടതുമാണ്. ഇതാകട്ടെ നിങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു ലഘൂകരണവും കാരുണ്യവുമത്രേ. എന്നിട്ട് അതിന് ശേഷം വല്ലവനും അതിക്രമിക്കുന്നുവെങ്കിൽ അവന് വേദനാജനകമായ ശിക്ഷയുണ്ട്. ഹേ ബുദ്ധിമാന്മാരെ ! പ്രതിക്രിയാ നിയമത്തിൽ നിങ്ങൾക്ക് ജീവിത സുരക്ഷയുണ്ട്. നിങ്ങൾ സുരക്ഷിതരാവുന്നതിന് വേണ്ടിയാകുന്നു.' (2:178,179–*The Quran Arabic Text ,Translation By-Muhammad Zafarullah Khan *)*

ഒരാൾ വധിക്കപ്പെട്ടാൽ കൊലക്ക് പകരം കൊല നടത്തുക എന്നല്ല ഖുർആൻ പറയുന്നത്. പകരം പ്രതിക്രിയയെ (*ഖിസാസ്*) കുറിച്ചാണ് പറയുന്നത്. പ്രതികാരവും (Retaliation) പ്രതിക്രിയയും (Retribution) രണ്ട് സംഗതികളാണ്. കൊലപാതക്കിക്ക് വധശിക്ഷ നൽകാൻ പാടില്ല എന്ന വാദമുയർത്തുന്നവരുടെ പക്ഷത്തല്ല ഖുർആൻ നിൽക്കുന്നത് എന്ന് വ്യക്തമാണ്. പക്ഷേ കുറ്റവാളിയോട് ഖുർആൻ കാണിക്കുന്ന സവിശേഷമായ സമീപനം സമൂഹത്തിന്റെ സുരക്ഷക്കും കുറ്റവാളിയുടെ സംസ്ക്കരണത്തിനുമുള്ള ഏറ്റവും യുക്തിപൂർണവും ഫലപ്രദവുമായ മാർഗമാണ്. നേരത്തെ പറഞ്ഞത് പോലെ കൊലക്കുറ്റത്തിന്റെ ഗൗരവത്തെ സംബന്ധിച്ചും കൊലയാളിക്ക് വധശിക്ഷവരെ ആവാമെന്നുമുള്ളതത്ത്വത്തിലേക്കും ഇവിടെ ഖുർആൻ വിരൽ ചൂണ്ടുന്നു. തുടർന്ന് സ്വതന്ത്രൻ, അടിമ, സ്ത്രീ, എന്നിങ്ങനെ കുറ്റവാളികളുടെ വർഗീകരണത്തിൽ നിന്നും ശിക്ഷ ഏകമുഖമുള്ളതല്ല എന്നും കേസിന്റെ മെറിറ്റും രീതിയും സാഹചര്യങ്ങളും പരിഗണിച്ചാണ് ശിക്ഷ വിധിക്കേണ്ടതെന്നുമാണ് സൂചിപ്പിക്കുന്നത്. ഈ ഖുർആൻ വചനം നൽകുന്ന ഏറ്റവും സുപ്രധാനമായ മാർഗനിർദേശം, ദയാ ഹർജി സമർപ്പിക്കുന്നത് സംബന്ധിച്ചാണ്. ഇന്ത്യൻ നിയമവ്യവസ്ഥയും വിശുദ്ധ ഖുർആന്റെ നിയമവ്യവസ്ഥയും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസം ഇവിടെയാണ്. ഇന്ത്യൻ ഭരണഘടനയുടെ 72(1)വകുപ്പു പ്രകാരം വധശിക്ഷക്ക് വിധിക്കപ്പെട്ട കുറ്റവാളി ദയാ ഹർജി നൽകേണ്ടത് രാഷ്ട്ര തലവനായ ഇന്ത്യൻ പ്രസിഡണ്ടിനാണ്. എന്നാൽ വിശുദ്ധ ഖുർആൻ നിർദേശിച്ച പ്രകാരം കുറ്റവാളികൾക്ക് മാപ്പ് നൽകാനുള്ള അധികാരം കൊല്ലപ്പെട്ടവരുടെ അടുത്ത ബന്ധുക്കൾക്കാണ്. നീതി പീഠം കുറ്റവാളിക്ക് വധശിക്ഷ വിധിച്ചാൽ ബന്ധുക്കൾക്ക് വേണമെങ്കിൽ നഷ്ട പരിഹാരം (Blood money) ആവശ്യപ്പെടാം അല്ലെങ്കിൽ നിരുപാധികം മാപ്പ് നൽകാം. ബുദ്ധിമാന്മാരെ അഭിസംബോധന ചെയ്ത് വിശുദ്ധ ഖുർആൻ സമർപ്പിച്ച ഈ മാർഗനിർദേശത്തിൽ മനുഷ്യന് ജീവിതവും സമൂഹത്തിന് സുരക്ഷയുമുണ്ടെന്ന് പറയുന്നു. കരുണ്യത്തിന്റെ മതമായ ഇസ്ലാം അത് കൊടും കുറ്റവാളിക്ക് പോലും ദയാപൂർവം നൽകി കൊണ്ട് സ്നേഹസാന്ദ്രമായ മനുഷ്യബന്ധം സ്ഥാപിക്കാനാണ് ശ്രമിക്കുന്നത്. രാഷ്ട്രത്തലവൻ ഔപചാരികമായി മാപ്പ് നൽകുന്നതിലുള്ള പ്രശ്നമാണല്ലോ ഇന്ത്യയിലെ പരമോന്നത കോടതിക്ക് പോലും ഇടപെടേണ്ടി വന്നത്. ഭരണഘടനാ ബാദ്ധ്യതയുടെയും സാങ്കേതികതയുടെ ബലത്തിൽ രാഷ്ട്രത്തലവൻ ഈ വിധം നൽകുന്ന മാപ്പിനേക്കാൾ മനുഷ്യ ഹൃദയത്തെ സ്പർശിക്കുന്നത് മാപ്പിനുള്ള അധികാരം കൊല്ലപ്പെട്ടയാളുടെ ബന്ധുവിന് നൽകുന്നതിലൂടെയാണ് സാധിതമാവുക. അയാൾ കാണിക്കുന്ന കാരുണ്യവും മാപ്പും

കുറ്റവാളിയിൽ അദ്ഭുതകരമായ മാറ്റങ്ങൾ സൃഷ്ടിക്കാനുള്ള ശേഷിയുണ്ട്. വധശിക്ഷക്ക് വിധിക്കപ്പെട്ട് തൂക്കുമരം കാത്തുകഴിയുന്ന ഒരു കുറ്റ വാളിക്ക് തന്റെ ഹീനകൃത്യം കൊണ്ട് തീരാനഷ്ടവും വേദനയും അനുഭവിക്കുന്ന അനന്തരാവകാശിയിൽ നിന്ന് മാപ്പ് ലഭിച്ച് ജീവിതം തിരിച്ചു കിട്ടുമ്പോൾ അയാളിലുണ്ടാകുന്ന മാനസിക പരിവർത്തനം തീർച്ചയായും നിസ്തുലമാണ്. അയാളെ അത് ഒരു പുതിയ മനുഷ്യനാക്കി മാറ്റും. രാഷ്ട്രപതി മാപ്പ് നൽകുന്ന ഔപചാരികതയുടെ ശുഷ്കതയിൽ നിന്നും കൊലയാളി തീർത്താൽ തീരാത്ത കടപ്പാടുകൾ ക്കൊണ്ട് പുതിയ മനുഷ്യനായി മാറും. '**പ്രതിക്രിയാ നിയമത്തിൽ ജീവിതമുണ്ട്**'(***വലക്കും ഫി ഖിസാസിഹയാത്ത്***) എന്ന വിശുദ്ധ ഖുർആന്റെ പ്രഖ്യാപനം എത്ര പാവനവും തത്ത്വനിർഭരവുമാണ്. ഇത്തരത്തിലുള്ള മനുഷ്യത്വ പൂർണമായ സങ്കൽപ്പങ്ങൾ കൊണ്ട് നമ്മുടെ നീതി പീഠങ്ങളും കൂടുതൽ മാനവീയമാകട്ടെ.

## വഖ്ഫെ ജദീദ് നവത്സര വിളംബരം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് (അയ്യദഹു) 2014 ജനുവരി 3 ന് നടത്തിയ ഖുത്ബയിൽ വഖ്ഫെ ജദീദിന്റെ 57-ാമത് വിളംബരം നടത്തുകയുണ്ടായി. മതവിദ്യാഭ്യാസ രംഗത്ത് വൻ പരിവർത്തനത്തിന് ലക്ഷ്യമിടുന്ന വഖ്ഫെ ജദീദിന്റെ അനുഗൃഹീത പദ്ധതിയിൽ ഒരാളും ഒഴിയാതെ ചേരാൻ ഹുസൂർ തിരുമനസ്സ് അഹ്മദികളെ ഉദ്ബോധിപ്പിക്കുകയുണ്ടായി. ഈ പദ്ധതിക്ക് കീഴിൽ അഹ്മദികൾ ചെയ്തു കൊണ്ടിരിക്കുന്ന അഭൂതപൂർവമായ സാമ്പത്തിക ത്യാഗങ്ങളെ ഹുസൂർ തിരുമനസ്സ് ഖുത്ബയിൽ അനുസ്മരിക്കുകയും വലിയ പ്രാധാന്യത്തോടെ വിവരിക്കുകയും അവർക്ക് വേണ്ടി പ്രത്യേകം പ്രാർഥിക്കുകയുണ്ടായി. വഖ്ഫെ ജദീദ് സാമ്പത്തിക ത്യാഗത്തിൽ ഇന്ത്യ 6-ാം സ്ഥാനത്തും ഇന്ത്യയിൽ സംസ്ഥാനാടിസ്ഥാനത്തിൽ കേരളം 1-ാം സ്ഥാനത്തുമെത്തി. വഖ്ഫെ ജദീദിന്റെ ധനത്യാഗത്തിൽ ഇന്ത്യയിൽ ഉന്നത സ്ഥാനത്തെത്തിയ ജമാഅത്തുകളിൽ കേരളത്തിലെ കരുളായി, കോഴിക്കോട്, കണ്ണൂർ ടൗൺ, പഴയങ്ങാടി, പത്തപ്പിരിയം, മാത്തോട്ടം എന്നീ ജമാഅത്തുകൾ ഉൾപ്പെടുന്നു.

മുഹമ്മദ് ത്വാഹിർ അഹ്മദ്
നാസിം, വഖ്ഫെ ജദീദ്
അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, ഭാരത്

# അനുസ്മരണം

### യു. ഹലീമ സാഹിബ

മഞ്ചേശ്വരം ജമാഅത്തിലെ ആദ്യകാല അഹ്മദിയായിരുന്ന അഹ്മദ് കുഞ്ഞിസാഹിബിന്റെ മകളും മർഹും കെ. പി. അബൂബക്കർ സാഹിബിന്റെ പത്നിയുമായിരുന്ന യു. ഹലീമ സാഹിബ (72) ഡിസംബർ 5 ന് വഫാത്തായി. (ഇന്നാലില്ലാഹി..). ആദ്യകാല അഹ്മദികൾ നേരിട്ടിട്ടുള്ള പരീക്ഷണങ്ങൾക്കെല്ലാം സാക്ഷിയായ മർഹൂമ അഹ്മദിയ്യത്തിൽ അടിയുറച്ച്നിൽക്കുകയും സന്താനങ്ങളെ എല്ലാം അഹ്മദിയ്യത്തിന്റെ തണലിൽ വളർത്തുകയും ചെയ്തു. നൂറുദ്ദീൻ, സഫറുല്ലാഹ് (സൗദി അറേബ്യ) ബശീർ അഹ്മദ്, സത്താർ (സൗദി അറേബ്യ) ബുഷിറ, ഷാക്കിറ എന്നിർ മക്കളും ബശീർ (മടിക്കേരി) ഷഫീഖ് (കണ്ണൂർ സിറ്റി) സഫിയ റശീദ എന്നിവർ മരുമക്കളുമാണ്. അല്ലാഹു മർഹൂമക്ക് മഗ്ഫിറത്തും ജന്നത്തും നല്കി അനുഗ്രഹിക്കട്ടെ

- ബശീർ അഹ്മദ്, മഞ്ചേശ്വരം

www.alislam.org

### സി.കെ. സഫറുല്ലാഹ് സാഹിബ്

എറണാകുളം: ഫസ്‌ലെ ഉമർ എജ്യുക്കേഷണൽ ബോർഡ് ഫൈനാൻസ് കമ്മിറ്റി അംഗവും എറണാകുളം ജമാഅത്തിന്റെ ജായ്ദാദ് സെക്രട്ടറിയുമായ തടത്തിൽ സി.കെ സഫറുല്ലാഹ് സാഹിബ് (62) ജനുവരി 30-ാം തീയതി രാവിലെ ഹൃദയാഘാതത്തെ തുടർന്ന് വഫാത്തായി (ഇന്നാ ലില്ലാഹി..). പ്രസന്നമായ മുഖഭാവം കൊണ്ടും മൃദുവായ സംസാരരീതി കൊണ്ടും ആരെയും തന്റെ സുഹൃദ്‌വലയത്തിലാക്കാൻ കഴിവുള്ള വ്യക്തിയായിരുന്നു അദ്ദേഹം. മുൻ ഹൈക്കോടതി മജിസ്ട്രേറ്റായിരുന്ന കുഞ്ഞിമുഹമ്മദ് സാഹിബിന്റെയും പരേതയായ ബീവി സാഹിബയുടെയും നാല് മക്കളിൽ മൂത്ത മകനായിരുന്ന അദ്ദേഹം 1991 ലാണ് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചത്. വിവിധ ജില്ല



സി.കെ. സഫറുല്ലാഹ്

കളിൽ ബാങ്ക് ഉദ്യോഗസ്ഥനായി പ്രവർത്തിച്ചിരുന്നപ്പോഴെല്ലാം അവിടങ്ങളിലെ ദീനീ പ്രവർത്തനങ്ങളിൽ നിറഞ്ഞ സാന്നിധ്യമായിരുന്നു അദ്ദേഹം. ഫോർട്ട്കൊച്ചി ജമാഅത്തിൽ മാൽ സെക്രട്ടറിയായും കൊടുങ്ങല്ലൂരിൽ മാൽ സെക്രട്ടറിയും അൻസാറുല്ലാഹ് സയീമായും പ്രവർത്തിച്ചിട്ടുണ്ട്. സത്യദൂതൻ മാസികയുടെ അഭ്യുദയ കാംക്ഷിയായിരുന്ന സഫറുല്ലാഹ് സാഹിബ് മാസിക എറണാകുളത്ത് നിന്ന് തപാലിൽ അയക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ നിരന്തരം മുഴുകുമായിരുന്നു. ജമാഅത്തിന്റെ പരിപാടികൾ നടക്കുമ്പോഴെല്ലാം ഭക്ഷണം ഒരുക്കുന്നതിൽ പ്രത്യേകം താൽപര്യം പ്രകടിപ്പിച്ചിരുന്നു. തബ്ലീഗ് രംഗത്തും രക്തദാനം പോലെയുള്ള സൃഷ്ടിസേവന പ്രവർത്തനങ്ങളിലും സജീവമായിരുന്നു അദ്ദേഹം. ഭർത്താവിനേക്കാൾ മുമ്പേ ബയ്അത്ത് ചെയ്യാൻ ഭാഗ്യം ലഭിച്ച എറണാകുളം ലജ്ന പ്രസിഡന്റ് മുംതാസ് സാഹിബയാണ് ഭാര്യ. മക്കൾ: സുറുമിയ, മൊയ്തീൻ ബാബു, മുഹമ്മദ് ഇസ്ഹാഖ്, മുഹമ്മദ് ലൂത്ത്. മരുമക്കൾ: മുസഫർ, ബനാസിയ, നിശാന. അല്ലാഹു പരേതന് മഗ്ഫിറത്തിൽ ഉന്നതമായ സ്ഥാനങ്ങൾ നൽകി അനുഗ്രഹിക്കുമാറാകട്ടെ. കുടുംബാംഗങ്ങൾക്ക് ക്ഷമയും ദീനീ പ്രവർത്തനങ്ങളിൽ കൂടുതൽ സജീവമാകുന്നതിനുള്ള തൗഫീഖും നൽകുമാറാകട്ടെ. ആമീൻ

ബി.എ. മുഹമ്മദ് നജീബ്,
എറണാകുളം




കേരള സന്ദർശനം നടത്തിയ പലസ്തീൻ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അമീർ മുഹമ്മദ് ശരീഫ് ഔദ സാഹിബിന് എറണാകുളം മസ്ജിദ് ഉമറിൽ സ്വീകരണം നടത്തിയപ്പോൾ. ഐമൻ മാലിക്കി , ഹാനി താഹിർ, ജില്ലാ അമീർ പി. കെ. ശാഹുൽ ഹമീദ്, നാസിം അൻസാറുല്ലാഹ് പി. പി. നസിമുദ്ദീൻ എന്നിവർ സമീപം




കരുനാഗപ്പള്ളിയിൽ നടന്ന കൊല്ലം ജില്ലാ സമ്മേളനം മൗലവി എം. നാസിർ അഹ്മദ് ഉദ്ഘാടനം ചെയ്യുന്നു.




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ റിഫ്രഷർ കോഴ്സ് എറണാകുളം ജില്ലാ അമീർ പി. കെ. ശാഹുൽ ഹമീദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. എ. അബ്ദുൽ റശീദ്, ഇ.എച്ച് നജീബ്, മൗലവി എസ്. എം. ബശീർ, മൗലവി ടി. അമീറുദ്ദീൻ സാജിദ് എന്നിവർ സമീപം

**Published on 7 February 2014**

Vol: 86 Issue.**1**
Price Rs. **20/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
Licence No. KL/CR/EKM/WPP-21/2012-14
Licensed to Post Without Prepayment
**The Sathyadoothan Monthly**




ഉടൻ പ്രകാശനം ചെയ്യുന്നു.

# ഇസ്‌ലാമും സമകാലീനപ്രശ്നങ്ങളും

Islam's Response to Cotemporary Issues
എന്ന വിഖ്യാത കൃതിയുടെ പരിഭാഷ

ഗ്രന്ഥകർത്താ
**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
(ഖലീഫത്തുൽ മസീഹ് നാലാമൻ)
വിവ: എ. എം മുഹമ്മദ് സലീം
**പ്രസാ: മജ്‌ലിസ് അൻസാറുല്ലാഹ്, കേരള**

## പുസ്തക പ്രകാശനവും സെമിനാറും

2014 മാർച്ച് 5ന് ബുധൻ, വൈകു: 5 മണിക്ക് കോഴിക്കോട്, ടൗൺഹാളിൽ

**വിഷയം: ഇസ്‌ലാമും സമകാലീനപശ്നങ്ങളും**

**കേരളത്തിലെ പ്രമുഖ സാംസ്കാരിക പ്രവർത്തകരും എഴുത്തുകാരും പങ്കെടുക്കുന്നു.**
**എല്ലാവർക്കും സ്വാഗതം**
**മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാനകമ്മിറ്റി, കേരള.**

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി**
**കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** Toll Free (9 am to 9 pm)